# വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 05 | 2022 നവംബർ

VEDAPRACHARA MADHYASTHAN

Price Rs. 25/- Annual Subscription Rs. 300/-

Malayalam Monthly




The official organ of the Archeparchy of Changanacherry

# ആശംസകൾ




ചങ്ങനാശേരി അതിരൂപതയുടെ
സിഞ്ചെല്ലൂസുമാരായി നിയമിതരായിരിക്കുന്ന
**വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ**
**വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ**
എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 05 ● നവംബർ 2022

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

## ഉള്ളടക്കം

സർക്കുലർ (22 Ch. 277-358 ) ..... 05
സർക്കുലർ (22 Ch. 278-359) ..... 09
കച്ചേരിക്കാര്യം ..... 12
5-ാമത് ചങ്ങനാശേരി അതിരൂപതാ മഹായോഗം - റിപ്പോർട്ട് ..... 16
മെത്രാഭിഷേക റിപ്പോർട്ട് ..... 21
അനുസ്മരണം (കോക്കാട്ട് ബഹു. കുരുവിള അച്ചൻ) ..... 22
PR - ജാഗ്രതാസമിതി ..... 25
MAC (Media Apostolate Changanacherry) ..... 26
സന്ദേശനിലയം ..... 27
ചെറുപുഷ്പ മിഷൻലീഗ് ..... 30
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ..... 33
ഫാമിലി അപ്പോസ്തലേറ്റ് ..... 39
യുവദീപ്തി - SMYM ..... 42
KCSL ..... 43
CARP ..... 44
CHASS ..... 46
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 60
TAASC ..... 61
DFC ..... 62
ആതുരശുശ്രൂഷാമേഖല ..... 65
പ്രവാസി അപ്പോസ്തലേറ്റ് ..... 68
KLM ..... 69
AKCC ..... 71
ആത്മതാകേന്ദ്രം ..... 73
DCMS ..... 75
ലീജിയൻ ഓഫ് മേരി ..... 76
SFO ..... 77
വിൻസെൻഷ്യൻ വേദി ..... 79
ചാരിറ്റി വേൾഡ് ട്രസ്റ്റ് ..... 81
കരിസ്മാറ്റിക് നവീകരണം ..... 83
പൗരോഹിത്യ ആദ്ധ്യാത്മികത ..... 84
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ..... 90
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS ..... 97

Annual Subscription: Rs. 300/-

സർക്കുലർ

22 Ch. 277-358

# അജപാലനശുശ്രൂഷ കൂടുതൽ സിനഡാത്മകമാകുന്നതിന്

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈ സർക്കുലറിലെ കാര്യങ്ങൾ നിങ്ങളെല്ലാവരും ശ്രദ്ധിച്ചു മനസിലാക്കണമെന്നും, ഓരോരുത്തരുടെയും പദവിക്കും ലഭിച്ചിരിക്കുന്ന നിയോഗങ്ങൾക്കുമനുസരിച്ച് ആത്മാർത്ഥമായി സഹകരിച്ചു നടപ്പിലാക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു. സഭ അഗാധമായ ഒരു കൂട്ടായ്മയാണെന്നും കർമ്മോത്സുകതയോടെ ഒരുമിച്ചു യാത്രചെയ്ത് ചുമതലകൾ നിർവഹിച്ചുകൊണ്ട് ലക്ഷ്യം നേടേണ്ടതാണെന്നുമുള്ള സന്ദേശം സഭയിലാകമാനം ഇന്ന് ചർച്ച ചെയ്യപ്പെടുകയാണ്. സഭയുടെ ചിന്തയും ജീവിതവും പ്രവർത്തനങ്ങളും സിനഡാത്മകമാകണമെന്നു പറയുന്നതിന്റെ അർത്ഥമതാണ്. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നിവയിൽ ഊന്നിനിന്നുകൊണ്ട് ഒരുമിച്ചു യാത്ര ചെയ്യുന്ന ഒരു സ്നേഹസമൂഹമാകുമ്പോഴാണ് സഭ സിനഡാത്മകമാകുന്നത്. അടുത്തവർഷം റോമിൽ നടക്കുന്ന സിനഡിന്റെ മുഖ്യവിഷയമാണിത്.

ഇക്കഴിഞ്ഞ ഒക്ടോബർ 12 മുതൽ 30 വരെ തായ്‌ലന്റിലെ ബാങ്കോക്കിൽ സമ്മേളിച്ച ഏഷ്യയിലെ 29 രാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാരുടെ പ്രതിനിധികളും ഇതര പ്രതിനിധികളും ചർച്ച ചെയ്ത മുഖ്യവിഷയവും ഇതുതന്നെയായിരുന്നു. 'കേരളസഭാനവീകരണം' എന്ന പേരിൽ കേരളത്തിലെ മൂന്നു കത്തോലിക്കാസഭകൾ ഏകോപിച്ചു നടത്തുന്ന ത്രിവത്സര (2022–23) നവീകരണപ്രവർത്തനങ്ങളും ലക്ഷ്യംവയ്ക്കുന്നത് എല്ലാ തലങ്ങളിലുമുള്ള ജീവിതനവീകരണത്തിലൂടെ കേരളസഭയിൽ ഒരു ആത്മീയ നവോത്ഥാനം സംജാതമാക്കുക എന്നതാണ്. ''സഭ മിശിഹാ

യിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം'' എന്നതാണ് ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. മിശിഹായാകുന്ന പാറയിൽ ഉറപ്പിക്കപ്പെട്ട് പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഏകഭവനമായി സഭ നിലകൊള്ളണം. ദൃഢമായ സ്നേഹബന്ധത്തിൽ നിലകൊള്ളുന്ന കൂട്ടായ്മയാകണം സഭയിലെല്ലാവരും. ഒരു കല്ലുപോലും ഇളകിപ്പോകാത്ത ഭവനംപോലെ എല്ലാവരെയും ചേർത്തുപിടിക്കുന്ന ഒരു നല്ല അമ്മയായി മിശിഹായുടെ ശരീരമായ സഭ രൂപപ്പെടണം.

വൈവിധ്യമാർന്ന വസ്തുക്കൾകൊണ്ടാണ് പണിയപ്പെടുന്നതെങ്കിലും അവയെല്ലാം ചേർന്ന ഏകഭവനമായിരിക്കുന്നതുപോലെ, സഭയിൽ വൈവിധ്യം ഉണ്ടെങ്കിലും സ്നേഹത്തിലും ഐക്യത്തിലും സഭയോടു ചേർന്ന് ഏക രക്ഷകനായ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നതാണ് സഭയിൽ എല്ലാവരുടെയും ദൗത്യം. ആരും അതിൽനിന്ന് വിട്ടുനിൽക്കാനിടയാകരുത്, ആരും ആരെയും ഒറ്റപ്പെടുത്തുകയുമരുത്. പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാകണം എല്ലാ തലങ്ങളിലും സഭ.

നമ്മുടെ അതിരൂപതയെ ഇത്തരമൊരു കൂട്ടായ്മയായി പടുത്തുയർത്താനുള്ള പരിശ്രമങ്ങളാണ് നമ്മൾ നിരന്തരം നടത്തിവരുന്നത്. അതു കൂടുതൽ ഫലപ്രദമാക്കാൻ കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മൾ ശ്രമിക്കുകയായിരുന്നു. പഞ്ചവത്സര അജപാലനപദ്ധതിയുടെ ലക്ഷ്യം അതായിരുന്നു. അതിന്റെ സമാപനത്തിലേക്കു നാമെത്തുകയാണ്. നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷാചരണത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപരിപാടികൾ നമ്മുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളിൽനിന്നു ചൈതന്യമുൾക്കൊണ്ട് ഒരുമിച്ച് യാത്രതുടരാൻ നമുക്കു ശക്തി പകരുന്നതാണ്.

സിനഡാത്മകസഭയുടെ, ഒരുമിച്ച് യാത്ര ചെയ്യുന്ന സഭയുടെ ജീവിതശൈലിയും പ്രവർത്തനസംവിധാനങ്ങളും പൗരാണികകാലം മുതലേ നമ്മുടെ സഭയിൽ നിലവിലിരിക്കുന്നതാണ്. നമ്മുടെ പള്ളിയോഗങ്ങൾ അതിനു മകുടോദാഹരണമാണ്. എങ്കിലും എല്ലാവരുടെയും സജീവ പങ്കാളിത്തം യാഥാർത്ഥ്യമാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ഇക്കഴിഞ്ഞ ഒക്ടോബർ ആദ്യവാരത്തിൽ നടന്ന അതിരൂപതാമഹായോഗം സംഘടിപ്പിച്ചത് അതിരൂപതാകുടുംബം മുഴുവന്റെയും പരമാവധി പങ്കാളിത്തം ലക്ഷ്യംവച്ചായിരുന്നു. അതിനുവേണ്ടിയുള്ള തയ്യാറെടുപ്പിൽ അതിരൂപതയിലെ എല്ലാ വിഭാഗങ്ങളിലും പെട്ടവരെ കേൾക്കാനും

ആശയവിനിമയം നടത്താനും നടപടികൾ സ്വീകരിച്ചിരുന്നു. മഹായോഗത്തിന്റെ അജണ്ട രൂപപ്പെട്ടത് അങ്ങനെയാണ്.

അതിരൂപതാകുടുംബത്തിലെ എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്ത മഹായോഗത്തിൽ തുറന്ന ചർച്ചകൾക്കും ആശയവിനിമയങ്ങൾക്കും അവസരമൊരുക്കി. അതിരൂപതയിലെ ദൈവജനം മുഴുവന്റെയും സ്വരമാണ് അവിടെ മുഴങ്ങിയത്. അതിരൂപതയാകുന്ന പ്രാദേശികസഭ എല്ലാക്കാര്യങ്ങളിലും ഒരുമിച്ചുയാത്രചെയ്യുന്ന സിനഡാത്മകസഭയാകുന്നതിന്, അജപാലനശുശ്രൂഷയിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

കഴിഞ്ഞ ജനുവരിമാസത്തിൽ പ്രസിദ്ധീകരിച്ച സർക്കുലറിൽ പറഞ്ഞിരിക്കുന്നതുപോലെ കുടുംബക്കൂട്ടായ്മാടിസ്ഥാനത്തിൽ അതിരൂപതയിലെ എല്ലാ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും രൂപീകരണവും പ്രവർത്തനങ്ങളും ഡിസംബർ-ജനുവരി മാസങ്ങളിലായി തെരഞ്ഞെടുപ്പ് പൂർത്തിയാക്കി പുനർക്രമീകരിക്കുക. ഓരോ വിഭാഗത്തിലുംപെട്ടവരെല്ലാവരും അതാതുപ്രസ്ഥാനങ്ങളിൽ സജീവപങ്കാളികളാകാൻ താല്പര്യം കാണിക്കണം. ആരും മാറിനിൽക്കരുത്. ഇക്കാര്യങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട ഡയറക്ടറച്ചന്മാർ നല്കിയിരിക്കുന്നത് എല്ലാവരും മനസ്സിലാക്കി പ്രാവർത്തികമാക്കേണ്ടതാണ്.

ദൈവവചനാധിഷ്ഠിതമായ ജീവിതമാണ് ഈശോയുടെ അനുയായികൾ നയിക്കേണ്ടത്. അതിനു പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് 'നൂറുമേനി-വചനം ഹൃദയത്തിലും ജീവിതത്തിലും' എന്നത്. ഓരോ കുടുംബവും ഒരുമിച്ചു വചനം ഹൃദിസ്ഥമാക്കുന്നത് കുടുംബത്തിൽ സ്നേഹവും കൂട്ടായ്മയും വളർത്തുകയും കുടുംബവിശുദ്ധീകരണത്തിനു സഹായിക്കുകയും ചെയ്യും.

സഭയുടെ പ്രവാചകശബ്ദമെന്ന നിലയിലും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന മാധ്യമമെന്നനിലയിലും ദീപികപ്പത്രത്തെ ശക്തിപ്പെടുത്താൻ എല്ലാ ഭവനങ്ങളിലും ദീപികയ്ക്കു സ്ഥാനം ലഭിക്കുന്നതിനുള്ള പരിശ്രമങ്ങളെയും എല്ലാവരും പിന്തുണയ്ക്കണമെന്നഭ്യർത്ഥിക്കുന്നു. നവംബർമാസം നടത്തുന്ന ദീപിക പ്രചാരണത്തിൽ എല്ലാ ഇടവകകളും സജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിൽ നാമെല്ലാവരും ഒരു കുടുംബമാണെന്നുള്ളത് അനുഭവമാകത്തക്കവിധം യാതൊരു വിവേചനവും കൂടാതെ എല്ലാവരും പരസ്പരം സ്നേഹത്തോടെ വർത്തിക്കാൻ ഇടയാകണം. നമ്മുടെ അതിരൂപതയിൽ ദളിത്, നാടാർ, കമ്മാളർ വിഭാഗങ്ങളിൽപ്പെട്ട സഹോ

ദരങ്ങളുമുണ്ട്. അംഗസംഖ്യയിൽ ചെറുതാണെങ്കിലും ഒരുവിധത്തിലും അവർ അവഗണിക്കപ്പെടാനോ അകറ്റിനിർത്തപ്പെടാനോ ഇടയാകരുത്.

ആത്മീയമായി നവീകരിക്കപ്പെട്ടും ഏകമനസ്സോടെയും മിശിഹായ്ക്കു സാക്ഷ്യംവഹിക്കാൻ നമുക്ക് ഒന്നുചേരാം, ഒരുമിച്ചു നടക്കാം. നമ്മുടെ പരിശ്രമങ്ങൾ വിജയിക്കാൻ കർത്താവിന്റെ കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**NB:** *ഈ സർക്കുലർ 2022 നവംബർ 06-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## സർക്കുലർ

**22 Ch. 278-359**

# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടിയുടെ അതിരൂപതാതല സമാപനം

ഈശോമിശിഹായിൽ പ്രിയബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിലെ എടത്വാ-കോയിൽമുക്ക് സെന്റ് ജോർജ് ഫൊറോനാ പള്ളി ഇടവകാംഗമായിരുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടിയുടെ അതിരൂപതാതല അന്വേഷണം സമാപിക്കുന്നു എന്ന വിവരം എല്ലാവരെയും സന്തോഷപൂർവ്വം അറിയിക്കുന്നു. 114 വർഷങ്ങൾക്കു മുമ്പ് ദൈവസന്നിധിയിലേക്കു യാത്രയായ അദ്ദേഹത്തിന്റെ നാമകരണനടപടികൾ ആരംഭിക്കുന്നതിനായി അതിരൂപതാദ്ധ്യക്ഷനു വിവിധ അപേക്ഷകൾ ലഭിക്കുകയുണ്ടായി. മൂന്നാംസഭയുടെ നേതൃത്വത്തിൽ എടത്വാ പള്ളിയും ദൈവദാസനുമായി ഉത്ഭവത്തിൽ തന്നെ ബന്ധമുണ്ടായിരുന്ന FCC, SABS സന്യാസിനീ സമൂഹങ്ങളും അപേക്ഷകൾ സമർപ്പിച്ചിരുന്നു. ഇതിന്റെ ഫലമായി 2011 ഒക്ടോബർ 20 ന് എടത്വാ പള്ളിയിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് കപ്പൂച്ചിൻ സമൂഹാംഗമായ പുതിയിടം ബഹു. സിബിയച്ചനെ നാമകരണനടപടികളുടെ പോസ്റ്റുലേറ്ററായി നിയമിച്ചു. അദ്ദേഹം ദൈവദാസനെക്കുറിച്ചു പ്രാഥമികപഠനം നടത്തി അതിരൂപതാതല അന്വേഷണത്തിനുള്ള *Supplex Libellus* എന്ന അപേക്ഷ എനിക്കു സമർപ്പിച്ചു. ഞാൻ അപേക്ഷ പഠിച്ചതിനുശേഷം സീറോമലബാർ സിനഡിന്റെയും വത്തിക്കാനിലെ വിശുദ്ധരുടെ നാമകരണത്തിനായുള്ള കാര്യാലയത്തിന്റെയും അനുമതിയോടെ അതിരൂപതാതല അന്വേഷണത്തിനായുള്ള കോടതി (Tribunal) രൂപീകരിച്ചു. നമ്മുടെ അതിരൂപതയുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് 2011-12 വർഷം നമ്മൾ അത്മായരുടെ വർഷമായി ആചരിച്ചത് നിങ്ങളേവരും ഓർമിക്കുന്നുണ്ടാവുമല്ലോ. ദൈവ

പരിപാലനയുടെ ഭാഗമായി അതേവർഷം 2012 ജൂൺ 29-ന് എടത്വാ പള്ളിയിൽ നാമകരണനടപടിക്കായുള്ള അതിരൂപതാതല കോടതിയുടെ ഉദ്ഘാടനം നടത്തുവാൻ സാധിച്ചു.

ഒരു നൂറ്റാണ്ട് മുമ്പ് ദൈവസന്നിധിയിലേക്കു പോയ ദൈവദാസനെ കുറിച്ചുള്ള അന്വേഷണം വളരെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. എങ്കിലും ദൈവദാസന്റെ ജീവിതവിശുദ്ധിയുടെ സാക്ഷ്യങ്ങൾ കണ്ടെത്തുവാൻ സാധിച്ചുവെന്നത് ദൈവനിയോഗവും പരിപാലനയുമാണ്.

വളരെ ദൈർഘ്യമേറിയ നാമകരണനടപടിയുടെ അതിരൂപതാതല ഘട്ടത്തിലെ സമാപനവും തുടർന്ന് എല്ലാ രേഖകളും വത്തിക്കാനിലെ വിശുദ്ധരുടെ നാമകരണത്തിനുള്ള കാര്യാലയത്തിലേക്ക് അയക്കുന്ന നടപടിയും 2022 ഡിസംബർ 3-ന് എടത്വാ പള്ളിയിൽ രാവിലെ 9 മണിക്കുള്ള പരിശുദ്ധ കുർബാനയ്ക്കുശേഷം നടത്തുന്നതാണ്. അതിരൂപതാതല അന്വേഷണത്തിന്റെ രേഖകൾ റോമിലെത്തിയശേഷം റോമൻ തലത്തിലുള്ള നാമകരണ നടപടികളുടെ അടുത്ത ഘട്ടം ആരംഭിക്കുന്നതാണ്.

രണ്ടാം മിശിഹാ എന്നറിയപ്പെടുന്ന അസീസ്സിയിലെ വി. ഫ്രാൻസിസ് അത്മായർക്കുവേണ്ടി സ്ഥാപിച്ച മൂന്നാംസഭ അനേകം അത്മായ വിശുദ്ധരെ ആഗോളസഭയ്ക്കു സമ്മാനിച്ചിട്ടുണ്ട്. വി. ഫ്രാൻസിസ് അസീസ്സിയുടെ മൂന്നാംസഭയിൽ അംഗമാവുകയും കേരളസഭയിൽ ഫ്രാൻസിസ്കൻ മൂന്നാംസഭ സ്ഥാപിക്കുകയും ചെയ്ത വ്യക്തിയാണ് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ. രണ്ടാം വത്തിക്കാൻ കൗൺസിൽ അത്മായരുടെ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചു പഠിപ്പിക്കുന്നതിന് ഒരു നൂറ്റാണ്ട് മുമ്പ് ജീവിതത്തിലൂടെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട്, കേരള കത്തോലിക്കാസഭയിൽ ആധ്യാത്മിക ഉണർവു നൽകിയ ദൈവദാസൻ, ഫ്രാൻസിസ്കൻ മൂന്നാംസഭയിലേക്ക് അനേകരെ ആകർഷിച്ചു. അനുസരണയുള്ള സഭാമകനായി ജീവിച്ച് വാർഷികധ്യാനങ്ങൾക്ക് അത്മായരെ ഒരുക്കുന്നതിനായി മാന്നാനം കൊവേന്തയിലെ അച്ചന്മാരെ സഹായിച്ചു. അനുയായികളുമൊത്ത് നോമ്പുകാലങ്ങളിൽ വനത്തിൽപോയി ഉപവസിക്കുകയും ധ്യാനിക്കുകയും ചെയ്തു. തൊട്ടുകൂടായ്മയിൽ അകറ്റപ്പെട്ടിരുന്ന ദളിതരുടെ വീടുകളിൽ പോയി സുവിശേഷം പ്രസംഗിക്കുകയും അവരെ വിശ്വാസജീവിതത്തിലേയ്ക്ക് ആനയിക്കുകയും ചെയ്തു. രോഗികളെ ശുശ്രൂഷിക്കുകയും കലഹങ്ങളിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളെ രമ്യതയിൽ എത്തിക്കുകയും ചെയ്തു. മദ്യപന്മാരെ മാനസാന്തരത്തിലേക്കു നയിച്ചു. കേരളത്തിലെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെ സമൂഹമായ FCC

കോൺഗ്രിഗേഷന് വിത്തുപാകി. SABS കോൺഗ്രിഗേഷന് ആദ്യകാല സഹായിയായി വർത്തിച്ചു. ദൈവദാസൻ കടന്നുപോയ സുവിശേഷ പ്രഘോഷണമേഖലകൾ ഇങ്ങനെ നിരവധിയാണ്. ദൈവദാസന്റെ നാമ കരണ നടപടികൾ പുരോഗമിക്കുമ്പോൾ അത് ദൈവദാസനെക്കുറിച്ചു കൂടുതൽ അറിയാനും ഭാരത സഭാമക്കൾക്കെല്ലാവർക്കും പ്രത്യേകിച്ച് കുടുംബസ്ഥരായ അത്മായർക്ക് തികച്ചും മാതൃകാപരവും വിശുദ്ധിയി ലേയ്ക്കു വളരാൻ പ്രചോദനവുമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്ഥാപിച്ച ഫ്രാൻസി സ്കൻ മൂന്നാംസഭ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകരിക്കുന്നത് ഉചിതമായിരിക്കും. അതിന് ബഹു. അച്ചന്മാർ ആവശ്യമായ പ്രോത്സാ ഹനം നൽകണം. അതിനായി കപ്പൂച്ചിൻ സന്യാസസമൂഹത്തിലെ വൈദി കരായ പറുശ്ശേരി ബഹു. മൈക്കിൾ അച്ചന്റെയും പുതിയിടം ബഹു. സിബിയച്ചന്റെയും സഹായം ലഭിക്കുന്നതാണ്. ആവശ്യപ്പെടുന്നയിട ങ്ങളിൽ പുത്തൻപറമ്പിൽ തൊമ്മച്ചനെക്കുറിച്ചുള്ള ചരിത്രപഠനക്ലാസ് നടത്തുന്നതിന് ബഹു. വൈദികരുടെ സഹായം ലഭിക്കുന്നതായിരിക്കും.


ഡിസംബർ മൂന്നാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് ദൈവ ദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികളുടെ അതി രൂപതാതല സമാപനത്തിൽ നടത്തപ്പെടുന്ന പരിശുദ്ധ കുർബാനയിലും തുടർന്നുള്ള സമ്മേളനത്തിലും എല്ലാ ഫൊറോനാ വികാരിമാരും ഫ്രാൻ സിസ്കൻ മൂന്നാംസഭയിലെ എല്ലാ അംഗങ്ങളും എടത്വാ ഫൊറോനാ യുടെ കീഴിലുള്ള ഇടവകകളിലെ എല്ലാ വൈദികരും സമർപ്പിതരും സാധിക്കുന്നിടത്തോളം ദൈവജനവും എടത്വാ ഇടവകയിലെ വൈദി കരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ആഴമായ ആദ്ധ്യാത്മികതയിലും വീരോചിതമായ വിശുദ്ധിയിലും ജീവിച്ച ദൈവദാസന്റെ വിശുദ്ധി ആഗോളസഭയിൽ പ്രകാശിതമാകുന്ന തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: ഈ സർക്കുലർ 2022 നവംബർ 20-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I
## TRANSFERS & APPOINTMENTS

| Rev. Frs. | Transferred from | Transferred to |
|---|---|---|
| Elanjiparampil Varghese | | Acting Vicar, Pallathuruthy |
| Kakkaparampil Antony | | Acting Vicar, Thazhathangady (addl) |
| Kalayil Varghese | Punnamada | Relieved |
| Madelil Nobin CMI | Puthuppally | Relieved |
| Mancherikalam Sebastian (Jr) | Kesavadasapuram | Vicar, Rajagiri; Manager, Good Samaritan Hospital & Estate, Amboori; Secretary TAASC |
| Mattathil Joseph | | Acting Vicar, Punnamada |
| Moonnattinmugham Mathew | Secretary TAASC | Relieved |
| Mukalel Jenty CMI | | Vicar, Puthuppally-Poomattom |
| Poovatholil Joseph | Mariyapuram | BP Ed, Moolamattam (Study) |
| Pulickal Mathew | | Parochial Vicar, Athirampuzha |
| Puthuvelil Varghese | Thirumala | Priest in charge, Kesavadasapuram |
| Thekkedath Kuriakose | Rajagiri, Good Samaritan Hospital & Estate, Amboori | Vicar, Thirumala |
| Vengasserry Joseph | | Priest in charge, Mariyapuram |

## II
## വൈദികസമ്മേളനം

ഈ വർഷത്തെ രണ്ടാം വൈദികസമ്മേളനം *(Presbyterium)* 2022 നവംബർ 2-ാം തീയതി (ബുധൻ) ചങ്ങനാശേരി സെന്റ് മേരീസ് മെത്രാ

പ്പോലീത്തൻ ദൈവാലയത്തിന്റെ പാരീഷ് ഹാളിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട ഈ സമ്മേളനം രാവിലെ 09.45 ന് ആരംഭിക്കും. ഉച്ചകഴിഞ്ഞ് 02.15 ന് അഭി. മാർ തോമസ് പാടിയത്ത് പിതാവിന് അനുമോദനങ്ങൾ അർപ്പിക്കുവാൻ അതിരൂപതാ പ്രതിനിധികളുടെ ഒരു സമ്മേളനവും ക്രമീകരിക്കുന്നതാണ്.

## III
## മാർ തോമസ് പാടിയത്ത് പിതാവിനു സ്വീകരണം

ഷംഷാബാദ് രൂപതാ സഹായമെത്രാനായി അഭിഷിക്തനായ നമ്മുടെ അതിരൂപതാംഗം മാർ തോമസ് പാടിയത്ത് പിതാവിനു മാതൃഅതിരൂപതയുടെ പ്രാർത്ഥനകളും ആശംസകളും നേരുവാൻ 2022 നവംബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദേവാലയത്തിൽ ഒരു സമ്മേളനം നടത്തുന്നു. എല്ലാ ഇടവകകളിൽനിന്നും ബഹു. വൈദികരെ കൂടാതെ ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, മറ്റു പ്രതിനിധികൾ എന്നിവരുൾപ്പെടെ 5 പേർ അനുമോദനസമ്മേളനത്തിൽ എത്തിച്ചേരേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഇടവകകളിൽ നടത്തേണ്ടതാണ്.

## IV
## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം


1. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാകരപദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽ നല്കുന്ന മാർ തെയഡോറിന്റെ കൂദാശക്രമം മംഗളവാർത്തക്കാലം മുതൽ ഓശാന ഞായർ വരെയാണ് പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ട് മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.
2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.
3. നാലാം ഗ്ഹാന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമികൻതന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണമായും ചൊല്ലേണ്ടതാണ്.

## V
## വിവാഹാഘോഷങ്ങൾക്കു മുടക്ക്

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്കമായി നടത്തുന്ന ഇരുപത്തഞ്ചുനോമ്പു കാലഘട്ടത്തിൽ (ഡിസംബർ 1 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്കു മുടക്കമാണെന്നു ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

❍

# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികളുടെ അതിരൂപതാതല സമാപനം



ഈശോയിൽ പ്രിയമുള്ളവരേ,

2012 ജൂൺ 29 ന് എടത്വാ - കോയിൽമുക്ക് സെന്റ് ജോർജ് ഫൊറോനാ ദേവാലയത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടികൾക്കായി രൂപീകരിച്ച അതിരൂപതാ കച്ചേരിയുടെ പ്രവർത്തനം സമാപനത്തിലെത്തിയിരിക്കുകയാണ്.

വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള റോമിലെ കാര്യാലയത്തിലേയ്ക്ക് അതിരൂപതാ കച്ചേരിയുടെ കൈവശമുള്ള രേഖകളെല്ലാം അയയ്ക്കുന്നതിനുവേണ്ടി അതിരൂപതാദ്ധ്യക്ഷനായ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ മുമ്പാകെ അതിരൂപതാ കച്ചേരി അംഗങ്ങൾ അവ ഔദ്യോഗികമായി സമർപ്പിക്കുന്നതിനു 2022 ഡിസംബർ 3 രാവിലെ 9 മണിക്ക് എടത്വാ സെന്റ് ജോർജ് ദേവാലയത്തിൽ സമ്മേളിക്കുന്നു. അതിരൂപതാതലത്തിലുള്ള നാമകരണ നടപടികളുടെ ഔദ്യോഗിക സമാപനമായ ഈ സമ്മേളനത്തിലേയ്ക്ക് ഏവരേയും സ്നേഹപൂർവം ക്ഷണിക്കുന്നു.

ദൈവദാസന്റെ നാമകരണനടപടികളുടെ തുടർന്നുള്ള ഘട്ടം വേഗം പൂർത്തിയാകുന്നതിനും ദൈവഹിതം നിറവേറ്റപ്പെടുന്നതിനുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**ഫാ. സിബിച്ചൻ പുതിയിടം OFM Cap**
(പോസ്റ്റുലേറ്റർ)


**സി. അനറ്റ് ചാലങ്ങാടി SABS**
(വൈസ് പോസ്റ്റുലേറ്റർ)

അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ സമ്പൂർണ്ണകൃതികൾ ആഗസ്റ്റുമാസത്തിൽ പ്രകാശനം ചെയ്തു. സഭാപരവും സാമൂഹികവുമായ വിഷയങ്ങളെക്കുറിച്ചും അവയെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാടുകളും അറിയുന്നതിനുള്ള ആധികാരികരേഖയും കൂടിയാണിത്. അതുകൊണ്ട് ഈ സമ്പൂർണ്ണകൃതികളുടെ ഒരു കോപ്പി ഇടവക ലൈബ്രറികളും സൺഡേസ്കൂൾ ലൈബ്രറികളും സ്ഥാപനങ്ങളും വാങ്ങുന്നതിന് ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം പള്ളികൾക്കും സ്ഥാപനങ്ങൾക്കും 3000 രൂപയ്ക്കു സമ്പൂർണ്ണകൃതികൾ (Hardbound) നൽകുന്നതാണ്.**

# ആർച്ചുബിഷപ് ജോസഫ് പവ്വത്തിലിന്റെ കൃതികൾ സമ്പൂർണം

എഡിറ്റർ: ഫാ. ഡോ. തോമസ് പാടിയത്ത്

**ഏഴു വാല്യങ്ങൾ, സ്പെഷ്യൽ സൈസ്** (15.5 cm x 24 cm)
**വലിപ്പം, മൂവായിരത്തഞ്ഞൂറോളം പേജുകൾ**




## വിഷയങ്ങൾ

- **സീറോമലബാർ സഭ**
- **ആരാധനക്രമം**
- **സഭാവിജ്ഞാനീയം**
- **വിദ്യാഭ്യാസം**
- **മതം, രാഷ്ട്രം, രാഷ്ട്രീയം**
- **സാമൂഹിക വിഷയങ്ങൾ...**

- സീറോമലബാർ സഭയുടെ കിരീടമെന്നു ബനഡിക്ട് പതിനാറാമൻ മാർപാപ്പാ വിശേഷിപ്പിച്ച മഹിതാചാര്യൻ ആർച്ചുബിഷപ് ജോസഫ് പവ്വത്തിലിന്റെ സമാഹൃതരചനകൾ ഏഴു വാല്യങ്ങളിൽ.
- സത്യത്തിലും സ്നേഹത്തിലും സഭയെയും സമൂഹത്തെയും ശുശ്രൂഷിച്ച ഒരു സഭാപിതാവിന്റെ ആത്മീയവഴികളിലൂടെയുള്ള തീർഥാടനം.
- ഉണർവുള്ള മനസോടും നിതാന്ത ജാഗ്രതയോടുംകൂടി അജഗണത്തിനു കാവലിരുന്ന ഒരു ഇടയശ്രേഷ്ഠന്റെ ബോധനനിറവിലൂടെയുള്ള കൂട്ടുസഞ്ചാരം.
- ക്രൈസ്തവമൂല്യങ്ങളുടെയും ധാർമികതയുടെയും കാഴ്ചവട്ടങ്ങളുടെ തെളിച്ചത്തിൽ സമൂഹത്തെയും രാഷ്ട്രത്തെയും സമകാലിക പ്രവണതകളെയും ഇഴകീറി പരിശോധിക്കുകയും അപ്രിയസത്യങ്ങൾ ഉള്ളുലയാതെ ഊന്നിപ്പറയുകയും തലമുറകൾക്ക് പുത്തൻ ദിശാബോധത്തിന്റെ വഴിവിളക്ക് കൊളുത്തിവെക്കുകയും ചെയ്യുന്ന ഒരു ക്രാന്തദർശിയുടെ തുറന്നെഴുത്താണ് ഈ ബൃഹദാഖ്യാനം.

**മുഖവില : ₹3500** | **നവംബർ 2 മുതൽ സെന്റ് ജോസഫ് ബുക്സ്റ്റാളിലും മാർത്തോമാ വിദ്യാനികേതനിലും ലഭ്യമാണ്**

*വിശദവിവരങ്ങൾക്കും ബുക്കിംഗിനും:* 9656985323, 8547785278

# അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ മഹായോഗം: റിപ്പോർട്ട്

**ആമുഖം**

അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ മഹായോഗം 2022 ഒക്ടോബർ മാസം 2 മുതൽ 5വരെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ വിളിച്ചുചേർത്ത ഈ മഹായോഗത്തിൽ 205 പേർ പങ്കെടുത്തു. **ക്രിസ്തീയവിളി സഭയിലും സമൂഹത്തിലും: കോവിഡനന്തര അജപാലനവും സിനഡാത്മക സഭയും** എന്നതായിരുന്നു ഈ മഹായോഗത്തിന്റെ പൊതുവിഷയം. സിനഡാത്മകസഭ എന്ന ആശയം പ്രാവർത്തികമാക്കിയ ഒരു മഹായോഗമായിരുന്നു ഇത്. അഭി. പെരുന്തോട്ടം പിതാവ് വ്യത്യസ്ത വിഭാഗങ്ങൾക്ക് അവർ ചർച്ചചെയ്യേണ്ട വിഷയങ്ങൾ ഉൾക്കൊള്ളുന്ന കത്തുകളയച്ച് അവരിൽനിന്നുള്ള നിർദേശങ്ങൾ സ്വീകരിച്ചാണ് ഈ മഹായോഗത്തിന്റെ മാർഗ്ഗരേഖയും *(Lineamenta)* വിഷയാവതരണരേഖയും *(Instrumentum Laboris)* തയ്യാറാക്കിയത്.

2020 മെയ് ഒന്നാം തീയതി അഭി. പെരുന്തോട്ടം പിതാവ് ഈ മഹായോഗം വിളിച്ചുചേർക്കുന്ന ഡിക്രി പുറത്തിറക്കിയത് 2020 ഡിസംബർ 16 മുതൽ 19 വരെ മഹായോഗം നടത്തുക എന്ന രീതിയിലാണ്. എന്നാൽ, കോവിഡ് കാരണം ഈ മഹായോഗം രണ്ടു വർഷങ്ങൾക്കു ശേഷമാണു സംഭവിച്ചത്. 2024 ൽ നടക്കാനിരിക്കുന്ന സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ അതിരൂപതാതല മുന്നൊരുക്കം കൂടിയായിരുന്നു ഈ മഹായോഗം.

**ഒക്ടോബർ 2**

ഒക്ടോബർ രണ്ടാം തീയതി വൈകിട്ട് ആറുമണിക്ക് ഉദ്ഘാടന സമ്മേളനത്തോടെ അസംബ്ളി ആരംഭിച്ചു. എൽ എസ് ഡി പി സമർപ്പിതസമൂഹത്തിന്റെ മദർ ജനറൽ ബഹു. സിസ്റ്റർ റോസിലി പ്രാർത്ഥനാശുശ്രൂഷയ്ക്കു നേതൃത്വം നൽകി. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ പിതാവ് സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ തിരുവല്ല അതിരൂപതാധ്യക്ഷൻ തോമസ് മാർ കൂറിലോസ് തിരുമേനി സന്ദേശം നൽകി തിരിതെളിച്ച് മഹായോഗത്തിന്റെ ഉദ്ഘാടനകർമം നിർവഹിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ അധ്യക്ഷപ്രസംഗം

നടത്തുകയും തുടർന്ന് അഭി. മാർ തോമസ് പാടിയത്ത് പിതാവ് അസംബ്ലിയുമായി ബന്ധപ്പെട്ട ആമുഖപ്രസംഗം നടത്തുകയും ചെയ്തു.

സിഞ്ചെള്ളൂസ് മോൺ. ജോസഫ് വാണിയപ്പുരക്കൽ നന്ദി പറഞ്ഞു. തുടർന്ന് അഭി. പെരുന്തോട്ടം പിതാവിന്റെ കാർമികത്വത്തിൽ ആഘോഷമായ റംശാ പ്രാർത്ഥന ചൊല്ലി. XIME സ്ഥാപക ചെയർമാൻ പ്രൊഫ. ജെ. ഫിലിപ്പ്, ചങ്ങനാശേരി MLA അഡ്വ. ജോബ് മൈക്കിൾ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

**ഒക്ടോബർ 3**

ഒക്ടോബർ മൂന്നാം തീയതി അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ പരി. കുർബാനയർപ്പണത്തോടെ അസംബ്ലിയുടെ രണ്ടാം ദിനം ആരംഭിച്ചു. അസംബ്ലിയുടെ ചർച്ചകളിലേക്കുള്ള അടുത്ത ഒരുക്കമായി ഷെവ. വി.സി. സെബാസ്റ്റ്യൻ സമുദായശക്തീകരണം, സമുദായം നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ കാര്യങ്ങൾ അവതരിപ്പിച്ചു. എക്സിക്യൂട്ടീവ് സെക്രട്ടറി ഈറ്റോലിൽ ബഹു. ജോസഫ് അച്ചൻ അസംബ്ലിയുടെ *MODUS OPERANDI* വിശദീകരിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചയ്ക്കുള്ള സമയമായിരുന്നു. ആകെയുള്ള അംഗങ്ങളെ 9 ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ചകൾ നടത്തിയത്. ഓരോ ഗ്രൂപ്പിനും ഒരു കൺവീനർ, സെക്രട്ടറി എന്നിവർ ഉണ്ടായിരുന്നു. കൺവീനർ ഗ്രൂപ്പ് ചർച്ചകൾക്കു നേതൃത്വം നൽകി. സെക്രട്ടറി അവ സമാഹരിച്ചു റിപ്പോർട്ട് രൂപത്തിലാക്കി. മൂന്നാം തീയതി സമുദായശക്തീകരണം, സിനഡാത്മക സഭ എന്നീ വിഷയങ്ങൾ ഒന്നര മണിക്കൂർ വീതം ചർച്ച ചെയ്തു.

സമുദായശക്തീകരണം എന്ന വിഷയത്തിന്മേലുള്ള ചർച്ചാഫലങ്ങൾ ഗ്രൂപ്പ് സെക്രട്ടറിമാർ ഉച്ചകഴിഞ്ഞുള്ള സെഷനിൽ അവതരിപ്പിക്കുകയും അതിന്മേൽ പൊതുചർച്ച നടത്തുകയും ചെയ്തു. ഡോ. കുര്യാസ് കുമ്പളക്കുഴി ഈ സെഷൻ മോഡറേറ്റ് ചെയ്തു. വടവാതൂർ മേജർ സെമിനാരി റെക്ടർ കന്യാകോണിൽ ബഹു. സ്കറിയ അച്ചൻ പരിസ്ഥിതിയുടെ ദൈവശാസ്ത്രത്തെക്കുറിച്ചും ശ്രീ. ആന്റണി ആറിൽച്ചിറ സർക്കാർ സംവിധാനങ്ങളിൽ ഇല്ലാതാകുന്ന ക്രൈസ്തവസാന്നിധ്യത്തെക്കുറിച്ചും പ്രത്യേക വിഷയാവതരണങ്ങൾ നടത്തി.

വൈകിട്ട് നടന്ന പൊതുചർച്ചയിൽ സിനഡാത്മക സഭ എന്ന വിഷയം ഗ്രൂപ്പുകളിൽ ചർച്ച ചെയ്തതിന്റെ റിപ്പോർട്ട് സെക്രട്ടറിമാർ അവതരിപ്പിച്ചു. വടവാതൂർ മേജർ സെമിനാരി പ്രഫസർ മംഗലത്തിൽ ബഹു. ജോർജ് അച്ചൻ ഈ സെഷൻ മോഡറേറ്റ് ചെയ്തു. തുടർന്ന് ലാറ്റിൻ വെസ്റ്റ്, ഗ്രീക്ക് ഈസ്റ്റ്, സിറിയക് ഓറിയന്റ് എന്നീ മൂന്നു പാരമ്പര്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കത്തോലിക്കാസഭയെപ്പറ്റി മല്പാൻ വെള്ളാനിക്കൽ ബഹു.

മാത്യു അച്ചനും നമ്മുടെ സഭയിലെ ഇപ്പോഴത്തെ എക്യുമെനിക്കൽ സംരംഭങ്ങളെപ്പറ്റി കറുകപ്പറമ്പിൽ ബഹു. ചെറിയാൻ അച്ചനും സ്പെഷ്യൽ ഇന്റർവെൻഷൻസ് നടത്തി. ഇതിനെത്തുടർന്ന് പൊതുചർച്ചയും ഓപ്പൺ ഫോറവും ഉണ്ടായിരുന്നു. മദ്യലഭ്യത വർധിപ്പിക്കുന്ന സർക്കാർ നയത്തിനെതിരെ പ്രൊഫ. ജെ.സി. മാടപ്പാട്ട് അവതരിപ്പിച്ച പ്രമേയം യോഗം ഐകകണ്ഠ്യേന പാസാക്കി.

**ഒക്ടോബർ 4**

രാവിലെ അഭി. മാർ തോമസ് തറയിൽ പിതാവിന്റെ കാർമികത്വത്തിൽ പരി. കുർബാനയർപ്പണത്തോടെ മഹായോഗത്തിന്റെ മൂന്നാം ദിവസം ആരംഭിച്ചു. ചർച്ചകളുടെ മുന്നോടിയായി ദീപിക ചീഫ് എഡിറ്റർ കുടിലിൽ ബഹു. ജോർജ് അച്ചൻ ചിന്തകൾ പകർന്നു. ആദ്യ സെഷനിൽ സന്യാസം- ദൈവവിളി, മാധ്യമങ്ങൾ എന്നീ വിഷയങ്ങളും രണ്ടാം സെഷനിൽ ആരാധനക്രമം, കോവിഡനന്തര അജപാലനം എന്നീ വിഷയങ്ങളും ചർച്ച ചെയ്തു.

ഉച്ചക്കുശേഷം, സന്യാസം-ദൈവവിളി, മാധ്യമങ്ങൾ എന്നീ വിഷയങ്ങളുടെ റിപ്പോർട്ടിങ് സെഷൻ എസ്.എച്ച്. കോൺഗ്രിഗേഷന്റെ പ്രൊവിൻഷ്യൽ ബഹു. സിസ്റ്റർ ഡോ. അമല മോഡറേറ്റ് ചെയ്തു. നമ്മുടെ സഭയിലെ ദൈവവിളികളെ സംബന്ധിച്ച് കുറിച്ചി മൈനർ സെമിനാരി റെക്ടർ താനമാവുങ്കൽ പെരി. ബഹു. വർഗീസ് അച്ചനും സമകാലീനമാധ്യമലോകത്തെക്കുറിച്ച് ശ്രീ. ടി. ദേവപ്രസാദും സ്പെഷ്യൽ ഇന്റർവെൻഷൻസ് നടത്തി. തുടർന്നു മഹായോഗത്തിന്റെ ഗ്രൂപ്പ് ഫോട്ടോ എടുത്തു.

സായാഹ്ന പ്രാർത്ഥനക്കുശേഷം കൊക്കാവയലിൽ ബഹു. ജയിംസ് അച്ചൻ ചങ്ങനാശേരി അതിരൂപതാ സാമൂഹിക-സാമ്പത്തിക സർവേയുടെ കണ്ടെത്തലുകൾ അവതരിപ്പിച്ചു. വൈകിട്ടുനടന്ന റിപ്പോർട്ടിങ് സെഷനിൽ കോവിഡനന്തര അജപാലനവും ആരാധനക്രമവും ചർച്ച ചെയ്യപ്പെട്ടു. ഈ സെഷൻ എം.സി.ബി.എസ്. സഭയുടെ വികാർ ജനറൽ കോണിക്കൽ പെരി. ബഹു. ജോസഫ് അച്ചൻ മോഡറേറ്റ് ചെയ്തു. ഇറ്റാവാ മിഷനെക്കുറിച്ച് മിഷൻ സുപ്പീരിയർ എഴികാട് ബഹു. തോമസ് അച്ചനും പ്രവാസികളുടെ ജീവിതത്തെപ്പറ്റി ശ്രീ. ജോർജ് മീനത്തെകോണിലും അതിരൂപതയുടെ സേവ് എ ഫാമിലി, കളർ എ ഡ്രീം പദ്ധതികളെക്കുറിച്ച് ഓണംകുളം പെരി. ബഹു. ഗ്രിഗറി അച്ചനും സ്പെഷ്യൽ ഇന്റർവെൻഷൻസ് നടത്തി. വർഗീയതയെയും ഭീകരവാദത്തെയും എതിർത്തുകൊണ്ടുള്ള PRO അഡ്വ. ജോജി ചിറയിൽ അവതരിപ്പിച്ച പ്രമേയം യോഗം ഐകകണ്ഠ്യേന പാസാക്കി.

**ഒക്ടോബർ 5**

അഞ്ചാമത് അസംബ്ലിയുടെ സമാപനദിവസം അഭി. മാർ തോമസ് പാടിയത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പരി. കുർബാനയർപ്പണത്തോടെ ആരംഭിച്ചു. കുടുംബം എന്ന വിഷയം ചർച്ച ചെയ്ത ഈ ദിവസം പ്രാരംഭചിന്തകൾ പകർന്നത് വടവാതൂർ സെൻറ് തോമസ് മേജർ സെമിനാരി പ്രൊഫസർ കടുപ്പിൽ ബഹു. ജോസഫ് അച്ചനാണ്. തുടർന്ന് ഗ്രൂപ്പുകൾ കുടുംബം ഇന്നു നേരിടുന്ന വെല്ലുവിളികളും അതിന്റെ പരിഹാരമാർഗങ്ങളും ചർച്ച ചെയ്തു. ഗ്രൂപ്പ് ചർച്ചയെത്തുടർന്നുള്ള പൊതുചർച്ച എം.എൽ.എഫ്. സന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. സിസ്റ്റർ മെർലിൻ മോഡറേറ്റ് ചെയ്തു. ജയ്പൂർ മിഷനെക്കുറിച്ച് മൂഴിക്കുന്നേൽ ബഹു. ഫിലിപ്പ് അച്ചനും ദളിത്-നാടാർ-കമ്മാളർ വിഭാഗങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി ഡോ. സിജോയും വിരുതുനഗർ മിഷനെക്കുറിച്ച് കിഴക്കേയിൽ ബഹു. പീറ്റർ അച്ചനും സ്പെഷ്യൽ ഇന്റർവെൻഷൻസ് നടത്തി. ചങ്ങനാശേരി അതിരൂപതയുടെ നിലപാടുകളുടെ വെളിച്ചത്തിൽ കെ-റെയിലിനെക്കുറിച്ചുള്ള പ്രമേയം ശ്രീ. വി.ജെ. ലാലിയും ഗർഭച്ഛിദ്രത്തെക്കുറിച്ചുള്ള പ്രമേയം ശ്രീ. കെ.വി. സെബാസ്റ്റ്യൻ കുന്നത്തുകുഴിയും മഹായോഗത്തിൽ അവതരിപ്പിച്ചു. എല്ലാ ദിവസവും നടന്ന പൊതുചർച്ചയുടെ അവസരത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് യോഗാംഗങ്ങൾക്ക് ആവശ്യമായ വിശദീകരണവും മറുപടിയും നൽകി.

ഉച്ചക്കുശേഷം നടന്ന സമാപനസമ്മേളനത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. കത്തോലിക്കാ സഭയും മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള സംവാദത്തിന്റെ സെക്രട്ടറിയും ഓർത്തഡോക്സ് സഭയുടെ യു.കെ. - ആഫ്രിക്ക ഭദ്രാസനത്തിന്റെ ചുമതലയും വഹിക്കുന്ന അബ്രഹാം മാർ സ്തേഫാനോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്നു ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ മുരിയൻകാവുങ്കൽ ബഹു. ഡൊമിനിക് അച്ചൻ മഹായോഗത്തിന്റെ കണ്ടെത്തലുകൾ അവതരിപ്പിച്ചു. മഹായോഗത്തിന്റെ വിലയിരുത്തൽ നടത്തിയത് സി.ആർ.ഐ. പ്രസിഡന്റ് സിസ്റ്റർ മെഴ്സി ASMI യും പ്രൊഫ. ഡോ. പി.സി. അനിയൻകുഞ്ഞുമാണ്. അഭി. മാർ തോമസ് തറയിൽ പിതാവ് മഹായോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. തുടർന്ന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമാപനസന്ദേശം നൽകി. അഞ്ചാമതു മഹായോഗത്തിന്റെ കോർഡിനേറ്ററായ അഭിവന്ദ്യ മാർ തോമസ് പാടിയത്ത് പിതാവിന്റെ കൃതജ്ഞതാപ്രകാശനത്തോടും അഭിവന്ദ്യ പിതാക്കന്മാരുടെ ആശീർവാദത്തോടുംകൂടി മഹായോഗം സമാപിച്ചു.

ഈ അതിരൂപതയുടെ തുടർന്ന് വരുന്ന വർഷങ്ങളിലെ അജപാലന ആഭിമുഖ്യം നിർണയിക്കാനും, അജപാലന പ്രശ്നങ്ങളെ വിലയിരുത്താനും, വിശ്വാസ-ധാർമിക മേഖലകളിലെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും സഭയെന്ന നിലയിൽ ഓരോരുത്തർക്കുമുള്ള കൂട്ടുത്തരവാദിത്വത്തിന്റെ ഭാഗം നിർവഹിക്കാനുമുള്ള ഒരവസരമായിരുന്നു ഈ മഹായോഗം. ഇതിൽ പങ്കെടുത്ത വൈദികരും സമർപ്പിതരും അത്മായരും തങ്ങളുടെ വിശ്വാസജീവിതസാക്ഷ്യവും അറിവുകളും ഒത്തുചേർത്തു തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും നൽകുകവഴിയായി ഈ മഹായോഗത്തെ വിജയിപ്പിക്കുന്നതിൽ തങ്ങളുടേതായ പങ്കുവഹിച്ചു. എല്ലാവർക്കും ഹൃദയപൂർവം നന്ദി.

ഈ മഹായോഗത്തിന്റെ നടത്തിപ്പിനു നേതൃത്വം നൽകിയ അഭി. മാർ തോമസ് പാടിയത്ത് പിതാവിനെയും വിജയത്തിനായി സഹകരിച്ച എല്ലാ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളെയും ഭക്ഷണവും താമസവും ക്രമീകരിച്ച കോട്ടയിൽ ബഹു. സിറിയക് അച്ചനെയും സെക്രട്ടറിയായിരുന്ന നേര്യം പറമ്പിൽ ബഹു. ഇമ്മാനുവൽ അച്ചനെയും ജോയിന്റ് സെക്രട്ടറിയായിരുന്ന പനക്കേഴം ബഹു. ജോസഫ് അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു.

**ഫാ. ജോസഫ് ഈറ്റോലിൽ**
(എക്സിക്യൂട്ടീവ് സെക്രട്ടറി)

# മെത്രാഭിഷേക റിപ്പോർട്ട് :
# മാർ തോമസ് പാടിയത്ത്, മാർ ജോസഫ് കൊല്ലംപറമ്പിൽ

2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച ഷംഷാബാദിലുള്ള CKR & TKR കൺവൻഷൻ ഹാളിലായിരുന്നു ഷംഷാബാദ് രൂപതയുടെ സഹായ മെത്രാന്മാരായ അഭി. മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെയും അഭി. മാർ തോമസ് പാടിയത്ത് പിതാവിന്റെയും മെത്രാഭിഷേകം. രാവിലെ 9 മണിക്ക് അഭി. റാഫേൽ തട്ടിൽ പിതാവ് തിരുക്കർമ്മങ്ങൾക്കുള്ള ഹാൾ വെഞ്ചരിച്ചു. തുടർന്നു മുഖ്യകാർമ്മികനായ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയെയും മെത്രാന്മാരായി അഭിഷിക്തരാകാനുള്ള രണ്ടു പിതാക്കന്മാരെയും വേദിയിലേയ്ക്കു സ്വീകരിച്ചു. 9.15 ന് വിവിധ സ്ഥലങ്ങളിൽനിന്നുമെത്തിയ മെത്രാന്മാരും വൈദികരും തിരുവസ്ത്രങ്ങൾ ധരിച്ചു പ്രദക്ഷിണത്തിന് അണിനിരന്നു. പ്രദക്ഷിണത്തിനുശേഷം നിയുക്തമെത്രാന്മാരുടെ നിയമനപത്രം ഷംഷാബാദ് രൂപതയുടെ സിഞ്ചെള്ളൂസുമാരായ പാലത്തിങ്കൽ പെരിയ ബഹു. എബ്രഹാം അച്ചനും പാലയ്ക്കൽ പെരിയ ബഹു. ജയിംസ് അച്ചനും വായിച്ചു. തുടർന്നു നിയുക്തമെത്രാന്മാർ രക്തസാക്ഷികളുടെ തിരുശേഷിപ്പു വന്ദിക്കുന്ന കർമ്മം നടന്നു. ശേഷം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ മെത്രാഭിഷേകകർമ്മങ്ങൾ ആരംഭിച്ചു. കൈവയ്പ്പുപ്രാർത്ഥനകൾക്കുശേഷം മാർ ജോസഫ് കൊല്ലപ്പറമ്പിലിനും മാർ തോമസ് പാടിയത്തിനും കാർമ്മികൻ സ്ഥാനചിഹ്നങ്ങളായ മുടിയും അംശവടിയും നൽകി. മെത്രാഭിഷേകകർമ്മങ്ങൾക്കുശേഷം മേജർ ആർച്ചുബിഷപ്പിന്റെ മുഖ്യകാർമ്മികത്വത്തിൽ പരി. കുർബാന അർപ്പിച്ചു. ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ഷംഷാബാദ് രൂപതാ ബിഷപ് മാർ റാഫേൽ തട്ടിൽ, പാലാ രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ടി.സി.ബി.സി. സെക്രട്ടറി റവ. ഡോ. ജയപോളിമെറോ, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ തോമസ് പാടിയത്ത് എന്നിവരും മറ്റു മെത്രാന്മാരും സഹകാർമ്മികരായിരുന്നു. വിവിധ രൂപതകളിൽ നിന്നുള്ള വൈദികർ, സന്യാസിനിമാർ, സന്യാസസഭകളുടെ പ്രൊവിൻഷ്യൽസ്, വിശ്വാസികൾ തുടങ്ങിയവർ പങ്കെടുത്തു.

തിരുക്കർമ്മങ്ങൾക്കുശേഷം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ അനുമോദനയോഗം ചേർന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവും അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും നവാഭിഷിക്തർക്ക് ആശംസകൾ അർപ്പിച്ചു. ബാഡംഗപേട്ട് മേയർ ചികിരിന്ത പാരിജാത റെഡ്ഡി അനുമോദനപ്രസംഗവും മെത്രാന്മാരായി അഭിഷിക്തരായ മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും മറുപടി പ്രസംഗവും നടത്തി. ഷംഷാബാദ് രൂപത വികാരി ജനറാൾ മോൺ. എബ്രഹാം പാലത്തിങ്കൽ സ്വാഗതവും ഷംഷാബാദ് രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സാൻജോ ഫെലിക്സ് നന്ദിയും അർപ്പിച്ചു.

**ബ്രദർ ജോയൽ മഠത്തുംമുറിയിൽ**

# 'വെല്ലുവിളികളെ അതിജീവിച്ച ഇട്ടാവായിലെ പ്രഥമമിഷനറി' കൊക്കാട്ട് ബഹു. കുരുവിളയച്ചൻ



2022 ഒക്ടോബർ മാസം 9-ാം തീയതി ചങ്ങനാശേരി അതിരൂപതയുടെ ഉത്തരേന്ത്യൻ മിഷൻപ്രദേശമായ ഇട്ടാവാമിഷനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു ദിനമായിരുന്നു. മിഷനുവേണ്ടിയുള്ള സഹായമെത്രാൻ അഭിഷിക്തനാവുകയായിരുന്നു അന്ന്. അതിനൊരുദിവസം മുമ്പ് ഒക്ടോബർ 8-ാം തീയതി ഇട്ടാവാമിഷനെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട മറ്റൊരു സംഭവം നടന്നു. മിഷന്റെ ആദ്യകാല മിഷനറിയും മുപ്പതിലധികം വർഷം മിഷനെ നയിച്ചു വളർത്തിയ കോക്കാട്ട് ബഹു. കുരുവിളയച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു എന്നതാണത്. ബഹു. കോക്കാട്ടച്ചന്റെ വിയോഗത്തോടുകൂടി ഒരു യുഗത്തിന്റെ അന്ത്യവും അഭി. തോമസ് പാടിയത്ത് പിതാവിന്റെ അഭിഷേകത്തോടുകൂടി മറ്റൊരു യുഗത്തിന്റെ ആരംഭവുംകുറിച്ചു.

ബഹു. കോക്കാട്ടച്ചൻ 1941 ഫെബ്രുവരി 14, ന് ഇന്നത്തെ കാഞ്ഞിരപ്പള്ളി രൂപതയിൽ എലിക്കുളം ഇൻഫന്റ് ജീസസ് ഇടവകയിൽ കോക്കാട്ട് കുരുവിള - ഏലിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ പുത്രനായി ജനിച്ചു. സ്വതവേ വളരെ ആദ്ധ്യാത്മിക ചൈതന്യവും ദൈവവിളിയിൽ സമ്പന്നവുമായ ഒരു കുടുംബമാണ് അച്ചന്റേത്. കുരുവിളയച്ചന്റെ പരേതനായ ജ്യേഷ്ഠസഹോദരൻ സൊസൈറ്റി ഓഫ് സെന്റ് പോൾ സഭയിലെ വൈദികനായിരുന്നു. രണ്ടു സഹോദരികൾ സന്യാസജീവിതം തിരഞ്ഞെടുത്തവരാണ്. കോക്കാട്ട് കുടുംബത്തിൽ വേറെയും ധാരാളം ദൈവവിളികളുണ്ട്. കൂടാതെ ദൈവദാസനായ കാവുകാട്ട് പിതാവ് അച്ചന്റെ അമ്മച്ചിയുടെ കസിനാണ്. അപ്രകാരം ദൈവവിളിയാലും ദൈവാനുഗ്രഹത്താലും നിറഞ്ഞ ആ കുടുംബാന്തരീക്ഷം കോക്കാട്ട് അച്ചന്റെ ജീവിതത്തെയും ഏറെ സ്വധീനിച്ചു.

പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം അച്ചൻ ചങ്ങനാശേരി എസ്.ബി. കോളേജിൽനിന്ന് ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കി. ഒരു ഈശോസഭാ വൈദികനാകാൻ ആഗ്രഹിച്ച അച്ചനെ ചങ്ങനാശേരി അതിരൂപതയിൽ എത്തിച്ചത് പുണ്യശ്ലോകനായ കാവുകാട്ടു പിതാവാണ്. പാറേൽ മൈനർ സെമിനാരി, വടവാതൂർ മേജർ സെമിനാരി എന്നിവിടങ്ങളിലെ പഠനത്തിനുശേഷം 1973 ആഗസ്റ്റ് 13-ാം തീയതി അഭി. പടിയറ പിതാവിന്റെ കൈവയ്പ്പുവഴി കുറിച്ചി മൈനർ സെമിനാരിയുടെ ഉദ്ഘാടനവേളയിൽ അച്ചൻ

വൈദികപട്ടം സ്വീകരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ അസിസ്റ്റന്റ് വികാരിയായിട്ടാണ് ആദ്യം നിയമിതനായത്. ചെറുപ്പം മുതലെ പാവങ്ങളെ സ്നേഹിക്കുവാനും സഹായിക്കുവാനുമുള്ള അച്ചന്റെ താത്പര്യം മെത്രാപ്പോലീത്തൻ പള്ളിയിലെ സേവനകാലത്തുതന്നെ വ്യക്തമായിരുന്നു. അന്ന് അച്ചന്റെ സഹപ്രവർത്തകനായിരുന്ന കിളിരൂർ ബഹു. മാത്യു അച്ചൻ കുരുവിളയച്ചനെ ഓർത്തുകൊണ്ട് ഇങ്ങനെയെഴുതി 'പറാലിലെ പ്രായം ചെന്നവർ അച്ചന്റെ സഹായം ഇന്നും ഓർക്കുന്നുണ്ടാവും'.

അച്ചൻ മെത്രാപ്പോലീത്തൻ പള്ളിയിലായിരിക്കുമ്പോഴാണ് ആഗ്രാ ആർച്ചു ബിഷപ്പിന്റെ ക്ഷണം സ്വീകരിച്ച് ഉത്തരേന്ത്യൻ മിഷൻ ഏറ്റെടുക്കുവാൻ അഭി. പടിയറ പിതാവ് തീരുമാനിച്ചത്. അതിരൂപതയുടെ ഈ പുതിയ സംരംഭത്തെ നയിക്കുവാൻ വിളിക്കപ്പെട്ടത് കോക്കാട്ടച്ചനായിരുന്നു. തന്റെ ദൈവാശ്രയ ബോധവും അഗാധവിശ്വാസവും ഈ ദൗത്യത്തിൽ അച്ചനു കൂട്ടായിരുന്നു. ഒരു പരിചയവുമില്ലാത്ത സ്ഥലത്ത് ആളുകളെയോ അവരുടെ സംസ്കാരമോ, ഭാഷയോ ഒന്നുമറിയാതെ അന്ധകാരത്തിലേക്കുള്ള കുതിച്ചുചാട്ടം എന്ന പോലെ അച്ചൻ ബഹു. പൂവത്തുങ്കലച്ചനോടൊപ്പം 1975 മെയ് 1 ന് ഉത്തരേന്ത്യൻ പൊരിവെയിലത്ത് ആഗ്രാ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. അന്നു തുടങ്ങിയ ആ പ്രയാണം 2009 ൽ മിഷൻ വിട്ടതിനുശേഷവും തുടർന്നു. അച്ചന്റെ ജീവനാഡിയായിരുന്നു മിഷൻ. തന്നെയേൽപ്പിച്ച ആ ദൗത്യം പൂജ്യത്തിൽനിന്നും നൂറുമേനിയിലെത്തിക്കുവാൻ അച്ചൻ നടത്തിയ പതിനായിരക്കണക്കിനു കിലോമീറ്റർ യാത്രകളും ത്യാഗപൂർണമായ പ്രവർത്തനങ്ങളുമാണ് ഇട്ടാവമിഷനെ ഇന്നത്തെ നിലയിലെത്തിച്ചത്. ഒക്ടോബർ 9-ാം തീയതി അഭി. പാടിയത്ത് പിതാവ് അഭിഷിക്തനായപ്പോൾ തന്റെ സ്വർഗീയപിതാവിന്റെ മടിയിലിരുന്ന് ഏറ്റം സന്തോഷിച്ചത് കോക്കാട്ടച്ചനായിരിക്കും.

'കർത്താവിനുവേണ്ടി വെല്ലുവിളികൾ ഏറ്റെടുക്കുക' എന്നതായിരുന്നു അച്ചന്റെ ആപ്തവാക്യം. അതിന് എത്രയധികംവരെ പോകാനും അച്ചൻ തയ്യാറായിരുന്നു. ചെറുപ്പം മുതലേ രോഗിയായിരുന്ന, സഹോദരങ്ങളാൽ കൊച്ച് എന്നു വിളിക്കപ്പെട്ടിരുന്ന കോക്കാട്ടച്ചൻ തന്റെ അനാരോഗ്യം കണക്കാക്കാതെ മിഷനുവേണ്ടി, സുവിശേഷത്തിനുവേണ്ടി വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടേയിരുന്നു. അതിരാവിലെയും വളരെ വൈകിയും സക്രാരിയുടെ മുമ്പിൽ തന്റെ ജീവിതം സമർപ്പിച്ച അച്ചന് ഏതു വെല്ലുവിളികളും സുവിശേഷത്തിനനുകൂലമായി മാറ്റുവാൻ സാധിച്ചു. ഈ ബലമാണ് പ്രിയപ്പെട്ട കൊച്ചുപുര ഐസക്ക് അച്ചന്റെയും മാത്തൂർ ജോസഫ് അച്ചന്റെയും ആകസ്മികമായ നിര്യാണത്തിൽ ഇട്ടാവമിഷൻ അഭിമുഖീകരിച്ച വലിയ പ്രതിസന്ധികളെ ശാന്തമായി അതിജീവിക്കുവാൻ അച്ചനെ സഹായിച്ചത്.

താൻ കണ്ടുമുട്ടുന്ന ആരെയും തന്റേതാക്കുന്ന ഒരു സ്വഭാവമായിരുന്നു കോക്കാട്ടച്ചന്റേത്. ദൈവസ്നേഹവും കരുണയും അതിന്റെ പൂർണതയിൽ അച്ചനിലൂടെ മറ്റുള്ളവരിലേയ്ക്ക് ഒഴുകി. ആവശ്യമുള്ളവരെ മനസ്സറിഞ്ഞു സഹായിക്കുന്ന പ്രകൃതമായിരുന്നു അച്ചനുണ്ടായിരുന്നത്. ആ സ്നേഹം

സ്വീകരിക്കാത്ത, ആ സ്നേഹം അനുഭവിക്കാത്ത ആരുംതന്നെ ഈ മിഷനിലൂടെ കടന്നുപോയിട്ടില്ല. തന്നോട് അഭിപ്രായവ്യത്യാസമുള്ളവരെപോലും സ്നേഹിക്കുവാനുള്ള അച്ചന്റെ കഴിവ് എല്ലാവരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. മനസ്സിൽ വെറുപ്പു സൂക്ഷിക്കാത്ത ഒരു നിഷ്കളങ്കഹൃദയത്തിന്റെ ഉടമയായിരുന്നു കോക്കാട്ടച്ചൻ. ക്രിസ്തുസ്നേഹം എന്നെ ഉത്തേജിപ്പിക്കുന്നു എന്ന വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ അച്ചന്റെ ജീവിതത്തിൽ അന്വർത്ഥമായിരുന്നു. താൻ കണ്ടുമുട്ടിയ എല്ലാവരുടെയും ഫോൺനമ്പർ സൂക്ഷിക്കുകയും ഇടക്കിടയ്ക്ക് അവരെ വിളിച്ച് ''ഇത് കോക്കാട്ടച്ചനാണേ'' എന്നുപറഞ്ഞ് അവരുടെ ക്ഷേമം അന്വേഷിക്കുവാനും ആവശ്യമുണ്ടെങ്കിൽ അവരെ സഹായിക്കുവാനുമുള്ള കഴിവ് അച്ചന്റേതുമാത്രമാണ്. ഈ നല്ല ബന്ധങ്ങളൊക്കെ മിഷന്റെ ആവശ്യസമയത്ത് ഉപയോഗപ്രദവും ആയിട്ടുണ്ട്.

തന്നെയേല്പിച്ച എല്ലാ ജോലികളും ഭംഗിയായി നിർവഹിച്ച് താൻ ജീവൻ നൽകി വളർത്തിയ മിഷൻ ഒരു പുതുയുഗത്തിലേയ്ക്ക് പ്രവേശിക്കുന്ന ചാരിതാർത്ഥ്യത്തോടെ തന്റെ 81-ാം വയസ്സിൽ 2022 ഒക്ടോബർ 8 ന് ഈശോനാഥന്റെ നിത്യസമ്മാനത്തിനായി യാത്രയായ അച്ചൻ നമുക്കു തുണയായി ആശ്രയമായി ദൈവസന്നിധിയിൽനിന്ന് അനുഗ്രഹങ്ങൾ വർഷിക്കുന്നു. കോക്കാട്ട് ബഹു. കുരുവിള അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2022 ഒക്ടോബർ 10 ന് സീറോ മലബാർ മേജർ സഭയുടെ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ ജോസഫ് പെരുന്തോട്ടം, കാഞ്ഞിരപ്പള്ളി രൂപത ബിഷപ് എമിരിത്തൂസ് മാർ മാത്യു അറയ്ക്കൽ, സീറോ മലബാർസഭാ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവരുടെ കാർമികത്വത്തിൽ കാഞ്ഞിരപ്പള്ളി എലിക്കുളം ഇൻഫന്റ് ജീസസ് ദേവാലയത്തിൽ നടത്തപ്പെട്ടു. ബഹു. കോക്കാട്ടച്ചനെ അതിരൂപതയ്ക്കും ഇട്ടാവമിഷനും നൽകിയ നല്ലവനായ ദൈവത്തിന് നമുക്കു നന്ദിപറയാം. അച്ചനിലൂടെ ദൈവം നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. ബഹു. കോക്കാട്ടച്ചന്റെ ആത്മാവിനു ദൈവം നിത്യശാന്തി നൽകട്ടെ.

**ഫാ. തോമസ് എഴികാട്**

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 ഒക്ടോബർ മാസത്തിൽ PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ കോക്കാട്ട് ബഹു. കുരുവിള അച്ചനെ നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചന്റെ നിയോഗത്തിൽ ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. റ്റോം ആര്യങ്കാല**
(സെക്രട്ടറി)

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

**അനുമോദനങ്ങൾ**

ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായ അഭി. മാർ തോമസ് പാടിയത്ത് പിതാവിനും പുതിയ വികാരി ജനറാൾമാരായി നിയമിതരായ വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ, വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ എന്നിവർക്കു സമിതി അനുമോദനങ്ങൾ നേരുന്നു. സമിതിയുടെ ചുമതലയുള്ള വികാരി ജനറാൾ ആയിരുന്ന മാർ തോമസ് പാടിയത്തിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ സമിതിയെ പ്രതിനിധീകരിച്ച് ഡയറക്ടർ, ശ്രീ. ടോം ജോസഫ് അറയ്ക്കപറമ്പിൽ, ഡോ. ഡൊമിനിക് ജോസഫ് എന്നിവർ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ അത്മായ സെക്രട്ടറിയും ഭാഷാവൈജ്ഞാനികരംഗത്തെ അതികായകനുമായ ഡോ. സ്കറിയ സക്കറിയയുടെ ദീപ്തസ്മരണയ്ക്കു മുമ്പിൽ സമിതി ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തെ മഹാത്മഗാന്ധി യൂണിവേഴ്സിറ്റി ഡി ലിറ്റ് ബിരുദം നൽകി ആദരിച്ചതിനോട് അനുബന്ധിച്ച് സെപ്റ്റംബർ 19 തിങ്കളാഴ്ച അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനൊപ്പം സമിതി അംഗങ്ങൾ അദ്ദേഹത്തെ വസതിയിൽ സന്ദർശിച്ച് അനുമോദിച്ചിരുന്നു.

**കെസിബിസി ജാഗ്രതാസമിതി**

കെസിബിസി ജാഗ്രതാസമിതിയുടെ കോട്ടയം സോണൽ മീറ്റിംഗ് ഒക്ടോബർ 5 ന് കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ചങ്ങനാശേരിയിൽ നിന്നും ശ്രീ. ബിനു കുര്യാക്കോസ് പങ്കെടുത്തു. കോട്ടയം സോണിന്റെ അസി. കോർഡിനേറ്റർ ആയി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അനുമോദനങ്ങൾ നേരുന്നു.

**സമുദായ സമുദ്ധാരണ കർമപദ്ധതി**

സീറോമലബാർ സഭാസിനഡ്, പബ്ലിക് അഫയേഴ്സ് കമ്മീഷൻ വഴി നടപ്പിലാക്കുന്ന സമുദായ സമുദ്ധാരണ കർമപദ്ധതിയുടെ മാർഗരേഖയെ അധികരിച്ചുള്ള ചർച്ചയുടെ ഒന്നാം ഭാഗം സമിതിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 16 ഞായറാഴ്ച വിദ്യാനികേതൻ ഹാളിൽ നടത്തപ്പെട്ടു. സമിതി അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ അധ്യക്ഷനായിരുന്നു.

ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതിക്കു വേണ്ടി,

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

# മീഡിയാ അപ്പോസ്തലേറ്റ് ചങ്ങനാശേരി

MAC

## MY PARISH

My Parish Online Software മായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും എത്തിക്കുന്നതിനുമായി വരുന്ന നവംബർ, ഡിസംബർ മാസങ്ങളിൽ നമ്മളൊന്നിച്ച് പ്രത്യേകമായ ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. My Parish Online Software ന്റെ സേവനം ഒരു ഇടവകയിൽ മുഴുവനായി ലഭിക്കുന്നതിനു 3 ഘട്ടങ്ങൾ പൂർത്തിയാകേണ്ടതുണ്ട്. അതിൽ ഏറ്റവും ബുദ്ധിമുട്ടുള്ളതും ഇടവകയടിസ്ഥാനത്തിൽ ഏറെ അധ്വാനം ആവശ്യമുള്ളതായ 1-ാം ഘട്ടത്തിലൂടെയാണു ഇപ്പോൾ കടന്നുപോകുന്നത്. സർവ്വേ വരെയാണ് 1-ാം ഘട്ടത്തിൽ പൂർത്തിയാകേണ്ടത്. അതിനുശേഷം മൊബൈൽ എഡിറ്റിങ് ഓപ്ഷൻ അവസാനിപ്പിച്ചു പാരിഷ് രജിസ്റ്ററിയുടെ മുഴുവൻ സാധ്യതകളും ഇടവകയിൽ ഉപയോഗിക്കുകയെന്നതാണു 2-ാം ഘട്ടം. അക്കൗണ്ടിങ് സോഫ്റ്റ്‌വെയറിന്റെ ഉപയോഗമാണു 3-ാം ഘട്ടം. നവംബർ 12-ന് മീഡിയാവില്ലേജിൽ ഒരു ദിവസം മുഴുവൻ നീളുന്ന ട്രെയിനിങ് ഒരുക്കുന്നുണ്ട്. അതിൽ 18 ഫൊറോനകളിൽ നിന്നുമായി വൈദികരും സന്യസ്തരും അൽമായരും അടങ്ങുന്ന My Parish Training Team നെ തയ്യാറാക്കുന്നതാണ്. അവരുടെ നേതൃത്വത്തിൽ ഇടവകകളിൽ കൃത്യമായ തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നതായിരിക്കും. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

## നിത്യതയിലേക്ക്



**സി. ഡെൽഫീന മുള്ളങ്കുഴി SH**



**സി. ദെപ്പാസി വാലുമണ്ണേൽ CMC**



**സി. റോസുള മാരൂർ പനന്തോട്ടം CMC**



**സി. ലീമാ റോസ് ഞരളക്കാട്ട് SD**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." (2 തിമോ. 4:7)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ആരാധനക്രമവത്സരത്തിലെ അവസാനകാലമായ പള്ളിക്കൂദാശാക്കാലത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. സഭാമാതാവിന്റെ മഹത്വീകരണത്തെക്കുറിച്ചു ധ്യാനിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ തന്നെ വിശുദ്ധീകരണത്തിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. പ്രത്യേകിച്ച് വിശ്വാസപരിശീലനവേദിയിലൂടെ ലഭിക്കുന്ന അവസരങ്ങളെ നമ്മുടെ ആത്മീയ വളർച്ചയ്ക്കും സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള ജീവിതത്തിനും ഉപകാരപ്പെടുത്താം. വിശ്വാസപരിശീലനക്ലാസ്സുകളും ബൈബിൾ കലോത്സവവും CRT സന്ദർശനവുമൊക്കെ നമ്മുടെ വിശ്വാസജീവിതത്തിന് പുത്തൻ ഉണർവ് ഏകട്ടെയെന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**നവംബർ**

| | | |
|---|---|---|
| 5 ശനി | : | വി. സഖറിയായും, വി. ഏലീശ്വായും<br>BCT Class (Batch 1) രണ്ടാം ദിവസം സന്ദേശനിലയം, CLT Class - 15 |
| 6 ഞായർ | : | പള്ളിക്കൂദാശ രണ്ടാം ഞായർ, ക്ലാസ്സ് – 23<br>SMCC പ്രതിഭാ അവാർഡ് ഫൊറോനാതല ശില്പശാല |
| 12 ശനി | : | BCT Class (Batch 1) മൂന്നാം ദിവസം സന്ദേശനിലയം, CLT Class - 16 |
| 13 ഞായർ | : | പള്ളിക്കൂദാശ മൂന്നാം ഞായർ, ക്ലാസ്സ് – 24<br>SMCC പ്രതിഭാ അവാർഡ് ഫൊറോനാതല ശില്പശാല |
| 18 വെള്ളി | : | **SMCC പ്രതിഭാ അവാർഡിനുള്ള അതിരൂപതാതല ക്യാമ്പ് ആരംഭം** |
| 19 ശനി | : | CLT Class - 17 |
| 20 ഞായർ | : | പള്ളിക്കൂദാശ നാലാം ഞായർ, ക്ലാസ്സ് – 25 |
| 26 ശനി | : | CLT Class - 18 |
| 27 ഞായർ | : | മംഗളവാർത്ത ഒന്നാം ഞായർ, ക്ലാസ്സ് – 26 |
| 30 ബുധൻ | : | മാർ അന്ത്രയോസ് ശ്ലീഹാ |

**ഡിസംബർ**

1 വ്യാഴം : **ഇരുപത്തഞ്ച് നോമ്പാരംഭം**

3 ശനി : വി. ഫ്രാൻസിസ് സേവ്യർ, CLT Class - 19

4 ഞായർ : മംഗളവാർത്ത രണ്ടാം ഞായർ, ക്ലാസ്സ് – 27

8 വ്യാഴം : **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** *(ഓഫീസ് അവധി)*

### SMCC പ്രതിഭാ അവാർഡ് ഫൊറോനാതല തിരഞ്ഞെടുപ്പ് തീയതികൾ

നവംബർ 6 – ആലപ്പുഴ, ചങ്ങനാശേരി, മുഹമ്മ, മണിമല, തൃക്കൊടിത്താനം, കോട്ടയം, കുടമാളൂർ, അതിരമ്പുഴ

നവംബർ 13 – എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം, ചെങ്ങന്നൂർ, തുരുത്തി, കുറുമ്പനാടം, നെടുംകുന്നം

തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനാകൾക്കായുള്ള തീയതികൾ അതാത് ഫൊറോനാ കേന്ദ്രങ്ങൾ അറിയിക്കുന്നതായിരിക്കും.

### SMCC അതിരൂപതാതല സെലക്ഷൻ ക്യാമ്പ്

SMCC അതിരൂപതാ സെലക്ഷൻ ക്യാമ്പ് നവംബർ 18, 19, 20 (വെള്ളി, ശനി, ഞായർ) തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടും. ഫൊറോനാതല ശില്പശാലയിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിരൂപതാതല ശില്പശാലയിൽ പങ്കെടുക്കേണ്ടതാണ്.

### CRT VISIT

ഈ വർഷത്തെ CRT സന്ദർശനം ആരംഭിച്ചിരിക്കുകയാണ്. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി അധ്യാപകരെ കേന്ദ്രീകരിച്ച് ഈ വർഷത്തെ സന്ദർശനം നടത്താനാണ് ആഗ്രഹിക്കുന്നത്. നമ്മുടെ വിശ്വാസപരിശീലന പദ്ധതിയുടെ ഭാഗമായുള്ള ക്രമീകരണങ്ങളെ വിലയിരുത്തുക, അതിന്റെ വെളിച്ചത്തിൽ സന്ദേശനിലയത്തിന്റെ ഭാവിപ്രവർത്തനങ്ങളെ വിഭാവനം ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് പ്രധാനമായും ഇതിനുള്ളത്. അതിനാൽ സൺഡേസ്കൂളുകൾക്ക് പ്രത്യേകമായ അവാർഡുകൾ നല്കുകയെന്ന ലക്ഷ്യം ഈ വർഷത്തെ CRT സന്ദർശനത്തിന് ഉണ്ടായിരിക്കുകയില്ല. പകരം സൺഡേസ്കൂളുകൾ വിശ്വാസപരിശീലനരംഗത്തു നേരിടുന്ന വെല്ലുവിളികൾ അധ്യാപകർ പങ്കുവയ്ക്കുകയും CRT അംഗങ്ങൾ അതു സന്ദേശനിലയത്തിൽ അറിയിക്കുകയും ചെയ്യുന്നതുവഴി ഈ സന്ദർശനത്തിന്റെ ലക്ഷ്യം നേടാമെന്നു പ്രതീക്ഷിക്കുന്നു. CRT വിസിറ്റുമായി ബന്ധപ്പെട്ട് സൺഡേസ്കൂളുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രധാനാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ നല്കിയിട്ടുള്ളത് ശ്രദ്ധിച്ച് വേണ്ട മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്. 2023 ജനുവരി 1 നു മുമ്പായി CRT വിസിറ്റ് പൂർത്തിയാക്കേണ്ടതാണ്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**പ്രത്യേകശ്രദ്ധയ്ക്ക്**

അതിരൂപതാ ബൈബിൾ കലോത്സവത്തിന്റെ ട്രോഫികൾ ഇനിയും നല്കാനുള്ളവർ നവംബർ 15-നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. മതബോധനവിഹിതവും പാഠപുസ്തകങ്ങളുടെ തുകയും അടയ്ക്കാനുള്ളവർ എത്രയുംവേഗം അടയ്ക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

പാറേൽ സൺഡേസ്കൂൾ വിദ്യാർത്ഥിനി ജെസ്സ അനിൽ കരിങ്ങടയുടെയും പഴവങ്ങാടി സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്ററും സി.ആർ.റ്റി. അംഗവുമായ ഫിലിപ്പ് റ്റി. പുതുവനയുടെ പിതാവിന്റെയും നാലുകോടി സൺഡേസ്കൂൾ അധ്യാപകൻ ജോർജ് സെബാസ്റ്റ്യൻ കുറുക്കൻകുഴി, അധ്യാപിക ക്ലാരമ്മ ചാക്കോ, പുളിങ്കുന്ന് സൺഡേസ്കൂൾ അധ്യാപകൻ ജോസ് ആന്റണി എന്നിവരുടെ മാതാക്കളുടെയും മാടപ്പള്ളി സൺഡേസ്കൂൾ അധ്യാപിക റീത്താമ്മ പരവൻപറമ്പിലിന്റെ ഭർത്താവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻ ലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.


**അതിരൂപതാ ചരിത്രകമ്മീഷൻ പ്രസിദ്ധീകരിക്കുന്ന**

**സഭയുടെ വളർച്ചയിൽ അതിരൂപതയുടെ പങ്കാളിത്തം**

**(ചങ്ങനാശേരി അതിരൂപത ഇന്നലെ, ഇന്ന് വാല്യം III, ഭാഗം II)**

എന്ന ഗ്രന്ഥത്തിന്റെ പ്രീ പബ്ലിക്കേഷൻ സൗജന്യം
നവംബർ 15 വരെ നീട്ടിയിരിക്കുന്നു.

**ക്രൗൺ 1/4 സൈസ്, മൾട്ടികളർ, കെയ്സ് ബയന്റിംഗ്,**
**മുന്നൂറോളം പേജുകൾ**
**ഐ.റ്റി.സി. മാപ്ലിത്തോ 80 gsm പേപ്പർ**

**മുഖവില ₹ 850 | സൗജന്യവില ₹ 550**

ചങ്ങനാശേരി സെന്റ് ജോസഫ് ഓർഫനേജ് ബുക്സ്റ്റാളിലും ഫൊറോനാ പള്ളികളിലും ബുക്കിംഗ് സ്വീകരിക്കുന്നു.

**നവംബർ 28 മുതൽ പുസ്തകം വിതരണം ചെയ്യുന്നു**

**അതിരൂപതാ ചരിത്രകമ്മീഷൻ:** 9495686825

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

ആരാധനാവത്സരത്തിലെ അവസാനകാലമായ പള്ളിക്കൂദാശക്കാലത്തേക്കു നാം പ്രവേശിച്ചിരിക്കുന്നു. സ്വർഗ്ഗീയജീവിതം മുന്നിൽ കണ്ടുകൊണ്ടുള്ള ജീവിതമാണ് നമ്മുടേത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്ന കാലം. വി. കൊച്ചുത്രേസ്യായെപ്പോലെ, വി. അൽഫോൻസായെപ്പോലെ വിശുദ്ധിയിൽ വളർന്ന് സ്വർഗ്ഗത്തെ ലക്ഷ്യമാക്കി നീങ്ങാം. മിഷൻ ഞായർ എല്ലാ ശാഖകളിലും വളരെ പ്രാധാന്യത്തോടെ ആഘോഷിച്ചുവെന്നു കരുതുന്നു. മിഷനറിയാകുക അല്ലെങ്കിൽ മിഷൻ പ്രവർത്തനത്തെ സഹായിക്കുകയെന്നത് കുഞ്ഞുമിഷനറിമാരുടെ കടമയാണ്. കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ എല്ലാവിധ നന്മകളും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**നവംബർ**

6 ഞായർ – ബത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

19 ശനി – **മദ്ബഹാ ശുശ്രൂഷികളുടെ അതിരൂപതാ സെമിനാർ – സെന്റ് തോമസ് മൈനർ സെമിനാരി, കുറിച്ചി**

**ഡിസംബർ**

1 വ്യാഴം – 25 നോമ്പാരംഭം, **"ഉണ്ണിയെത്തേടി"** ആരംഭം, എക്ലേസിയ ക്വിസ്, മേഖലകളുടെ ലിസ്റ്റ് സമർപ്പിക്കേണ്ട അവസാന തീയതി

3 ശനി – വി. ഫ്രാൻസിസ് സേവ്യർ

8 വ്യാഴം – **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** *(ഓഫീസ് അവധി)*

10 ശനി – **എക്ലേസിയ ക്വിസ്, മിഷൻ ആന്തമത്സരം**

**കെരുബിം 2022 (മദ്ബഹാ ശുശ്രൂഷികളുടെ സെമിനാർ)**

ഈ വർഷത്തെ മദ്ബഹാ ശുശ്രൂഷികളുടെ അതിരൂപതാതല സെമിനാർ (കെരുബിം 2022) നവംബർ 19–ാം തീയതി കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നതാണ്. ഈ വർഷവും ഓരോ ഇടവകയിൽ നിന്നും Best Altar Boy യെ തെരഞ്ഞെടുത്ത് അതിരൂപതാതലത്തിൽ **മാർ കുര്യാളശേരി അവാർഡ്** നല്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. അതിന്

ഒരുക്കമായിട്ടുള്ള ഒരു സെമിനാർ കൂടിയാണിത്. ഓരോ ഇടവകയിൽ നിന്നും വികാരിയച്ചന്മാർ തെരഞ്ഞെടുത്തുവിടുന്ന, ദൈവവിളിയോട് ആഭിമുഖ്യമുള്ള 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന രണ്ട് ആൺകുട്ടികളെയാണ് സെമിനാറിലേയ്ക്കു പ്രതീക്ഷിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 150 രൂപ. രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 4.00 ന് അവസാനിക്കുന്നതായിരിക്കും. ഉച്ചഭക്ഷണം നല്കുന്നതാണ്. നവംബർ 10-നകം അതിരൂപതാ മിഷൻലീഗ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

**മിഷൻ വോയിസ് പത്രം**

മിഷൻലീഗ് അംഗങ്ങൾ പ്രാർത്ഥിക്കാനായി ദത്തെടുത്തിരിക്കുന്ന മിഷൻ കേന്ദ്രങ്ങളെപ്പറ്റി പഠിച്ചും വിവരങ്ങൾ ശേഖരിച്ചും ശാഖയിൽ തയ്യാറാക്കുന്ന പത്രം ഡിസംബർ 10ന് മുൻപായി അതിരൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ് (വിശദവിവരങ്ങൾക്ക് മാർഗരേഖ പേജ് 35 കാണുക).

**എക്ലേസിയ ക്വിസ് / മിഷൻ ആന്തം**

നവംബർ 12-ാം തീയതി നടത്താനിരുന്ന എക്ലേസിയ ക്വിസ്, മിഷൻ ആന്തമത്സരം എന്നിവ ഡിസംബർ 10-ാം തീയതി ശനിയാഴ്ചയിലേക്കു മാറ്റിയിരിക്കുന്നു. മേഖലയിൽ മത്സരം നടത്തി ഒന്നും രണ്ടും സ്ഥാനത്തിന് അർഹരായ ടീമുകളുടെ പേരു വിവരങ്ങൾ നവംബർ 30ന് മുമ്പായി അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു (വിശദവിവരങ്ങൾക്ക് മാർഗരേഖ പേജ് 34 കാണുക).

**ഉണ്ണിയെത്തേടി**

ഈ കാലഘട്ടത്തിൽ കുട്ടികളും യുവജനങ്ങളും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ലഹരിപദാർത്ഥങ്ങളുടെ ലഭ്യതയും അതിന്റെ ഉപയോഗവുമാണ്. അതിനെതിരെ ഒരു പോരാട്ടം ആയാലോ? മതാധ്യാപകരുടെ നേതൃത്വത്തിൽ ശാഖാതല മിഷൻലീഗ് ഭാരവാഹികൾ അതിരൂപതയിൽ നിന്നും ലഹരിക്കെതിരെ നൽകുന്ന പോസ്റ്ററുകൾ (ബുക്ക്) കുട്ടികൾക്കു യഥാസമയം നൽകുകയും അവയിലെ നിർദ്ദേശങ്ങൾ അവർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ?

കൂടാതെ ശാഖാതലത്തിൽ ലഹരിക്കെതിരെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതും നല്ലതായിരിക്കും. ലഹരിക്കെതിരെ പ്രാർത്ഥനകൾ ചൊല്ലുക, പ്രതിജ്ഞ എടുക്കുക, ബോധവത്ക്കരണ ക്ലാസുകൾ, വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക, ക്രിസ്തുമസ് രാത്രി കുർബാനയ്ക്കുശേഷം തെരുവുനാടകം, ഫ്ളാഷ് മൂവ് *etc.* നടത്തുക.

❍

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

# അഖില കേരളാ ക്വിസ് മത്സരം



**എടത്വാ സെന്റ് ജോർജ് സൺഡേസ്കൂൾ**
**2022 നവംബർ 20 ഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക്**

| | |
|---|---|
| ഒന്നാം സമ്മാനം | ₹5000 & ട്രോഫി |
| രണ്ടാം സമ്മാനം | ₹4000 & ട്രോഫി |
| മൂന്നാം സമ്മാനം | ₹3000 & ട്രോഫി |
| നാലാം സമ്മാനം | ₹2000 |
| അഞ്ചാം സമ്മാനം | ₹1000 |

## വിഷയങ്ങൾ

| | | |
|---|---|---|
| 1. | ജോഷ്വാ 1 മുതൽ 12 വരെ അദ്ധ്യായങ്ങൾ | 30% |
| 2. | വി. മർക്കോസ് 9 മുതൽ 16 വരെ അദ്ധ്യായങ്ങൾ | 30% |
| 3. | 1 കോറിന്തോസ് 9 മുതൽ 16 വരെ അദ്ധ്യായങ്ങൾ | 10% |
| 4. | ജീവചരിത്രം - പുത്തൻപറമ്പിൽ തൊമ്മച്ചൻ | 30% |

## നിബന്ധനകൾ

1. *പങ്കെടുക്കേണ്ടവർ: ഒരു വർഷത്തിൽ കുറയാതെ സർവീസുള്ളവരും ഇപ്പോൾ അദ്ധ്യാപനം നടത്തുന്ന മതാദ്ധ്യാപകർ, 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ.*
2. *ഒരു അദ്ധ്യാപകനും 2 വിദ്യാർത്ഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.*
3. *മത്സരസമയത്തു സാക്ഷ്യപത്രവും (ഇടവക വികാരി/ ഹെഡ്മാസ്റ്റർ) രജിസ്ട്രേഷൻ ഫീസും (ടീം ഒന്നിന് 100 രൂപ) കൊണ്ടുവരേണ്ടതാണ്.*
4. *ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.*

വികാരി : ഫാ. മാത്യു ചൂരവടി Sr.
ഡയറക്ടർ : ഫാ. മിജോ കൈതപ്പറമ്പിൽ
സെക്രട്ടറി : സി. സിസി മരിയ പറപ്പള്ളി SABS (8075736203)
ഹെഡ്മാസ്റ്റർ : പ്രൊഫ. ജറോം പി.വി. ഇരുപത്തേഴിൽ (9495162685)

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

സുഖമെന്നു വിശ്വസിക്കുന്നു. നമ്മുടെ നാവും സ്വരവുമായ ദീപിക ദിനപ്പത്രത്തെക്കുറിച്ചുതന്നെ ആദ്യം പറയാൻ ആഗ്രഹിക്കുകയാണ്. ഒക്ടോബർ, നവംബർ മാസങ്ങൾ ദീപിക തീവ്രപ്രചാരണ മാസങ്ങളായി നാം പറഞ്ഞിരുന്നല്ലോ. നവംബർ 30 നകം എല്ലാ ഇടവകകളിലും കൂട്ടായ്മാ ലീഡേഴ്സും ഡി.എഫ്.സി. അംഗങ്ങളും ചേർന്നു സന്ദർശനം നടത്തി പരമാവധി വരിക്കാരെ ചേർക്കണമെന്നു സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. ഇതിനാവശ്യമായ എല്ലാ സഹായങ്ങളും ബഹു. വികാരിയച്ചന്മാർ ചെയ്തു കൊടുക്കുമല്ലോ.

ദൈവവചനം എല്ലാവരിലും ജീവിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ കുടുംബക്കൂട്ടായ്മാ വിഭാഗവും ബൈബിൾ അപ്പോസ്തലേറ്റും മാക് ടിവിയും ചേർന്നു സംഘടിപ്പിക്കുന്ന 'നൂറുമേനി' എന്ന പരിപാടിയിൽ എല്ലാ കുടുംബക്കൂട്ടായ്മകളും സജീവമായി പങ്കെടുക്കണമെന്ന് എല്ലാവരെയും വീണ്ടും ഓർമിപ്പിക്കുന്നു.

നാം കഴിഞ്ഞ മംഗളവാർത്തക്കാലത്തിലാരംഭിച്ച ഏകദിന ബൈബിൾ കോഴ്സ് ഒരു വിഷയത്തോടുകൂടി തീരുകയാണ്. പങ്കെടുത്ത എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ. അടുത്ത ബാച്ച് ഈ മംഗളവാർത്തക്കാലത്തിൽ ആരംഭിക്കുമ്പോൾ കൂടുതൽ ആളുകൾ ഓരോ ഇടവകയിൽനിന്നും ഈ കോഴ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ലോഗോസ് ക്വിസ് മത്സരം ഭംഗിയായി ക്രമീകരിക്കുന്നതിനു സഹായിച്ചവർക്ക് ഒരിക്കൽകൂടി നന്ദിയറിയിക്കുന്നു.

എല്ലാ ദൈവാനുഗ്രഹങ്ങളും സ്നേഹപൂർവം നേരുന്നു.

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

**കൂട്ടായ്മകളിൽ വചനോത്സവമായി നൂറുമേനി  വചനമനഃപാഠമത്സരം**

മാർത്തോമ്മാശ്ലീഹാ വർഷാചരണം-കേരള സഭാനവീകരണ കാലത്തോടനുബന്ധിച്ച് അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ്-കുടുംബക്കൂട്ടായ്മ മാക് ടിവിയുമായി ചേർന്നു നടത്തുന്ന ഫാമിലി വചന മനഃപാഠമത്സരമാണിത്.

ഒന്നാം റൗണ്ട്: കൂട്ടായ്മാതലം (അതിരൂപതയിലെ 3000 കുടുംബക്കൂട്ടായ്മകളിൽ)
രണ്ടാം റൗണ്ട്: ഇടവകതലം
മൂന്നാം റൗണ്ട്: അതിരൂപതാതലം

**പഠനഭാഗം**

അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ്-കുടുംബക്കൂട്ടായ്മ തയ്യാറാക്കിയിരിക്കുന്ന 'നൂറുമേനി: വചനം ഹൃദയത്തിലും ജീവിതത്തിലും' എന്ന

പുസ്തകത്തെ അടിസ്ഥാനമാക്കി ആയിരിക്കും. ഈ പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി വാട്സ്ആപ്പിൽ ലഭ്യമാണ്. മൂവായിരം കുടുംബക്കൂട്ടായ്മകൾക്കും പുസ്തകത്തിന്റെ ഒരു കോപ്പി സൗജന്യമായി നൽകുന്നതാണ്. കൂടുതൽ കോപ്പി ആവശ്യമുള്ളവർക്കു പ്രിന്റിംഗ് കോസ്റ്റിൽ നൽകുന്നതാണ്.

**നൂറുമേനി വചനപഠന ഇടവകതല ഉദ്ഘാടനം നവംബർ 6 ഞായർ**

നവംബർ 6 ഞായർ മുതൽ മാക് ടിവിയിലൂടെ ഇതിന്റെ പഠന ഓഡിയോ ഓരോ ദിവസവും വിഷയാടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്.

**പങ്കെടുക്കുന്നവർ**

ഒരു കുടുംബത്തിൽനിന്ന് ഒരാൾക്കോ രണ്ടോ മൂന്നോ പേർക്കുവരെ പങ്കെടുക്കാം. ഒരു കുടുംബത്തിൽനിന്ന് ഒരു ടീം മാത്രം.

**മത്സരം**

**1. കുടുംബക്കൂട്ടായ്മാതലം**

ഡിസംബർ-ജനുവരിമാസങ്ങളിലെ പതിവുള്ള കുടുംബക്കൂട്ടായ്മകളിൽ വച്ച് വ്യക്തിഗതമായാണ് മത്സരം.

25 വചനമോ അതിൽ കൂടുതലോ ശരിയാക്കുന്നവർ ഇടവകതല മത്സരത്തിനു യോഗ്യത നേടുന്നു. കൂട്ടായ്മാതലത്തിൽ യോഗ്യത നേടുന്ന വ്യക്തിക്കു കുടുംബത്തിൽനിന്നു രണ്ടുപേരെകൂടെ ടീമിൽ ഉൾപ്പെടുത്താവുന്നതാണ്.

കുടുംബക്കൂട്ടായ്മകളിൽ ആദ്യസ്ഥാനങ്ങളിൽ എത്തുന്നവർക്ക് ഇടവകയിൽനിന്നു സമ്മാനങ്ങൾ നൽകുന്നു.

**2. ഇടവകതലം**

2023 ഫെബ്രുവരി 19 ഞായർ (2 മണിക്കൂർ എഴുത്തുമത്സരം) ഇടവകതല മത്സരവിജയികൾക്കുള്ള സമ്മാനം അതിരൂപതയിൽനിന്നു നൽകുന്നതാണ്.

ഏറ്റവും കൂടുതൽ വചനം ശരിയാക്കുന്ന വ്യക്തിക്കും ഇടവകതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന കുടുംബത്തിനും നൂറുമേനി സിൽവർ ലെവൽ സമ്മാനങ്ങൾ ഉണ്ടാകും.

ഇടവകതലത്തിൽ വ്യക്തിഗതമായ എഴുത്തുമത്സരമാണ്. വ്യക്തിഗതമായ മാർക്കും ഒരു കുടുംബത്തിലെ പൊതുവായ മാർക്കും പരിഗണിച്ചായിരിക്കും സമ്മാനങ്ങൾ.

ഇടവകതലത്തിൽ സമ്മാനാർഹരാകുന്നവർക്കും ഫാമിലിയായി മുന്നൂറു വചനമോ അതിൽ കൂടുതലോ ശരിയാക്കുന്നവർക്കും അതിരൂപതാതല മത്സരത്തിനു യോഗ്യത ലഭിക്കുന്നതാണ്.

വ്യക്തിഗതമായി നൂറുവചനം ശരിയാക്കുന്ന എല്ലാവർക്കും അതിരൂപതാതലത്തിൽ നൂറുമേനി സർട്ടിഫിക്കറ്റും മെഗാസമ്മാനവും ലഭിക്കുന്നതാണ്.

ഇടവകതലത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്കു ഫൊറോനാതലത്തിൽ സമ്മാനം ഉണ്ടാകും.

**3. അതിരൂപതാതലമത്സരം**

2023 ഏപ്രിൽ 27 ശനി രാവിലെ 10 മുതൽ തെക്കൻ മേഖല, ആലപ്പുഴ മേഖല,

ചങ്ങനാശേരി മേഖല, കോട്ടയം മേഖല, നെടുംകുന്നം മേഖല എന്നിങ്ങനെ അഞ്ചു റീജിയനുകളിലായിരിക്കും അതിരൂപതാതലമത്സരം. റീജിയൻതലത്തിൽ വിജയിക്കുന്ന നൂറുപേർക്ക് നൂറുമേനി ഗോൾഡൻ ലെവൽ സമ്മാനം ഉണ്ടാകും. കൂടാതെ റീജിയൻതലത്തിൽ ഒന്നാമതു വരുന്ന ഫാമിലിക്ക് നൂറുമേനി ഗ്രാന്റ് ഫിനാലെ മാക് ടിവി മെഗാഷോ മത്സരത്തിലേക്കു യോഗ്യത ലഭിക്കുന്നതാണ്.

**4. നൂറുമേനി ഗ്രാന്റ് ഫിനാലെ മാക് ടിവി മെഗാഷോ മത്സരം**

2023 മെയ് 6 ശനി രാവിലെ 10 മണി

നൂറുമേനി ഡയമണ്ട് ലെവൽ സമ്മാനങ്ങൾ

| | | |
|---|---|---|
| 1-ാം സമ്മാനം | - | 25,000 രൂപ |
| 2-ാം സമ്മാനം | - | 15,000 രൂപ |
| 3-ാം സമ്മാനം | - | 10,000 രൂപ |
| 4-ാം സമ്മാനം | - | 5,000 രൂപ |
| 5-ാം സമ്മാനം | - | 3,000 രൂപ |

2 ലക്ഷം രൂപാ വരെ സമ്മാനങ്ങൾ ഒരുക്കുന്ന ഈ വചനപഠന മെഗാ ഇവന്റിലേക്ക് അതിരൂപതയിലെ 80,000 കുടുംബാംഗങ്ങളെയും സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കു കുടുംബക്കൂട്ടായ്മ & ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസ്, ഫോൺ: 7306208356.

### ദീപിക തീവ്രപ്രചാരണമാസം : COFFEE CHALLENGE

**ഒരു ദിവസം ഒരു കപ്പ് കാപ്പിയുടെ പണം മാറ്റിവച്ചാൽ എല്ലാ ഭവനത്തിലും ദീപിക ദിനപത്രം വരുത്താൻ കഴിയുമെന്ന തീരുമാനമെടുക്കാനുള്ള ചലഞ്ചാണ് ഇത്.** ഈ മുദ്രാവാക്യവുമായി നവംബർ മാസം കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിൽ ദീപികപ്രചാരണം നമ്മുടെ അതിരൂപത മുഴുവൻ നടത്തുവാൻ അഭി. മാർ ജോസഫ് പെരുംന്തോട്ടം പിതാവ് ആഹ്വാനം ചെയ്തിരിക്കുകയാണ്.

ഒരു കൂട്ടായ്മയിലെ മുഴുവൻ വീടുകളിലും ദീപിക പത്രം വരുത്തുന്ന സമ്പൂർണ്ണ ദീപിക കൂട്ടായ്മകൾക്ക് അതിരൂപതാതലത്തിൽ പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്.

ഓരോ ഇടവകയ്ക്കും അഭി. പിതാവ് ഈ വർഷം നൽകിയിരിക്കുന്ന മിനിമം ടാർജറ്റ് ഇടവകയുടെ കുടുംബങ്ങളുടെ 40% ഭവനങ്ങളിൽ ദീപിക ദിനപത്രം പ്രചരിപ്പിക്കാൻ കഴിയണം എന്നതാണ്.

80% ന് മുകളിൽ ദീപിക വരിക്കാരാവുന്ന ഇടവകയ്ക്ക് അതിരൂപതാതലത്തിൽ പ്രത്യേകം സമ്മാനങ്ങൾ നൽകി ആദരിക്കുന്നതാണ്.

## വാർത്തകൾ - പ്രവർത്തനങ്ങൾ

### കെ.എൽ.റ്റി. കോഴ്സ്

കെ.എൽ.റ്റി കോഴ്സ് 4-ാം ബാച്ച് നടന്നുവരുന്നു. 24 - 10 - 2022 തിങ്കളാഴ്ച രാവിലെ 10 മുതൽ 12.30 വരെ റവ. ഫാ. ജോസഫ് ഇലഞ്ഞിമറ്റം മാധ്യമങ്ങളെക്കുറിച്ച് ക്ലാസെടുത്തു. ബഹു. അച്ചനെ നന്ദിയോടെ ഓർക്കുന്നു.

### ബൈബിൾ കൈയെഴുത്ത്

എല്ലാവരും നന്നായി സഹകരിക്കുന്നതിന് നന്ദി. ഇതുവരെയുള്ള ഭാഗങ്ങൾ എഴുതി പൂർത്തിയാക്കാത്തവർ എത്രയും വേഗം എഴുതി പൂർത്തിയാക്കേണ്ട താണ്. 2023 ൽ കുടുംബക്കൂട്ടായ്മ മഹാസംഗമം നടക്കുമ്പോൾ ഈ ഉദ്യമം പൂർത്തീകരിച്ചവരെ പ്രത്യേകം ആദരിക്കുന്നതാണ്.

### പ്രത്യേക ശ്രദ്ധയ്ക്ക്

ഹോം മിഷൻ നടത്താനാഗ്രഹിക്കുന്ന ഇടവകകൾ അതാത് ഇടവകകളിൽ ശുശ്രൂഷചെയ്യുന്ന സന്യാസിനിസമൂഹങ്ങളുടെ ഹോം മിഷൻ ടീമുമായോ, അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസുമായോ ബന്ധപ്പെട്ട് വേണ്ട ക്രമീക രണങ്ങൾ ഉടൻതന്നെ ചെയ്യേണ്ടതാണ്. 9447432531, 7306208356

## അറിയിപ്പുകൾ

### സംഘടനകൾ–പ്രസ്ഥാനങ്ങൾ: കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിലുള്ള പുനർ ക്രമീകരണം

അഭി. പിതാവിന്റെ നിർദേശാനുസരണം നമ്മുടെ ഇടവകകളിൽ കുടുംബ ക്കൂട്ടായ്മ അടിസ്ഥാനത്തിൽ സംഘടന-പ്രസ്ഥാന സംവിധാനങ്ങൾ പുനർക്രമീ കരിക്കേണ്ടതായിട്ടുണ്ട്. അതിൻപ്രകാരം നവംബർ-ഡിസംബർ മാസങ്ങളിലായി തെരഞ്ഞെടുപ്പുകൾ പൂർത്തീകരിക്കേണ്ടതാണ്. കൂട്ടായ്മാ ലീഡേഴ്സിനെയും സെക്രട്ടറിമാരെയും തെരഞ്ഞെടുക്കുന്നതിനോടൊപ്പം പിതൃവേദി-മാതൃവേദി സംഘടനാഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായി 45 വയസിനു മുകളിലുള്ള രണ്ടു പിതാക്കൾ, രണ്ടു മാതാക്കൾ എന്നിവരെയും 45 വയസിൽ താഴെയുള്ള രണ്ടു പിതാക്കൾ, രണ്ടു മാതാക്കൾ എന്നിവരെയും തെരഞ്ഞെടുക്കേണ്ടതാണ്. യുവദീപ്തി തെരഞ്ഞെടുപ്പിനായി കൂട്ടായ്മയിൽനിന്നും ഒരു യുവാവിനെയും ഒരു യുവതിയെയും തെരഞ്ഞെടുക്കണം. മിഷൻലീഗ് ഭാരവാഹികളെ നിശ്ച യിക്കുന്നതിനായി ഒരാൺകുട്ടിയെയും ഒരു പെൺകുട്ടിയെയും തിരുബാല സഖ്യത്തിനായി ഒരു ബാലനെയും ഒരു ബാലികയെയും തെരഞ്ഞെടുക്കണം.

ഓരോ അപ്പോസ്തലേറ്റിലേക്കും 10 കുടുംബത്തിന് ഒരു ആനിമേറ്റർ എന്ന നിലയിലെങ്കിലും പ്രതിനിധികളെ തെരഞ്ഞെടുക്കാനും ശ്രദ്ധിക്കുക.

### വാർഡ് സംവിധാനം

കുടുംബക്കൂട്ടായ്മയിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഒന്നുചേർന്ന് വലിയ ഇടവകകളിൽ വാർഡുതലത്തിൽ ആനിമേഷൻ ടീമും വാർഡ് സംവിധാനവും ഓരോ പ്രസ്ഥാനത്തിനും രൂപീകരിക്കേണ്ടതാണ്.

### ഇടവകതല ഭാരവാഹി തെരഞ്ഞെടുപ്പും ആനിമേഷൻ ടീം രൂപീകരണവും

കൂട്ടായ്മ, വാർഡുതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരും വികാരിയച്ചൻ നോമിനേറ്റ് ചെയ്യുന്ന വ്യക്തികളും ചേർന്നാണ് സംഘടനകളുടെ ഇടവക ഭാര വാഹികളെ തെരഞ്ഞെടുക്കേണ്ടത്. അവർക്ക് തുടർപരിശീലനങ്ങൾ നൽകി ഇടവകയിലെ മുഴുവൻ അംഗങ്ങളിലേക്കും എത്തിച്ചേരാൻ കഴിയുന്ന ആനി മേഷൻ ടീമായി രൂപാന്തരപ്പെടുത്തണം.

ഈ ക്രമീകരണത്തിലൂടെ വേണം പുതുവർഷത്തിൽ എല്ലാ സംഘടനകളും തങ്ങളുടെ സംഘടനാ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടത്. കുടുംബക്കൂട്ടായ്മകൾക്ക് ഇടവകതലത്തിൽ നേതൃത്വം നല്കേണ്ടതും ഈ ആനിമേഷൻ ടീമാണ്. മാസത്തിൽ ഒന്ന് ഇപ്രകാരം കുടുംബക്കൂട്ടായ്മ വാർഡുതലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ (ആനിമേഷൻ ടീം അംഗങ്ങൾ) ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും ഇടവകയുടെയും പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും സജീവമാക്കുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

### ലോഗോസ് ക്വിസ് 2022

ലോഗോസ് ക്വിസ് 2022 മത്സരപ്പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലോഗോസ് വെബ്സൈറ്റിൽനിന്നും പ്രിന്റ് എടുക്കാവുന്നതാണ്. ഇനിയും രജിസ്ട്രേഷൻ ഫീസ് നൽകാനുള്ളവർ ഗൂഗിൾ പേ വഴിയോ നേരിട്ടോ അടയ്ക്കേണ്ടതാണ്. ഗൂഗിൾ പേ നമ്പർ – 7561092580.

### അഭിനന്ദനങ്ങൾ

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ സെമിഫൈനൽ മത്സരത്തിനായി അർഹത നേടിയവർക്കു പ്രത്യേക അഭിനന്ദനങ്ങൾ

എ – വിഭാഗം

അൻസാ സുനീഷ് പാറക്കുളത്തിൽ, സെന്റ് മാത്യൂസ് കോട്ടയ്ക്കുപുറം
റിജോയിസ് പി വർഗീസ് പുത്തൻപുരയ്ക്കൽ പടിഞ്ഞാറേതിൽ, ലൂർദ്ദ് മാതാ പച്ച– ചെക്കിടിക്കാട്
എയ്ഞ്ചൽ ലിജു കണിച്ചേരിൽ, സെന്റ് ജോർജ് മുട്ടാർ

ബി– വിഭാഗം

അലീനാ ജയ്മോൻ തിരുത്തകരയിൽ, ലിറ്റിൽ ഫ്ളവർ ആർപ്പൂക്കര
ജോയേൽ ജോമോൻ പതിനഞ്ചിൽ, കാവാലം ആശ്രമം
സനയാ സൈറസ് വട്ടപ്പിള്ളിൽ, സെന്റ് പീറ്റേഴ്സ് വിഴിഞ്ഞം

സി – വിഭാഗം

സുമി ജോർജ് പഴയപുരയ്ക്കൽ, സെന്റ് മേരീസ് അതിരമ്പുഴ
റോഷ്ന ജോസഫ്, സെന്റ് മേരീസ് ഇത്തിത്താനം
സി. ക്രിസ്റ്റീന ASMI, സെന്റ് ജോർജ് ചീരംചിറ

ഡി – വിഭാഗം

സി. സിസ്സി മരിയ പറപ്പള്ളിൽ SABS, സെന്റ് ജോർജ് എടത്വാ
നിധി ആന്റൺ കൈലാത്ത്, സെന്റ് ആന്റണീസ് കുറുമ്പനാടം
അശ്വതി സണ്ണി, ലൂർദ്ദ് മാതാ കല്ലൂപ്പാറ

ഇ – വിഭാഗം

ജെസ്സി ജോസ് കുഴിത്തോട്ടിയിൽ, സേക്രട്ട് ഹാർട്ട് തിരുവല്ലം
ലിസമ്മ തോമസ് മുക്കാടൻ, മാർ ഗീവർഗീസ് സഹദാ കേശവദാസപുരം
സാലി റോയി, ലൂർദ്ദ് ഫൊറോന തിരുവനന്തപുരം

എഫ് – വിഭാഗം

ക്ലെയർ ജോസഫ് മൂലേശ്ശേരി, സെന്റ് ഗ്രിഗോറിയോസ് പുന്നപ്ര

വത്സമ്മ സ്കറിയ അമ്പലത്തട്ടിൽ, സെന്റ് ജോർജ് തോട്ടയ്ക്കാട്
മറിയമ്മ ജോസഫ് മാടപ്പാട്ട്, സെന്റ് ജോസഫ്സ് വായ്പ്പൂർ

**സെമിഫൈനൽ പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങൾ**

* ജോഷ്വാ 1-12 , പ്രഭാഷകൻ 23-26, മർക്കോസ് 9-16, 1 കോറിന്തോസ് 9-16 മലയാളത്തിൽ POC ബൈബിളും ഇംഗ്ലീഷിൽ NRSV ബൈബിളും ഉപയോഗിക്കണം
* KCBC വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വർഷത്തെ ലഘുപഠനങ്ങൾ

**സെമിഫൈനൽ പരീക്ഷയ്ക്കുള്ള ദിവസം, സമയം, സ്ഥലം**

2022 നവംബർ 6 - ഉച്ചകഴിഞ്ഞു 2 മണി - കൊല്ലം. മത്സരത്തിനുള്ള ക്രമീകരണങ്ങൾ അതിരൂപതാ ഓഫീസിൽനിന്നും ചെയ്യുന്നതാണ്.

**ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിന് അർഹത നേടിയ കുടുംബം**

അലീനാ ജയ്മോൻ, അന്നു ജയ്മോൻ, റാണി ജയ്മോൻ തിരുത്തകരയിൽ, ലിറ്റിൽ ഫ്ളവർ ദേവാലയം ആർപ്പൂക്കര

പ്രിയരേ,

ഫാമിലി അപ്പോസ്തലേറ്റിന്റെ കുടുംബപ്രേഷിത ശുശ്രൂഷകളിൽ സുപ്രധാനമായ സ്ഥാനമാണ് മാതൃവേദി-പിതൃവേദി സംഘടനകൾക്കുള്ളത്. അംഗത്വ പരിഗണനകൾ കൂടാതെ നമ്മുടെ അതിരൂപതയിലെ വിവാഹിതരായ എല്ലാ സ്ത്രീ പുരുഷന്മാരും മാതൃവേദി-പിതൃവേദി അംഗങ്ങൾ ആയിരിക്കണമെന്നുള്ള അഭി. പിതാവിന്റെ സന്ദേശത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് കൂട്ടായ്മാതലം മുതൽ ഈ സംഘടനകളുടെ ക്രമീകരണങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുകയാണ്.

ഇനിമുതൽ ഓരോ ഇടവകയിലെയും വിവാഹം കഴിഞ്ഞ എല്ലാ സ്ത്രീകളും പുരുഷന്മാരും യഥാക്രമം മാതൃവേദി-പിതൃവേദി അംഗങ്ങളാണ് എന്നു പരിഗണിച്ചാണ് ഇലക്ഷൻ നടപടികൾ നടത്തേണ്ടത്. ഈ ഇലക്ഷൻ മുതൽ പ്രത്യേക അംഗത്വ കാർഡുകളോ നമ്പറുകളോ ഉണ്ടായിരിക്കുകയില്ല. ഇലക്ഷന്റെ ആദ്യ ഘട്ടമായി, ഓരോ പ്രായവിഭാഗത്തിനും പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ, ഓരോ കുടുംബക്കൂട്ടായ്മയിൽനിന്നും വിവാഹിതരായ, 45 വയസ്സിൽ താഴെ പ്രായമുള്ള 2 പുരുഷന്മാരും 2 സ്ത്രീകളും, 45 വയസ്സിന് മുകളിൽ പ്രായമുള്ള 2 പുരുഷന്മാരും 2 സ്ത്രീകളും എന്ന ക്രമത്തിൽ തെരഞ്ഞെടുപ്പ് നടത്തണം. കുടുംബക്കൂട്ടായ്മകളിലെ തെരഞ്ഞെടുപ്പ് ഡിസംബർ 3-നകം പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇടവകതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് അതിരൂപതാകേന്ദ്രത്തിൽ നിന്നുള്ള ഇലക്ഷൻ വിജ്ഞാപനം വന്നതിനു ശേഷമേ നടത്താവൂ. കുടുംബക്കൂട്ടായ്മകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ ഒന്നിച്ചുകൂട്ടി അവരിൽ നിന്നാണ് ഇടവകതല ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടത്. എല്ലാവിധ സഹകരണങ്ങളും തുടർന്നും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ഫാ. ബിജോ ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

### 1. നിയമാവലി പരിഷ്ക്കരണം

മാതൃവേദി-പിതൃവേദി സംഘടനകളുടെ നിയമാവലി പരിഷ്ക്കരണത്തിനായുള്ള കമ്മിറ്റിയുടെ അന്തിമയോഗം ഒക്ടോബർ 13-ാം തീയതി 10.30ന് ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ ചേർന്ന് നിയമാവലിയിലെ പുതുക്കിയ നിർദേശങ്ങൾ അതിരൂപതാധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

### 2. അതിരൂപതാ നിർവാഹക സമിതിയോഗം

അതിരൂപതാ കലോത്സവം, ജീവകാരുണ്യ മാസാചരണം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒക്ടോബർ 22-ാം തീയതി രാവിലെ 10 മണിക്ക്

സന്ദേശനിലയം ഹാളിൽ അതിരൂപതാ ഭാരവാഹികളുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും യോഗം ചേർന്നു.

### 3. ഫൊറോനാ കലോത്സവങ്ങൾ പൂർത്തിയായി

സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലായി മാതൃവേദി-പിതൃവേദിയുടെ വിവിധ ഫൊറോനാ കലോത്സവങ്ങൾ നടത്തപ്പെട്ടു. കുടുംബങ്ങളുടെ വിശ്വാസ പരിശീലനവും ജീവിതനവീകരണവും ലക്ഷ്യംവച്ചു സംഘടിപ്പിക്കപ്പെട്ട കലോത്സവങ്ങൾ പങ്കാളിത്തംകൊണ്ടും അവതരണമികവുകൊണ്ടും ഏറെ ശ്രദ്ധിക്കപ്പെട്ടു. കലോത്സവങ്ങളുടെ ഉദ്ദേശ്യം സഫലമാകത്തക്കവിധത്തിൽ അവ ക്രമീകരിക്കാൻ അധ്വാനിച്ച നേതൃനിരയ്ക്കും പങ്കെടുത്തവർക്കും നന്ദിയും അഭിനന്ദനങ്ങളും. ഫൊറോനാ കലോത്സവങ്ങളിൽ നിരീക്ഷകരായി പങ്കെടുത്ത എല്ലാ അതിരൂപതാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## അറിയിപ്പുകൾ

### 1. ജീവകാരുണ്യ മാസാചരണം

നവംബർ മാസം ജീവകാരുണ്യമാസമായി ആചരിക്കുന്നു. വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ നമുക്കു സമൂഹത്തിൽ കാരുണ്യപ്രവർത്തനങ്ങളുടെ മുഖമായി മാറാം.

* നല്ല സമറായൻ ടീം പ്രവർത്തനം
* സാന്ത്വനം - ഞങ്ങളുണ്ട് കൂടെ, സ്നേഹക്കൂട്ടായ്മാ പ്രവർത്തനങ്ങൾ
* പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ

### 2. ദീപിക പ്രചാരണ മാസാചരണം

നവംബർ മാസം ദീപിക പ്രചാരണമാസമായി ആചരിക്കുന്നു. സഭാമക്കൾ എന്ന നിലയിൽ സമുദായബോധവും ഐക്യബോധവും വളർത്താനും പരിപോഷിപ്പിക്കാനുംവേണ്ടി നമ്മുടെ പത്രത്തെ സ്നേഹിക്കാനും പ്രചരിപ്പിക്കാനും അതിന്റെ വരിക്കാരാകുവാനും നമുക്കു ശ്രദ്ധിക്കാം. നിലവിലുള്ള കോപ്പികൾ റിന്യൂ ചെയ്യാനും പുതിയ വരിക്കാരെ കണ്ടെത്താനും നമുക്കു പരിശ്രമിക്കാം. സഭയുടെ പത്രം ഓരോ കുടുംബത്തിലും എത്തിക്കുകയെന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

### 3. അതിരൂപതാ കലോത്സവം

മാതൃവേദി-പിതൃവേദി അതിരൂപതാ കലോത്സവം നവംബർ 12-ാം തീയതി ചങ്ങനാശേരി എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ രാവിലെ 9 മണിക്ക് ഉദ്ഘാടന സമ്മേളനത്തോടെ ആരംഭിക്കുന്നു. 9.15 മുതൽ മത്സരങ്ങൾ.

### 4. ആദരവ് 2022 (നവംബർ 20)

കുടുംബജീവിതവിളിയിൽ നിന്നുകൊണ്ടു സഭയ്ക്കും സമൂഹത്തിനുംവേണ്ടി ഇടവകകളിൽ നിസ്വാർഥസേവനം ചെയ്യുന്ന കൈക്കാരന്മാർ, പാലിയേറ്റീവ് കെയർ-ജീവകാരുണ്യ പ്രവർത്തകർ, മറ്റു ശുശ്രൂഷാരംഗങ്ങളിൽ നിശബ്ദ സേവനം നടത്തുന്ന വ്യക്തികൾ എന്നിവരെ കണ്ടെത്തി ആദരിക്കുന്നു.

**5. ചരിത്രവഴികളിലൂടെ**

ഓരോ യൂണിറ്റും തങ്ങളുടെ ചരിത്രം തയ്യാറാക്കുക. ആരംഭിച്ച വർഷം, മുൻകാല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ, ലഭിച്ച അംഗീകാരങ്ങൾ, യൂണിറ്റിൽനിന്നും ഫൊറോനയിലേക്കും അതിരൂപതയിലേക്കും എത്തിയ മുൻകാല ഭാരവാഹികൾ, യൂണിറ്റുകൾ മുൻ വർഷങ്ങളിൽ നടത്തിയ പ്രത്യേക പരിപാടികൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

**6. എന്റെ ദേവാലയം എന്റെ അഭിമാനം**

എന്റെ ദേവാലയം എന്റെ അഭിമാനം – വാട്സ് ആപ്പ് വീഡിയോ പ്രോഗ്രാം ഇനിയും പൂർത്തിയാക്കാത്ത യൂണിറ്റുകൾ നവംബർ 30 നകം പൂർത്തിയാക്കാൻ ശ്രദ്ധിക്കുക.

**7. മാതൃവേദി പിതൃവേദി യൂണിറ്റ് തെരഞ്ഞെടുപ്പ്**

ഇടവകതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനു മുന്നോടിയായി ഡിസംബർ 3-ാം തീയതിക്കുമുമ്പ് കുടുംബക്കൂട്ടായ്മകളിൽനിന്ന് 45 വയസ്സിൽ താഴെ വിവാഹിതരായ 2 പുരുഷന്മാരെയും 2 സ്ത്രീകളെയും, 45 വയസ്സിനുമുകളിൽ വിവാഹിതരായ 2 പുരുഷന്മാരെയും 2 സ്ത്രീകളെയും തെരഞ്ഞെടുക്കുക.

**8. കുടുംബം ഭൂമിയിലെ സ്വർഗം**

മൊബൈൽ വീഡിയോ കോമ്പറ്റീഷനിൽ പങ്കെടുക്കാനുള്ള സമയം നവംബർ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

**9. ഓർമ്മിക്കാൻ**

1. 2022 ഡിസംബർ 4 ന് പിതൃവേദി റൂബി ജൂബിലി വർഷത്തിന് തുടക്കംകുറിക്കുന്നു.
2. 2022 ഡിസംബർ 17 ന് മാതൃവേദി പിതൃവേദിയുടെ അതിരൂപതാതല വാർഷികം നടത്തപ്പെടുന്നു.

## കുടുംബജ്യോതി മാസികയുടെ പുതുക്കിയ വരിസംഖ്യ

നമ്മുടെ ഫാമിലി അപ്പോസ്തലേറ്റിന്റെ അഭിമാനമായ കുടുംബജ്യോതി മാസിക പ്രസിദ്ധീകരണത്തിന്റെ 41-ാം വർഷത്തിലേക്കു പ്രവേശിക്കുകയാണല്ലോ. ഈ വർഷം മുതൽ കുടുംബജ്യോതി മാസികയുടെ വരിസംഖ്യയിൽ ചെറിയ മാറ്റം വരുത്തുകയാണ്. 2023 ജനുവരി 1 മുതൽ 'കുടുംബജ്യോതി' വാർഷിക വരിസംഖ്യ 180 രൂപ (പോസ്റ്റൽ 200 രൂപ).

## വിവാഹ ഒരുക്ക ധ്യാനം

| NOVEMBER | | DECEMBER | |
|---|---|---|---|
| 07, 08, 09 | ZION | 12, 13, 14 | ZION |
| 14, 15, 16 | CHRY | 19, 20, 21 | ZION |
| 21, 22, 23 | ZION | 26, 27, 28 | ZION |

**കൂടുതൽ വിവരങ്ങൾക്ക്**

0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

### കുറുമ്പനാടം ഫൊറോനാ ക്യാംപ്

2022 സെപ്റ്റംബർ 23,24,25 തീയതികളിലായി കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെട്ട കുറുമ്പനാടം ഫൊറോനാ ക്യാംപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ബ്രദർ ആശിഷ് തുണ്ടുപറമ്പിൽ നേതൃത്വം നൽകിയ ക്യാംപിൽ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. ഫാ. നിതിൻ ഇല ഞ്ഞിമറ്റം, ശ്രീ. സിജു ആലഞ്ചേരി, റവ. ഫാ. ജോബിൻ പെരുമ്പള്ളത്തുശ്ശേരി എന്നിവർ ക്ലാസുകൾ നയിച്ചു.

### ഉപവാസ പ്രാർത്ഥനാദിനം

2022 ഒക്ടോബർ 1, ശനി രാവിലെ 10.00 മുതൽ 03.00 വരെ വിവിധ ഫൊറോനാകേന്ദ്രങ്ങളിൽ ഉപവാസ പ്രാർത്ഥനാദിനമായി ആചരിച്ചു. യുവജന ങ്ങൾക്കു കാലഘട്ടത്തിന്റെ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള കരുത്തു ലഭിക്കുകയെന്ന പ്രത്യേക നിയോഗത്തിൽ യുവജനങ്ങൾ ഒത്തുകൂടി.

### പ്രതിഷേധം

ഒക്ടോബർ 2 ഞായറാഴ്ച പ്രവർത്തിദിനമാക്കുവാനുള്ള സർക്കാർ നീക്ക ത്തിൽ പ്രതിഷേധമറിയിച്ചു സംസ്ഥാന വിദ്യാഭാസ – ഉന്നത വിദ്യാഭ്യാസ മന്ത്രി മാർക്കു കത്തുകൾ അയച്ചു. സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യ മർഹിക്കുന്ന ഞായറാഴ്ചയാചരണത്തിനു വിഘാതം സൃഷ്ടിക്കുന്ന ഇത്തരം നടപടികളിൽനിന്നു പിന്മാറണമെന്നു യുവദീപ്തി–എസ്.എം.വൈ.എം. ആവ ശ്യപ്പെട്ടു.

### ചമ്പക്കുളം ഫൊറോനാ ക്യാംപ്

2022 ഒക്ടോബർ 7,8,9 തീയതികളിലായി കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെട്ട ചമ്പക്കുളം ഫൊറോനാ ക്യാംപ് വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം ചെയ്തു. ബ്രദർ ജേക്കബ് കളത്തിൽവീട്ടിൽ നേതൃത്വം നൽകിയ ക്യാംപിൽ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. ഫാ. നിതിൻ ഇലഞ്ഞിമറ്റം, റവ. ഡോ. ഡൊമിനിക് മുരിയ ങ്കാവുങ്കൽ, ശ്രീ. സിജു ആലഞ്ചേരി എന്നിവർ ക്ലാസുകൾ നയിച്ചു.

### പുളിങ്കുന്ന് ഫൊറോനാ ക്യാംപ്

2022 ഒക്ടോബർ 14,15,16 തീയതികളിലായി കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെട്ട പുളിങ്കുന്ന് ഫൊറോനാ ക്യാംപ് ഫൊറോനാ ഡയ റക്ടർ റവ. ഫാ. റ്റോണി മണിയഞ്ചിറ ഉദ്ഘാടനം ചെയ്തു. ബ്രദർ ആശിഷ് തുണ്ടുപറമ്പിൽ നേതൃത്വം നൽകിയ ക്യാംപിൽ റവ. ഫാ. ജോസഫ് ഈറ്റോ ലിൽ, റവ. ഫാ. ജോസഫ് ഇലഞ്ഞിമറ്റം, ശ്രീ. ഷിജോ കണ്ണമല എന്നിവർ ക്ലാസുകൾ നയിച്ചു.

# കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കെ.സി.എസ്.എൽ. കുടുംബാംഗങ്ങളേ,

നമ്മുടെ പ്രവർത്തനങ്ങൾ എല്ലാംതന്നെ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

ചങ്ങനാശേരി അതിരൂപതാ സാഹിത്യോത്സവം-രചനാ മത്സരങ്ങൾ ഒക്ടോബർ ഒന്നിന് വിവിധ സോണുകളിലായി നടത്തപ്പെട്ടു. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ നേർന്നുകൊള്ളുന്നു. ഒക്ടോബർ എട്ടാം തീയതി സംസ്ഥാന തലത്തിലുള്ള സാഹിത്യോത്സവം - രചനാമത്സരങ്ങൾ ചങ്ങനാശേരി സെന്റ് ആൻസ് ഹൈസ്കൂളിൽ നടത്തപ്പെട്ടു. കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ റവ. ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി എന്നീ രൂപതകളിൽ നിന്നായി കുട്ടികളുടെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നുവെന്നുള്ളതു പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്.

ആറുമാസക്കാലം കെ.സി.എസ്.എൽ. സംഘടനയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച് ഇപ്പോൾ പുതിയ മേച്ചിൽ സ്ഥലമായ അദിലാബാദ് രൂപതയിലേക്കു സ്ഥലം മാറിപ്പോയ ബ്രദർ ജസ്റ്റിൻ മുളമൂട്ടിലിന് കെ.സി.എസ്.എൽ. കുടുംബം യാത്രാമംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

ചങ്ങനാശേരി അതിരൂപതയിലെ കെ.സി.എസ്.എൽ. കലോത്സവത്തിന്റെ അവതരണ മത്സരങ്ങൾ ഡിസംബർ 3-ാം തീയതി കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂളിൽ നടത്തുന്ന വിവരം ഓർമിപ്പിക്കുന്നു. എല്ലാവരുടെയും സാന്നിധ്യസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

നവംബർ മാസത്തിൽ ജീസസ് കിഡ്സിനുള്ള കലോത്സവവും സോണൽ കൺവെൻഷനുകളും നടത്തുന്നതാണ്. വിശദവിവരങ്ങൾ അധ്യാപകരെ അറിയിക്കുന്നതാണ്.

നവംബർ 25 ഈശോയുടെ രാജത്വതിരുനാളാണ്. സഖ്യത്തെ സംബന്ധിച്ചു വളരെ പ്രധാനപ്പെട്ട ഈ തിരുനാൾ എല്ലാ സ്കൂളുകളും നടത്തുമല്ലോ. ഈശോ ലോകരക്ഷകൻ എന്ന പേരിൽ റാലികളും സ്റ്റഡി സർക്കിളുകളും മറ്റു പരിപാടികളും സംഘടിപ്പിക്കണമെന്നു പ്രധാനാധ്യാപകരെ ഓർമിപ്പിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

### തുരുത്തി ഫൊറോനാതല സമ്മേളനവും സെമിനാറും

തുരുത്തി മർത്ത് മറിയം ഫൊറോനാ ദേവാലയഹാളിൽ 2022 സെപ്റ്റംബർ 28 ബുധനാഴ്ച നടത്തപ്പെട്ടു. ഫൊറോന – ഇടവകതല ഹെൽപ്പ് ഡെസ്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക എന്നതായിരുന്നു സമ്മേളനത്തിന്റെ ലക്ഷ്യം. മാർ തോമസ് തറയിൽ, തുരുത്തി ഫൊറോനാ വികാരി വെരി റവ. ഫാ. ജോസ് വരിക്കപ്പള്ളി, അതിരൂപതാ ഡയറക്ടർ, കോർഡിനേറ്റർ ടോം ജോസഫ് അറയ്ക്കപ്പറമ്പിൽ, സ്കീം പ്രമോട്ടർ ബേബി വട്ടക്കര, ഫൊറോനാ കോർഡിനേറ്റർ ഫിലിപ്പ് അഗസ്റ്റിൻ, ഇടവക ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### ചങ്ങനാശേരി ഫൊറോനാതല സമ്മേളനവും സെമിനാറും

ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയഹാളിൽ സെപ്റ്റംബർ 29 വ്യാഴാഴ്ച നടത്തപ്പെട്ടു. മാർ തോമസ് തറയിൽ, ഫൊറോനാ ഡയറക്ടർ റവ. ഫാ. ടോബി പുളിക്കാശ്ശേരി, ഫോറോനാ കോർഡിനേറ്റർ പ്രിൻസ് ചക്കാലയിൽ, അതിരൂപതാ ഭാരവാഹികൾ, ഇടവക ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### കുറിച്ചി ഇടവകതല സമ്മേളനവും അനുകൂല്യ സാക്ഷരതാ സെമിനാറും

കുറിച്ചി സെന്റ് ജോസഫ് ദേവാലയ പാരിഷ് ഹാളിൽ 2022 ഒക്ടോബർ 16 ഞായറാഴ്ച നടത്തപ്പെട്ടു. ഇടവക വികാരി റവ. ഫാ. ഷിജോ പുത്തൻപറമ്പിൽ, ഇടവകാംഗങ്ങൾ, ഫൊറോനാ കോർഡിനേറ്റർ, അതിരൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## നവംബർ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### ക്യാൻസർ രോഗികൾക്കു സഹായം

ബിപിഎൽ വിഭാഗത്തിൽപെട്ട നിർധനരായ ക്യാൻസർ രോഗികൾക്കു മാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പക്കൽ നവംബർ 15 ന് മുമ്പായി അപേക്ഷ നൽകണം.

### ഫെഡറൽ ബാങ്ക് സ്കോളർഷിപ്പ്

ഫെഡറൽ ബാങ്ക് നടപ്പാക്കുന്ന ഹോർമിസ് മെമ്മോറിയൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. എംബിബിഎസ്, എൻജിനിയറിംഗ്, ബിഎസ്സി നഴ്സിംഗ്, എംബിഎ, കാർഷിക സർവകലാശാല ഡിഗ്രി കോഴ്സുകൾ എന്നിവയ്ക്കു 2022-23 അധ്യയനവർഷത്തിൽ അഡ്മിഷൻ നേടിയവർക്ക് അപേക്ഷിക്കാം.

സ്കോളർഷിപ്പ് തുക: ഒരു ലക്ഷം രൂപ വരെ; അവസാന തീയതി: ഡിസംബർ 31

***വിശദ വിവരങ്ങൾക്ക്:*** https://www.federalbank.co.in/corporate-social-responsibility എന്ന സൈറ്റ് സന്ദർശിക്കുക.

### വിദ്യാസമുന്നതി സ്കോളർഷിപ്പ്

കേരളത്തിലെ സംവരണരഹിത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന സ്കോളർഷിപ്പുകളാണിവ. നാലുലക്ഷം രൂപവരെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ കേരളത്തിൽ ഹയർ സെക്കന്ററി, ബിരുദ, ബിരുദാനന്തരതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

സ്കോളർഷിപ്പ് തുക: 4000–10000; അവസാന തീയതി: നവംബർ 9

### കേരള ഇഡബ്ല്യൂഎസ്

കേരള ഇഡബ്ല്യൂഎസ് ന്റെ സർട്ടിഫിക്കറ്റ് ഫോമിൽ സർക്കാർ മാറ്റം വരുത്തി. വിദ്യാഭ്യാസം, ജോലി എന്നീ ആവശ്യങ്ങൾക്കു വ്യത്യസ്തമായ സർട്ടിഫിക്കറ്റ് ഫോമുകളാണ് പുതിയതായി പുറത്തിറക്കിയിരിക്കുന്നത്. ഇവയിൽ എപിഎൽ, ബിപിഎൽ വ്യത്യാസവും ഉണ്ട്. അങ്ങനെ ആകെ നാല് സർട്ടിഫിക്കറ്റ് ഫോമുകളാണ് ഇപ്രകാരം പുതിയതായി നിലവിൽ വന്നിരിക്കുന്നത്. ഈ കാര്യം എല്ലാ അപേക്ഷകരും ശ്രദ്ധിക്കുമല്ലോ. അപേക്ഷാഫോമുകൾ കാർപിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

മുകളിൽ പറഞ്ഞ എല്ലാ പദ്ധതികളെക്കുറിച്ചും വിശദവിവരങ്ങൾക്കു കാർപിന്റെ വെബ്സൈറ്റ് സന്ദർശിക്കുക: https://carpchanganacherry.com

**ബേബി വട്ടക്കര**
(കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

# ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി

CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

1947 ൽ ഭാരതം സ്വതന്ത്ര്യയായെങ്കിലും 1956 ലെ സംസ്ഥാന പുന:സംഘടനാ നിയമപ്രകാരമാണ് ഒട്ടുമിക്ക സംസ്ഥാനങ്ങളും പിറവിയെടുത്തത്. അതിൻ പ്രകാരം വിവിധ നാട്ടുരാജ്യങ്ങളുടെ ഭരണത്തിൻ കീഴിൽ കഴിഞ്ഞിരുന്ന മലയാളം സംസാരിക്കുന്ന ജനവിഭാഗങ്ങളെ ഒന്നിച്ചുചേർത്ത് 1956 നവംബർ മാസം ഒന്നാം തീയതി നമ്മുടെ കേരള സംസ്ഥാനം നിലവിൽ വന്നു. അന്നുമുതൽ നവംബർ 1 കേരളപ്പിറവി ദിനമായി നാം ആഘോഷിക്കുന്നു. കേരളപ്പിറവിക്കു മുമ്പും പിമ്പും നാം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കു പലകാര്യങ്ങളിലും മാതൃകയായിരുന്നു. വിദ്യാഭ്യാസം, ആതുരസേവനരംഗം, ആയുർദൈർഘ്യം, കലാസാംസ്കാരിക മേഖലകൾ തുടങ്ങിയ തലങ്ങളിലും ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ചു നാം ഏറെ മുൻപന്തിയിലായിരുന്നു. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നമ്മുടെ നാട് സഞ്ചാരികളുടെ പറുദീസയായിരുന്നു. നമ്മുടെ തൊടികളും, കൃഷിയിടങ്ങളും ഹരിതാഭമായിരുന്നു. എന്നാൽ ഇന്ന് സാഹചര്യം ഏറെ മാറിയിരിക്കുന്നു. എന്തിനും ഏതിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഗതികേടിലാണ് നാം.

കാർഷികമേഖല വൻ പ്രതിസന്ധി നേരിടുന്നു. നമ്മുടെ ചെറുപ്പക്കാർ നാടുവിട്ട് അന്യസംസ്ഥാനങ്ങളിലും രാജ്യങ്ങളിലും കുടിയേറുന്നു. കേരളം ഇന്നു ചലിക്കണമെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾ കനിയണം. ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സ്ത്രീപീഡനങ്ങളുടെയും രാഷ്ട്രീയ സ്പർദ്ധകളുടെയും കൊലപാതകങ്ങളുടെയും മയക്കുമരുന്ന്-ലഹരിക്കടിമകളായവരുടെയും നാടായി മാറിയിരിക്കുന്നു. വികസന സൂചികയിൽ നാം പിന്നാക്കം പോയിരിക്കുന്നു. തെരുവ് നായ്ക്കളുടെ വില പോലും മനുഷ്യനു നൽകാത്ത അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു. കാർഷികമേഖലയിൽ നഷ്ടം സഹിച്ചും പിടിച്ചുനിൽക്കുന്നവർക്ക് കാട്ടുമൃഗങ്ങളുടെ ആക്രമണം ചെറുക്കുവാൻ പോലും അവകാശമില്ലാതായിരിക്കുന്നു. പിറന്ന മണ്ണ് വികസനപ്രവർത്തനങ്ങളുടെ മറവിൽ പലർക്കും നഷ്ടമാകുന്നു. അന്തരീക്ഷ മലിനീകരണവും പരിസ്ഥിതി മലിനീകരണവും അതിന്റെ ഉച്ചകോടിയിൽ എത്തി നിൽക്കുന്നു. ഈ സാഹചര്യത്തിൽ അധികാരികളും രാഷ്ട്രീയക്കാരും പൊതുജനങ്ങളും ബോധപൂർവം പരിശ്രമിച്ചാൽ മാത്രമേ നമ്മുടെ നാടിനെ രക്ഷിക്കാനാവൂ. കേരളപ്പിറവി ദിനത്തിൽ നമ്മുടെ നാടിന്റെ നന്മക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കുവാൻ നമുക്കു പ്രതിജ്ഞയെടുക്കാം. ഏവർക്കും കേരളപ്പിറവി ദിനത്തിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

# അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ മഹായോഗം

## 2022 ഒക്ടോബർ 2–5, സീയോൻ ധ്യാനകേന്ദ്രം, കുന്നന്താനം
































5
ചങ്ങനാശ്ശേരി
അതിരൂപതാ
അസംബ്ലി




ചങ്ങനാശ്ശേരി
അതിരൂപതാ
അസംബ്ലി

















# മാർ തോമസ് പാടിയത്ത്

## മെത്രാഭിഷേകം (ഷംഷാബാദ് രൂപത – 9 ഒക്ടോബർ 2022)

















































## കേന്ദ്ര വാർത്തകൾ

### FPC Ltd.

നബാർഡിന്റെ അംഗീകാരത്തോടെ ചാസിന്റെ ആഭിമുഖ്യത്തിൽ ഒരു കർഷക ഉൽപ്പാദന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഈ കമ്പനിയിൽ അംഗത്വം 300 കർഷകർക്ക് നൽകേണ്ടതുണ്ട്. താത്പര്യമുള്ള കർഷകരെ 2000 രൂപയുടെ ഷെയർ എടുപ്പിച്ച് അംഗത്വം നൽകുന്നതിനായി പ്രത്യേക ക്യാംപെയിൻ ചാസ് യൂണിറ്റുതലങ്ങളിൽ സംഘടിപ്പിച്ചു. ഇതിനോടകം 250 കർഷകർ ഷെയർ എടുത്തുകഴിഞ്ഞു.

| ***തീയതി*** | ***യൂണിറ്റ്*** |
|---|---|
| 20.09.22 | ചീരംചിറ, പാറേൽ |
| 21.09.22 | ഫാത്തിമാപുരം |
| 24.09.22 | ഇത്തിത്താനം, പൊടിപ്പാറ, ചെത്തിപ്പുഴ |
| 26.09.22 | കൊടിനാട്ടുംകുന്ന്, മുണ്ടുപാലം |
| 24.10.22 | ചാഞ്ഞോടി, പായിപ്പാട് |

### യൂണിറ്റ് സന്ദർശനം

യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സെപ്റ്റംബർ 11 ന് മുട്ടാർ ന്യൂ, കിഴക്കേ മിത്രക്കരി എന്നീ യൂണിറ്റുകൾ സന്ദർശിച്ച് ഭാരവാഹികളുമായി ചർച്ച നടത്തി.

### മേഖലാ PME

ചാസിന്റെ ഗ്രാമതല പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിപരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മേഖലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേഖലാ PME സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ യൂണിറ്റ് /മേഖലാ ഭാരവാഹികളുമായി ചർച്ച നടത്തി. മേഖലാ കോർഡിനേറ്റർമാർ നേതൃത്വം നൽകി.

| ***തീയതി*** | ***മേഖല*** |
|---|---|
| 01.10.2022 | കൊല്ലം |
| 01.10.2022 | അമ്പൂരി |

### യൂണിറ്റ് രൂപീകരണം

അമ്പൂരി മേഖലയിൽ വിതുര, പാലോട് എന്നിവിടങ്ങളിൽ ഒക്ടോബർ 2-ാം തീയതി ചാസിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. ചാസിന്റെ പ്രവർത്തന മേഖലകളെക്കുറിച്ച് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ വിശദീകരിച്ചു.

### ഭക്ഷ്യകിറ്റ് വിതരണം

കൊല്ലം മേഖലാ PME യോടനുബന്ധിച്ച് സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന വിവിധ യൂണിറ്റുകളിലെ 32 കുടുംബങ്ങൾക്ക് ഒക്ടോബർ 1-ാം തീയതി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെയും അസിസ്റ്റന്റ്

ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിയുടെയും നേതൃത്വത്തിൽ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

### വാർഷിക ധ്യാനം

ചാസ് സ്റ്റാഫ് അംഗങ്ങൾക്ക് ഒക്ടോബർ 4,5,6 തീയതികളിൽ ചാസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ധ്യാനം റവ. ഫാ. ജോസഫ് കടുപ്പിൽ നയിച്ചു.

### സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ

ചങ്ങനാശേരി SB, അസംപ്ഷൻ, കോന്നി NSS, ചേർപ്പുങ്കൽ BVM, IGNOU എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

### പേപ്പർ ക്യാരി ബാഗ് നിർമ്മാണപരിശീലനം

കോടിമത ബിഗ് മാസ്റ്റർ ട്രെയിനിംഗ് സെന്ററിൽ ചാസ് ടീം അംഗങ്ങൾക്ക് പേപ്പർ ക്യാരി ബാഗ് നിർമ്മിക്കുന്നതിൽ സെപ്റ്റംബർ 30 ന് പരിശീലനം ലഭിച്ചു. 14 അംഗങ്ങൾ പങ്കെടുത്തു.

### സൈക്കോ സോഷ്യൽ ഇന്റർവെൻഷൻ

മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സാൽവേഷൻ ആർമി എൽ.പി. സ്കൂൾ, സി.എം.എസ്. എൽ.പി. സ്കൂൾ, കുറുമ്പനാടം ഗവ. എൽ.പി. സ്കൂൾ എന്നീ സ്കൂളുകളിലെ കുട്ടികൾക്കുവേണ്ടി ഒക്ടോബർ 13, 14, 17 തീയതികളിൽ ശിശുസൗഹൃദ ലൈംഗികവിദ്യാഭ്യാസത്തെക്കുറിച്ച് (Good Touch and Bad Touch) കോർഡിനേറ്റർ ശ്രീ. അരുൺ റ്റി ക്ലാസെടുത്തു. BVM കോളേജിലെ MSW വിദ്യാർത്ഥികൾ ക്ലാസിനു നേതൃത്വം നൽകി.

### ലഹരിവിരുദ്ധ ബോധവത്ക്കരണക്ലാസ്

മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഒക്ടോബർ 10, 12, 13 തീയതികളിൽ ഗ്രാമനിവാസികൾക്ക് ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. വാർഡ് മെമ്പേഴ്സ് അദ്ധ്യക്ഷതവഹിച്ചു. 'കുട്ടികളിൽ ലഹരിയുടെ ഉപയോഗം' എന്ന വിഷയത്തെ ആസ്പദമാക്കി കോർഡിനേറ്റർ ശ്രീ. അരുൺ റ്റി. ക്ലാസ് നയിച്ചു.

മാടപ്പള്ളി പഞ്ചായത്തിലെ തെങ്ങണ വാർഡിൽ സ്ഥിതിചെയ്യുന്ന മൂന്ന് അങ്കണവാടികളിലെ കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒക്ടോബർ 22 ന് ലഹരിവിരുദ്ധ ബോധവത്ക്കരണക്ലാസ് സംഘടിപ്പിച്ചു.

### 'പിങ്ക് ഡേ' ദിനാചരണം

കാരിത്താസ് ഇന്ത്യ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ചാസ് അങ്കണത്തിൽ ഒക്ടോബർ 22 ന് പിങ്ക് ഡേ ദിനാചരണം നടത്തി. സ്തനാർബുദ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ് എന്നിവർ പ്രസംഗിച്ചു.

# പ്രോജക്ട് വാർത്തകൾ

## (1) ജൽ ജീവൻ മിഷൻ

### വാട്ടർ ക്വാളിറ്റി ടെസ്റ്റ് ട്രെയിനിംഗ് പ്രോഗ്രാം

കേന്ദ്ര, കേരള സർക്കാരുകളുടെ സഹകരണത്തോടെ കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളിൽ ഒക്ടോബർ 4 മുതൽ 15 വരെ വാട്ടർ ക്വാളിറ്റി ടെസ്റ്റ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കേഴ്സ്, അംഗൻവാടി ടീച്ചേഴ്സ്, സ്കൂൾ അദ്ധ്യാപകർ, സാമൂഹികപ്രവർത്തകർ, ജലശ്രീ ക്ലബ് വിദ്യാർത്ഥികൾ തുടങ്ങിയവർ പരിശീലനപരിപാടിയിൽ പങ്കെടുത്തു. വാർഡ് മെമ്പർമാർ അദ്ധ്യക്ഷത വഹിച്ച പരിശീലനപരിപാടി പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു. ജലത്തിന്റെ PH, TDS, TH, ബാക്ടീരിയ, ഓക്സിജൻ തുടങ്ങിയ ഘടകങ്ങൾ കൂടിയും കുറഞ്ഞും മനുഷ്യനെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ചും അതിന്റെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ‘മാർച്ച് 22’ എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ശ്രീ. ജയൻ വിശദമാക്കി. പരിശീലനപരിപാടികൾക്ക് ജൽ ജീവൻ മിഷൻ കോർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.

### ബോധവത്ക്കരണ ക്ലാസ്

മാടപ്പള്ളി പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വാർഡ് ഗ്രാമസഭകളിൽ പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മണിയമ്മ രാജപ്പൻ, വാർഡ് മെമ്പർമാർ, അംഗണവാടി ടീച്ചേഴ്സ്, സാമൂഹ്യപ്രവർത്തകർ, മതസമുദായ നേതാക്കന്മാർ, ഗ്രാമവാസികൾ എന്നിവർ പങ്കെടുത്തു. പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

### ജലശ്രീ ക്ലബ് രൂപീകരണം

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട സാൽവേഷൻ ആർമി എൽ.പി. സ്കൂൾ, സി.എം.എസ്. എൽ.പി. സ്കൂൾ, കുറുമ്പനാടം ഗവ. എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ ഒക്ടോബർ 13, 14, 17 തീയതികളിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. ജലത്തിന്റെ പ്രാധാന്യം, ഉപയോഗം, വ്യക്തിശുചിത്വം, ജലജന്യരോഗങ്ങൾ എന്നിവയെക്കുറിച്ചു കുട്ടികളെ ബോധവത്കരിച്ച്, അതിന്റെ ഭാഗമായി ക്ലാസ് അടിസ്ഥാനത്തിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

## (2) SAFP

### ക്ലസ്റ്റർ മീറ്റിംഗ് & മോണിട്ടറിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പുതിയ സംരംഭകത്വ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ

മാർഗനിർദ്ദേശം നൽകുന്നതിനും ഓരോ കുടുംബവും നിലവിൽ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും ക്ലസ്റ്റർ മീറ്റിംഗും ഭവനസന്ദർശനവും നടത്തി. SAFP പ്രോജക്ട് കോർഡിനേറ്റർ കുമാരി നിവ്യ ജോസഫ്, മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *ക്ലസ്റ്റർ* |
|---|---|
| ഒക്ടോബർ 3 | കരുവാറ്റ |
| ഒക്ടോബർ 10 | നെടുംകുന്നം |

**പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ 2022–2028 കാലയളവിലേയ്ക്കു ചാസിന്റെ വിവിധ മേഖലകളിൽനിന്നും സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിൽ 27 കുടുംബങ്ങളെ തെരഞ്ഞെടുത്തു.

| *തീയതി* | *യൂണിറ്റ്* | *കുടുംബങ്ങളുടെ എണ്ണം* |
|---|---|---|
| സെപ്റ്റം. 19, 22 | പായിപ്പാട് | 11 |
| ഒക്ടോ. 10 | ചേന്നങ്കരി | 3 |
| ഒക്ടോ. 19 | പായിപ്പാട് | 7 |
| ഒക്ടോ. 20 | മാടപ്പള്ളി | 6 |

## ചാസ് സാമൂഹ്യ സുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യ സുരക്ഷാ സഹായപദ്ധതികൾ വഴി 2022 ഒക്ടോബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) മ്യൂച്വൽ ബെനഫിറ്റ് സ്കീം**

- മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 90,000/- രൂപ സഹായം അനുവദിച്ചു)

| | *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 781. | ശൗര്യാർ ആന്റണി മെതിക്കളം | മിത്രക്കരി | പുളിങ്കുന്ന് |
| 782. | തങ്കമ്മ ജോസഫ് കുന്നത്തുംപറമ്പിൽ | മിത്രക്കരി | പുളിങ്കുന്ന് |
| 783. | ഓമനക്കുട്ടൻ എ.ജി. അഞ്ചിൽചിറ | തായങ്കരി | എടത്വാ |
| 784. | കെ.വി. ലൂക്കോസ് കോയിപ്രായിൽ | ആറുമാനൂർ | അതിരമ്പുഴ |
| 785. | സുശീല പുത്തൻപറമ്പ് | പടഹാരം | ചമ്പക്കുളം |
| 786. | ലക്ഷ്മി ദിവാകരൻ പുറത്തെഇരുപതിൽ | കിഴക്കേ മിത്രക്കരി | എടത്വാ |
| 787. | വർക്കി കെ.ജെ. കുന്നേൽ | കിഴക്കേ മിത്രക്കരി | എടത്വാ |
| 788. | ഫിലിപ്പ് ജോസഫ് ആറ്റുവാത്തല | പൊങ്ങ | ചമ്പക്കുളം |
| 789. | റോസമ്മ ജോസഫ് കുഴിപ്പിൽ | കൂത്രപ്പള്ളി | നെടുംകുന്നം |

**(2) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഒക്ടോബർ മാസം ഒരു കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 9,500/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| ജാൻസി റോയി, കൂട്ടുമ്മേൽകാട്ടിൽ | മാമ്മൂട് | 9,500/- |

# മേഖലാ വാർത്തകൾ

## സ്വാശ്രയ സംഘരൂപീകരണം

ചാസിന്റെ വിവിധ യൂണിറ്റുകളിൽ രൂപീകരിച്ച സ്വാശ്രയസംഘങ്ങൾ

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 01.10.2022 | നെടുമണ്ണി | നന്മ | 12 |
| 05.10.2022 | തായങ്കരി | ഐക്യം | 18 |
| 14.10.2022 | ചമ്പക്കുളം | സാന്ത്വനം | 10 |
| 20.10.2022 | ചാഞ്ഞോടി | യൂണിക്യൂ | 14 |

## സ്വാശ്രയസംഘ സംഗമം

ചമ്പക്കുളം, നർബോനപുരം, പൊങ്ങ, കൊണ്ടാക്കൽ യൂണിറ്റുകളിൽ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. മാലിന്യസംസ്ക്കരണത്തിന്റെ ആവശ്യകത, സംസ്കരണ ഉപാധികളുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചാസ് പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## കാർഷിക സെമിനാർ സംഘടിപ്പിച്ചു

വള്ളംചിറ യൂണിറ്റിൽ സ്വാശ്രയസംഘ സംഗമത്തോടനുബന്ധിച്ച് സെപ്റ്റംബർ 22 ന് കാർഷിക സെമിനാർ സംഘടിപ്പിച്ചു. മണിമല കൃഷി ഓഫീസർ ശ്രീമതി സിമി എബ്രഹാം ജൈവകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും രാസവളപ്രയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും വിശദീകരിച്ചു.

## കുടുംബ – സ്വാശ്രയസംഘസംഗമം

പുത്തനങ്ങാടി സെന്റ് ജോർജ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17 ന് കുടുംബ-സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസുകുട്ടി താന്നിയത്ത് അധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ചാണ്ടി ഫിലിപ്പ്, ശ്രീമതി ജെനി വർഗീസ്, ക്രെഡിറ്റ് യൂണിയൻ കൺവീനർ ശ്രീ. ജേക്കബ് ഫിലിപ്പ്, മേഖലാ കോർഡിനേറ്റർ ശ്രീ. ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു. കലാപരിപാടികളും സ്നേഹവിരുന്നും നടത്തി.

## തയ്യൽ പരിശീലനം സമാപിച്ചു

അതിരമ്പുഴ യൂണിറ്റിൽ കഴിഞ്ഞ മൂന്ന് മാസമായി നടന്നിരുന്ന തയ്യൽ പരിശീലന പരിപാടി ഒക്ടോബർ 2 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ അധ്യക്ഷതവഹിച്ചു. പരിശീലനം ലഭിച്ച 24 വനിതകൾക്ക് ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

# SLCA Kerala

## ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു

SLCA Kerala യുടെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ്

*ശേഷം പേജ് 60 ൽ.....»*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 24 വരെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക | തുക |
|---|---|---|
| 1. | കിടങ്ങറ – സെന്റ് ഗ്രിഗോറിയോസ് ചർച്ച് | 140500 |
| 2. | ചമ്പക്കര – സെന്റ് ജോസഫ്സ് ചർച്ച് | 110000 |

» ചാസ് തുടർച്ച...

കുളത്തുങ്കൽ, SLCA ഫീൽഡ് ഓഫീസർമാരായ ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| സെപ്റ്റം. 17 | സെന്റ് ബർക്കുമാൻസ് HSS, ചങ്ങനാശേരി |
| സെപ്റ്റം. 30 | സെന്റ് മേരീസ് HSS, ചമ്പക്കുളം |
| ഒക്ടോ. 05 | സെന്റ് പീറ്റേഴ്സ്, കുറുമ്പനാടം |
| ഒക്ടോ. 17 | PEET മെമ്മോറിയൽ കോളേജ്, മാവേലിക്കര |
| ഒക്ടോ. 21 | മാർ ഗ്രിഗോറിയോസ് കോളേജ്, പുന്നപ്ര |
| ഒക്ടോ. 27 | സെന്റ് മൈക്കിൾസ് HS, ചേർത്തല |

### ട്രെയ്നേഴ്സ് ട്രെയിനിംഗ്

കേന്ദ്ര ഗവൺമെന്റ് സാമൂഹ്യനീതി ശക്തീകരണ വകുപ്പ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന 25 ഡി അഡിക്ഷൻ സെന്ററുകളിലെ പ്രോജക്ട് ഡയറക്ടർമാർക്കും കൗൺസിലർമാർക്കും ഒക്ടോബർ 10 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ പരിശീലനം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ ആശംസയർപ്പിച്ചു. പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലനപരിപാടിക്കു SLCA ഫീൽഡ് ഓഫീസർമാരായ ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി മാത്യു എന്നിവർ നേതൃത്വം നൽകി.

## TAASC
## THIRUVANANTHAPURAM AMBOORI AYOOR SOCIAL DEVELOPMENT & CHARITY

തെക്കൻ മേഖലാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ (TAASC) 3-ാമത് പൊതുയോഗം 2022 ഒക്ടോബർ 19 ന് TAASC ഓഫീസിൽ പ്രസിഡന്റ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കഴിഞ്ഞ 2 വർഷക്കാലം കൊണ്ട് TAASC തെക്കൻമേഖലയുടെ സാമൂഹിക-കാർഷിക-ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടു. മലയോരജനതയുടെ ജീവിതപ്രശ്നങ്ങളായി മാറിയ പരിസ്ഥിതിലോല മേഖലയുടെ ബഫർസോൺ, കൃഷിയിടങ്ങളിൽ കർഷകർ നേരിടുന്ന അരക്ഷിതാവസ്ഥ, വന്യജീവികളുടെ ശല്യം കാരണം കൃഷിയിറക്കാൻ പറ്റാത്ത അവസ്ഥ, പട്ടയം നല്കാത്തതിന്റെ പേരിൽ കർഷകർ നേരിടുന്ന സാമ്പത്തികപിന്നാക്കാവസ്ഥ, കാർഷികയുൽപ്പന്നങ്ങൾക്കു വേണ്ടത്ര വില ലഭിക്കാത്തതിനാൽ കാർഷികമേഖലയിൽനിന്നു പിന്നോട്ടുപോകുന്ന കർഷകർക്കു തുണയാകാൻ രാഷ്ട്രീയ കിസാൻ മഹാസംഗിനോടു ചേർന്നുള്ള സമരങ്ങൾ, വിഴിഞ്ഞത്തെ കടലോരമക്കളുടെ സമരങ്ങളോടുള്ള പിന്തുണ, വിഷം തിന്നുന്ന കേരളജനതയെ ഉറക്കെ ചിന്തിക്കാൻ ജൈവകർഷക കൂട്ടായ്മകൾ, ജൈവകർഷക രീതിയിലുള്ള പഠനശിബിരം, ചാസ്സ് - ഖാദിയുമായി ചേർന്നുള്ള തയ്യൽ പരിശീലനം, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ, കർഷകർക്കു സാമ്പത്തികമേഖലയിൽ സഹായമായി 100 കർഷകർക്കുള്ള തേനീച്ചകൃഷി, ശുദ്ധമായ വൻതേനിന്റെ ഉത്പാദനം (TAASC HONEY), കോവിഡ് ബാധിതരുടെ കുടുംബങ്ങളുടെ സഹായം, അമ്പൂരി ഫൊറോനയിലെ MSW കഴിഞ്ഞവരുടെ സംഗമം, വ്യക്തിത്വവികസന പരിശീലനം ഇവയെല്ലാം TAASC ന്റെ പ്രവർത്തനങ്ങളായിരുന്നു.

മലയോരജനതയുടെ ആകുലതകൾ അധികാരികളെ അറിയിക്കാൻ അമ്പൂരി പൗരാവലിയുടെ സമരങ്ങളിൽ KIFAയുടെ ശക്തമായ നേതൃത്വത്തോടുചേർന്നു ബോധവത്കരണം, രാഷ്ട്രീയ കിസാൻ മഹാസംഗ്, DKF തിരുവനന്തപുരം ജില്ലാ ജൈവകാർഷികസംഘം എന്നിവയുമായി കൈകോർത്തുള്ള പ്രവർത്തനങ്ങളെല്ലാംതന്നെ ഈ കാലഘട്ടത്തിന്റ നേട്ടങ്ങളാണ്. കൂടുതൽ ശക്തിയോടെ രാഷ്ട്രീയമേഖലയിൽ ജനത്തിന്റെ ജീവിതപ്രശ്നങ്ങളിൽ ഇടപെടാൻ TAASC ന്റെ പൊതുയോഗം തീരുമാനിച്ചു. തുടർന്നുനടന്ന തെരഞ്ഞെടുപ്പിൽ പുതിയ സെക്രട്ടറിയായി ഫാ. ജോസി മഞ്ചേരിക്കളവും ട്രഷററായി റവ. ഫാ. ജോജോ പുതുവേലിലും തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം-ആയൂർ ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു അഞ്ചിൽ, ലൂർദ്ദു മാതാ എഞ്ചിനീയറിങ് കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബിജോയ് അറയ്ക്കൽ, അമ്പൂരി തിരുഹൃദയ കോൺവെന്റ് സുപ്പീരിയർ റവ. സി. ഫ്ളവർ ജോസ് എന്നിവർ പുതിയ അംഗങ്ങളായും ചാർജെടുത്തു. മുൻവർഷങ്ങളിൽ സെക്രട്ടറിയായി സ്തുത്യർഹസേവനം കാഴ്ചവച്ച റവ. ഫാ. മാത്യു മൂന്നാറ്റിൻമുഖത്തിനും ട്രഷറർ ആയി സേവനം ചെയ്ത റവ. ഫാ. കുര്യാക്കോസ് തെക്കേടത്തിനും നന്ദി പ്രകാശിപ്പിച്ചു. ആരോഗ്യ-സാമ്പത്തിക ഭദ്രതയുള്ള ജനതയാണ് TAASC ന്റെ സ്വപ്നം.

**ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം**
(സെക്രട്ടറി)

ഈശോയിൽ പ്രിയ അച്ചാ, സിസ്റ്റർ, ഡി.എഫ്.സി. ലീഡേഴ്സ് & സുഹൃത്തുക്കളേ,

കേരളസഭാ നവീകരണം-തോമാശ്ലീഹാ വർഷാചരണം എന്നിവയോടനുബന്ധിച്ച് ദീപിക ഫ്രണ്ട്സ് ക്ലബ്ബും കുടുംബക്കൂട്ടായ്മയും ബൈബിൾ അപ്പോസ്തലേറ്റും സംയുക്തമായി രണ്ടു പദ്ധതികളാണു കുടുംബക്കൂട്ടായ്മകളിലൂടെ നവംബർ മാസം നമ്മുടെ അതിരൂപത മുഴുവൻ നടപ്പിലാക്കുന്നത്.

1 COFFEE CHALLENGE: ദീപിക പ്രചാരണം

2 നൂറുമേനി: വചനം ഹൃദയത്തിലും ജീവിതത്തിലും

രണ്ടു പദ്ധതികളും വൻവിജയമാക്കുവാൻ ബഹു. വികാരിയച്ചന്മാരുടെയും ബഹു. വൈദികരുടെയും DFC ഭാരവാഹികളുടെയും കൂട്ടായ്മാ ലീഡേഴ്സിന്റെയും എല്ലാ കുടുംബങ്ങളുടെയും സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

### 1. COFFEE CHALLENGE: ദീപിക പ്രചാരണം

**'ഒരു ദിവസം ഒരു കപ്പ് കാപ്പിയുടെ പണം മാറ്റിവെച്ചാൽ എല്ലാ ഭവനങ്ങൾക്കും ദീപിക ദിനപത്രത്തിന്റെ വരിക്കാരാകാൻ കഴിയും'** എന്ന തീരുമാനമെടുക്കാനുള്ള ചലഞ്ചാണ് ഈ പദ്ധതി. ഈ മുദ്രാവാക്യവുമായി നവംബർ മാസം കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിൽ ദീപികപ്രചാരണം നമ്മുടെ അതിരൂപത മുഴുവൻ നടത്തുവാൻ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ആഹ്വാനം ചെയ്തിരിക്കുകയാണ്.

കുടുംബക്കൂട്ടായ്മയിലെ മുഴുവൻ വീടുകളിലും ദീപിക പത്രം വരുത്തുന്ന 'സമ്പൂർണ്ണ ദീപിക കൂട്ടായ്മകൾ'ക്ക് അതിരൂപതാതലത്തിൽ പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്.

ഓരോ ഇടവകയ്ക്കും അഭി. പിതാവ് ഈ വർഷം നൽകിയിരിക്കുന്ന മിനിമം ടാർജറ്റ് ഇടവകയുടെ 40% ഭവനങ്ങൾ ദീപിക ദിനപത്രത്തിന്റെ വരിക്കാരാകാൻ കഴിയണം എന്നതാണ്.

80% ന് മുകളിൽ ദീപിക വരിക്കാരാവുന്ന ഇടവകയ്ക്ക് അതിരൂപതാതലത്തിൽ പ്രത്യേകം സമ്മാനങ്ങൾ നൽകി ആദരിക്കുന്നതാണ്.

**പത്രവരിസംഖ്യ:** കേരളപത്രപ്രവർത്തക യൂണിയനാണു പത്രവരിസംഖ്യ നിർണ്ണയിക്കുന്നത്. എല്ലാ ദിനപത്രങ്ങൾക്കും ഒരേ വരിസംഖ്യയാണ് ഈടാക്കുന്നത്.

**ഒരു ദിവസം:** ₹8.50 (ഞായറാഴ്ച ₹9.50)

**ഒരു മാസം:** ₹270

**ഒരു വർഷം:** 270×12 = ₹3240

▶▶ **ദീപിക പ്രത്യേക ഓഫർ: ഒരു വർഷത്തെ വരിസംഖ്യ ഒന്നിച്ചടക്കുന്നവർക്ക് ഒരുമാസത്തെ വരിസംഖ്യ ഇളവു ലഭിക്കുന്നു; ₹2950 മാത്രം.**

## 2. വാർഷിക വരിസംഖ്യ പുതുക്കൽ – ഹെൽത്ത് കാർഡ്

കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം സഹിച്ചു നേടിയെടുത്ത വാർഷിക കോപ്പികൾ ഒന്നും നഷ്ടപ്പെടാതെ പുതുക്കിയെടുക്കാൻ എല്ലാവരും ഉത്സാഹിക്കണം. ഓരോ ഇടവകയിലും ദീപിക വരുത്തുന്നവരുടെ ലിസ്റ്റ്, പത്ര ഏജന്റുമാരുടെ വിവരങ്ങൾ, വരിക്കാർക്കു സൗജന്യമായി ലഭിക്കുന്ന ദീപിക ഹെൽത്ത് കാർഡ് ഇവയുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുവാൻ ദീപിക സർക്കുലേഷൻ ഏരിയ മാനേജർമാരെ വിളിക്കുക. അവരുടെ പേരും ഫോൺ നമ്പറും ചുവടെ ചേർക്കുന്നു.

1 ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം: ജോസഫ് തോമസ് **9207735066**

2 ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന്: അനൂപ് **9400751229**

3 ആലപ്പുഴ, മുഹമ്മ: ശ്രീകുമാർ **9895620676**

4 നെടുംകുന്നം, മണിമല: ബിനിൽ ജോസഫ് **9497391820**

5 ചെങ്ങന്നൂർ: ഷമീർ **7034023236**

6 തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ: ഇ.വി. വർക്കി **9349599028**

7 കോട്ടയം, കുടമാളൂർ, അതിരമ്പുഴ: കോര സി. **9495445827**

യൂണിറ്റ് സർക്കുലേഷൻ മാനേജർ: വർഗീസ് ഡൊമിനിക് **9400390539**

## 3. നൂറുമേനി: വചനം ഹൃദയത്തിലും ജീവിതത്തിലും

കുടുംബക്കൂട്ടായ്മാതലത്തിൽ ഓരോ കുടുംബത്തെയും വചനത്താൽ നവീകരിക്കാൻ ലക്ഷ്യംവച്ചുള്ള നൂറുമേനി വചന മനഃപാഠമത്സരം വലിയ വിജയമാക്കുവാൻ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനോടു ചേർന്ന് എല്ലാ ഡി.എഫ്.സി. ഭാരവാഹികളും സഹകരിക്കണം. എല്ലാവരും നൂറുമേനി വചനപഠനത്തിൽ പങ്കെടുക്കുകയും മറ്റുള്ളവരെ പങ്കെടുപ്പിക്കുവാൻ നേതൃത്വമെടുക്കുകയും ചെയ്യുക.

## 4. ദീപിക പ്രചാരണം – നൂറുമേനി വചന പഠനം: ഇടവകതല ഉദ്ഘാടനം നവംബർ 6 ഞായറാഴ്ച

**ദീപിക പ്രചാരണം:** ഇടവകയിലെ നേതൃനിരയിലെ പ്രതിനിധികളിൽ നിന്ന് ദീപിക വാർഷിക വരിസംഖ്യ സ്വീകരിച്ച് പത്രം നൽകി നിർവഹിക്കുക.

**നൂറുമേനി ഉദ്ഘാടനം:** ബൈബിൾ പ്രതിഷ്ഠിച്ചും കൂട്ടായ്മ ലീഡേഴ്സിന് പഠനപുസ്തകം വിതരണം ചെയ്തും നിർവഹിക്കേണ്ടതാണ്.

**പഠനപുസ്തകം:** നവംബർ രണ്ടിന് വൈദികസമ്മേളനത്തിൽവച്ച് ഒരു കൂട്ടായ്മയ്ക്ക് ഒരു പുസ്തകം സൗജന്യമായി ലഭിക്കുന്നതാണ് (പുസ്തകത്തിന്റ പി.ഡി. എഫ് വാട്സ്ആപ്പിൽ നൽകുന്നതാണ്).

കൂടുതൽ പുസ്തകങ്ങൾ ആവശ്യമുള്ളവർ ഉടൻ ഓർഡർ നൽകുക. പ്രിന്റിംങ് കോസ്റ്റിൽ കുടുംബക്കൂട്ടായ്മ ഓഫീസിൽനിന്നു ലഭിക്കുന്നതാണ്.

### ഇടവക നേതൃസംഗമം

ദീപിക തീവ്രപ്രചാരണം – നൂറുമേനി വചന പഠനം എന്നിവയുടെ വിജയത്തിനായി പാരിഷ് കൗൺസിൽ, കൂട്ടായ്മാ ലീഡേഴ്സ്, മതാധ്യാപകർ, സംഘടനാ ഭാരവാഹികൾ എന്നിവരുടെ നേതൃസമ്മേളനം ഏറ്റവും അടുത്ത ദിവസം

കൂടി ആദ്യം നേതൃനിരയിലുള്ളവരെ ദീപിക വരിക്കാരാക്കുക. ഡി.എഫ്.സി.യും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും കൂട്ടായ്മകൾക്കു നേതൃത്വം നൽകുന്ന സന്യസ്തരും കുടുംബക്കൂട്ടായ്മാതലങ്ങളിൽ ദീപിക വരിക്കാരെ കണ്ടെത്തുന്നതിനും ഭവനസന്ദർശനങ്ങൾക്കും ബഹു. വൈദികരോടൊപ്പം നേതൃത്വം നൽകണം.

**ഉപസംഹാരം**

ചങ്ങനാശേരി കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ഡി.എഫ്.സി.-കുടുംബക്കൂട്ടായ്മാ നേതൃസംഗമത്തിൽ, വലിയ ആവേശത്തോടെ ഏറ്റെടുത്ത ദീപിക തീവ്രപ്രചാരണവും നൂറുമേനി വചന മനഃപാഠപദ്ധതിയും ഓരോ ഇടവകയിലും വിജയമാക്കുവാൻ നവംബർ മാസം നമുക്കു കൂട്ടായിപരിശ്രമിക്കാം. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജന. സെക്രട്ടറീസ്)

---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്- 9400390539, കോര സി. - 9495445827, വർക്കി ഇ.വി. - 9349599028, ജോജോ- 9847361030, അനൂപ് സെബാസ്റ്റ്യൻ- 9400751229**

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ലോക ഹൃദയ, വയോജനദിനാചരണങ്ങൾ ചെത്തിപ്പുഴയിൽ സംഘടിപ്പിച്ചു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ ലോകഹൃദയ ദിനവും വയോജനദിനവും വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. ആരോഗ്യകരമായ ജീവിതത്തിന് ഒരു ചുവട് എന്ന സന്ദേശവുമായി പാറേൽ പള്ളിയിൽ നിന്നു ജനകീയ റാലി ആരംഭിച്ചു. ചങ്ങനാശേരി ഡി.വൈ.എസ്.പി. സനൽകുമാർ സി.ജി. ഫ്ളാഗ് ഓഫ് ചെയ്തു. സർഗക്ഷേത്രയുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ വിവിധ സാമൂഹിക - സാംസ്ക്കാരിക - വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരും പങ്കാളികളായി. തുടർന്ന് നടന്ന പൊതുസമ്മേളനം പ്രശസ്ത സിനിമാ താരം ശ്രീമതി സ്മിനു സിജോ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ അധ്യക്ഷതവഹിച്ച യോഗത്തിൽ ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. സർഗക്ഷേത്ര ഡയറക്ടർ ഫാ. അലക്സ് പ്രായിക്കളം CMI, ഹോസ്പിറ്റൽ അസോ. ഡയറക്ടറുമാരായ ഫാ. ജോഷി മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. തോമസ് പുതിയിടം, ജോസ് ജോസഫ് നടുവിലേഴം, സി. മെറീന എസ്.ഡി., സി. ലിൻസി റോസ് എസ്.ഡി., പ്രൊഫ. ഷൈല ഐപ്പ്, ഡോ. സജി റ്റി.എം., പോൾ മാത്യു എന്നിവർ പ്രസംഗിച്ചു. ഡോ. അബ്ദുൾ ഖാദർ, ഡോ. ജോജി ബോബൻ എന്നിവർ ക്ലാസ്സ് നയിച്ചു. തുടർന്ന് പൊതു ജനങ്ങൾക്കായി നഴ്സിങ് കോളേജ് വിദ്യാർത്ഥിനികളുടെ നേതൃത്വത്തിൽ എക്സിബിഷൻ സംഘടിപ്പിച്ചു. ലോകഹൃദയ, വയോജന വാരാചരണത്തിന്റെ ഭാഗമായി ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ സൗജന്യ രക്തസമ്മർദ്ദ ആരോഗ്യപരിശോധന ഉണ്ടായിരുന്നു.

### ദൈവദാസൻ മാർ മാത്യു കാവുകാട്ട് ഓർമ്മദിനാചരണവും സിൽവർ പ്രിവിലേജ് കാർഡ് ഉദ്ഘാടനവും

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് ഓർമ്മദിനാചരണവും വൈദികർക്കും സിസ്റ്റേഴ്സിനുമായി ക്രമീകരിച്ച സിൽവർ പ്രിവിലേജ് കാർഡിന്റെ ഉദ്ഘാടനവും ഒക്ടോബർ 8 ന് ഉച്ചക്ക് 12 ന് ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ ബംഗ്ലാദേശിന്റെ മുൻ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി നിർവഹിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ചു. ഹോസ്പിറ്റൽ അസോ. ഡയറക്ടറുമാരായ ഫാ. ജോഷി മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. തോമസ് പുതിയിടം, സി. മെറീന എസ്.ഡി., പോൾ മാത്യു എന്നിവർ പ്രസംഗിച്ചു. രാവിലെ ഒൻപതിന് ചാപ്പലിൽ അനുസ്മരണ കുർബാനയും ഒപ്പീസും നേർച്ചയും ക്രമീകരിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. മാർ തോമാശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ വാർഷികത്തിന്റെ

ഭാഗമായി ചെത്തിപ്പുഴ ആശുപത്രിയിലെ വാർഡുകളിൽ ചികിത്സ തേടുന്ന എല്ലാ രോഗികൾക്കും ചികിത്സക്കു സൗജന്യങ്ങൾ നൽകുന്ന സുകൃതം പദ്ധതി നിലവിലുണ്ട്. സുകൃതം പദ്ധതിയെക്കുറിച്ചറിയാൻ 9526998666 എന്ന നമ്പറിൽ വിളിക്കണമെന്നു ഹോസ്പിറ്റൽ അധികൃതർ അറിയിച്ചു.

### ഓട്ടോറിക്ഷാ ഡ്രൈവറുമാർക്കുള്ള പരിശീലനം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എമർജൻസി മെഡിസിന്റെ നേതൃത്വത്തിൽ ബേസിക് ലൈഫ് സപ്പോർട്ട് (ബി.എൽ.എസ്.) പരിശീലനപരിപാടി ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ഡോ. ഷിജു സ്റ്റാൻലി ക്ലാസ് നയിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു.

### IPCON 2022

ഇൻഫക്ഷൻ പ്രിവൻഷൻ വാരാചരണത്തിന്റെ ഭാഗമായി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ IPCON 2022 എന്ന പേരിൽ കോൺഫറൻസ് സംഘടിപ്പിച്ചു. ഒക്ടോബർ 21 ന് സാന്തോം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പ്രസ്തുത പരിപാടി ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ തോമസ് പാടിയത്ത് ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നായി ഇരുനൂറിലധികം ആതുരസേവകർ പങ്കെടുത്തു. ഡോ. ദീപ്തി മധു, ഡോ. ശ്രുതി തോമസ്, ഡോ. മുഹമ്മദ് നിയാസ്, ഡോ. മുരളി അപ്പുക്കുട്ടൻ, റിബു ആൻ മാത്യു എന്നിവർ ക്ലാസ്സ് നയിച്ചു.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ വലിയകുളം പാത്തിക്കൽമുക്ക് പേൾ ഗാർഡൻസ് റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഗാന്ധിജയന്തി ദിനത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ നൂറിലധികം അസോസിയേഷൻ അംഗങ്ങൾക്ക് കൺസൾട്ടേഷൻ സാധ്യമായി. സജി നെടുംപറമ്പിൽ, ജയിംസ്കുട്ടി മണമേൽ എന്നിവരുടെ ഭവനങ്ങളിലാണു ക്യാമ്പ് സെന്റർ ക്രമീകരിച്ചത്.

### പുതുതായി ചുമതലയേറ്റെടുത്ത ഡോക്ടേഴ്സ്

സീനിയർ കൺസൾട്ടന്റ് പീഡിയാട്രിഷനായി ഡോ. പ്രകാശ് സി. നൈനാനും MBBS, DCH, കൺസൾട്ടന്റ് സൈക്കോളജിസ്റ്റായി ഡോ. ശ്രീജിത്ത് നായരും MSc (Psy), PG Dip., MPh, PhD ചുമതലയേറ്റു. ഡോ. പ്രകാശ് സി. നൈനാന്റെ സേവനം തിങ്കൾ മുതൽ ശനി വരെ രാവിലെയും വൈകുന്നേരവും ലഭ്യമാണ്. ഡോ. ശ്രീജിത്ത് നായരുടെ സേവനം തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ വൈകുന്നേരം 4.30 മുതൽ 6.30 വരെ ലഭ്യമാണ്. ഒ.പി. ബുക്കിങ്ങിന് 0481 2747777 എന്ന നമ്പറിൽ വിളിക്കണം.

**ഫാ. ജോഷി മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോ. ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### ലോക കാഴ്ച ദിനാചരണം

ലോക കാഴ്ചദിനത്തോടനുബന്ധിച്ച് ഒക്ടോബർ 13 വ്യാഴാഴ്ച എല്ലാ നേത്രരോഗികൾക്കും പകുതി നിരക്കിൽ കൺസൾട്ടേഷൻ സൗകര്യം ആശുപത്രിയിൽ രാവിലെ 9 മണി മുതൽ 1 മണി വരെ ക്രമീകരിച്ചു. വിശദമായ പരിശോധനകൾ സൗജന്യമായി നടത്തി. 'നിന്റെ കണ്ണുകളെ സ്നേഹിക്കുക' എന്നതായിരുന്നു ഈ വർഷത്തെ സന്ദേശം. നേത്രസംബന്ധമായ അസുഖങ്ങളെക്കുറിച്ചുള്ള അറിവുകൾക്കായി എല്ലായിടത്തും പോസ്റ്ററുകൾ ക്രമീകരിച്ചു.

### സൗജന്യ ഉച്ചഭക്ഷണം

13/10/2022 ൽ നിർധനരായ രോഗികൾക്ക് ആശ്വാസമായി ഒരു നേരത്തെ ഭക്ഷണം ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഊട്ടുശാലയിൽ ആശുപത്രിയിലെ സഹോദരങ്ങൾ എത്തിച്ചു നൽകി. ഈ സേവനങ്ങൾക്ക് ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, സിസ്റ്റർ വത്സ, സിസ്റ്റർ ട്രീസ, സി. എൻ.ജി. അംഗങ്ങൾ എന്നിവർ പരിപൂർണ്ണ പിന്തുണ നൽകി.

### ലോക ആർത്രൈറ്റിസ് ദിനാചരണം

ലോക ആർത്രൈറ്റിസ് ദിനത്തോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിലെ ആദ്യ സൂപ്പർ സ്പെഷ്യാലിറ്റിയായ റുമറ്റോളജി വിഭാഗം സൗജന്യ ഇൻഹൗസ് ക്യാമ്പ് സജ്ജീകരിച്ചു. അമൃത ഹോസ്പിറ്റലിലെ റുമറ്റോളജി സ്പെഷ്യലിസ്റ്റ് ഡോ. സന്ദീപ് സുരേന്ദ്രൻ നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്ത രോഗികൾക്കു ലാബ് ടെസ്റ്റുകൾ, എക്സ്റേ എന്നിവയ്ക്കു 20% ഡിസ്കൗണ്ട് നൽകി. ഏവർക്കും സൗകര്യപ്രദമായി ചൊവ്വാഴ്ചകളിൽ വൈകുന്നേരം 3 മണി മുതൽ 6 മണിവരെ റുമറ്റോളജി വിഭാഗത്തിന്റെ സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

### ഉല്ലാസയാത്ര

സ്റ്റാഫ് വെൽഫെയർ പ്രോഗ്രാമിനോടനുബന്ധിച്ചു സ്റ്റാഫിന്റെ മാനസിക ഉല്ലാസത്തിനായി രണ്ട് ഘട്ടങ്ങളായി മൂന്നു ദിവസത്തെ വിനോദയാത്രകൾ നടത്തി. പരമാവധി എല്ലാ സ്റ്റാഫും ഇതു പ്രയോജനപ്പെടുത്തി.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ** (അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ** (ഡയറക്ടർ)

ഈശോയിൽ ഏറ്റം സ്നേഹമുള്ള പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ.

ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ അഭി. മാർ തോമസ് പാടിയത്ത് പിതാവിനു പ്രാർത്ഥനാനിർഭരമായ ആശംസകൾ. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന അഞ്ചാമത് അതിരൂപതാ മഹായോഗത്തിൽ ഡയറക്ടറോടൊപ്പം സെൻട്രൽ എക്സിക്യൂട്ടീവ് അംഗം ശ്രീ. തങ്കച്ചൻ പൊന്മാങ്കൽ, UAE എക്സിക്യൂട്ടീവ് ശ്രീ. ജോർജ് മീനത്തേക്കോണിൽ എന്നിവർ പങ്കെടുത്തു. പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തന റിപ്പോർട്ട് ശ്രീ. ജോർജ് മീനത്തേക്കോണിൽ അവതരിപ്പിച്ചു.

GCC എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗ് ഒക്ടോബർ 1 ന് ഡയറക്ടേഴ്സിന്റെ അധ്യക്ഷതയിൽ കൂടി.

16 – UAE എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും നടന്നു.

21 – സൗദി അറേബ്യ എക്സിക്യൂട്ടീവ് മീറ്റിംഗും ഒമാൻ സൺഡേസ്കൂൾ പ്രീ സ്കൂൾ പേരന്റ്സ് മീറ്റിംഗും നടത്തി.

23 – കുവൈറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**ആവേ മരിയ ഹോളിഡേയ്സ്**

വിശുദ്ധനാട് തീർത്ഥാടനത്തിനുള്ള ഒന്നാംഘട്ട യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

**അനുശോചനം**

പെരുന്ന, തുണ്ടിയിൽ മോബിൻ എബ്രഹാം കുവൈറ്റിൽ നിര്യാതനായി. ഡയറക്ടറോടൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങളും അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി അനുശോചനമറിയിച്ചു.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ.**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

പ്രിയപ്പെട്ടവരേ,

തൊഴിലാളികളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കായി രൂപം കൊണ്ടിരിക്കുന്ന കെ.എൽ.എം സംഘടന അതിന്റെ ലക്ഷ്യസാധൂകരണ വഴിയിലൂടെ മുന്നേറുകയാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും യൂണിറ്റ് സ്ഥാപിക്കുന്നതിൽ വരുംനാളുകളിൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണ്. അതോടൊപ്പം അസംഘടിതതൊഴിൽ മേഖലകളിലായിരിക്കുന്നവരെ ചേർത്തുകൊണ്ടു കൂടുതൽ SHG കൾ ആരംഭിക്കുവാൻ UCC കളോട് അഭ്യർത്ഥിക്കുകയാണ്. ഈ വിധം നമ്മുടെ അതിരൂപതയിലെ അസംഘടിത തൊഴിലാളികളെ ഒരു കുടക്കീഴിൽ അണിചേർക്കാം.

സ്നേഹപൂർവ്വം,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

**യൂണിറ്റ് സന്ദർശനം**

കോട്ടാങ്ങൽ, കടയനിക്കാട്, വെളിയനാട്, താഴത്തുവടകര, കണ്ണാടി, പുളിങ്കുന്ന്, മങ്കൊമ്പ്, രാമങ്കരി എന്നിവിടങ്ങളിൽ അതിരൂപതാ ഡയറക്ടർ സന്ദർശനം നടത്തി.

**പുതിയ യൂണിറ്റും സംഘവും**

കാവാലം ലിസ്യുവിൽ കെ.എൽ.എം. -ന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. വെരൂർ യൂണിറ്റിൽ സെന്റ് തോമസ് എന്ന പേരിൽ പുതിയ സംഘം ഉദ്ഘാടനം ചെയ്യപ്പെട്ടു.

**ക്ഷേമനിധി അംഗത്വമേള**

കേരള ലേബർ മൂവ്മെന്റ് കുറുമ്പനാടം ഫൊറോനാസമിതിയുടെ നേതൃത്വത്തിൽ മാടപ്പള്ളിയിൽ ക്ഷേമനിധി അംഗത്വമേള നടത്തി. കുറുമ്പനാടം ഫൊറോനാ വികാരി വെരി റവ. ഡോ. ചെറിയാൻ കറുകപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു ചെത്തിപ്പുഴ അദ്ധ്യക്ഷത വഹിച്ചു.

അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, ക്ഷേമനിധി അതിരൂപതാ കോർഡിനേറ്റർ ശ്രീ. സണ്ണി അഞ്ചിൽ, പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ. ജോളി നാല്പതാംകളം, ഫൊറോനാ കോർഡിനേറ്റർ ശ്രീ. ഷാജി ആന്റണി കാരുവള്ളിൽ, ശ്രീ. സെബാസ്റ്റ്യൻ സി. സേവ്യർ, ശ്രീ. തോമസ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

**പവർ ടൂൾസ് കട വെഞ്ചരിപ്പ്**

ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ സംഘത്തിന്റെ പവർ ടൂൾസ് കട ചാഞ്ഞോടി ഇടവക വികാരി റവ. ഫാ. തോമസ് വാഴപ്പറമ്പിൽ വെഞ്ചരിച്ചു. ആദ്യവിൽപ്പന കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം നിർവഹിച്ചു.

**വാർഷികം**

നെടുമണ്ണി ഇമ്മാനുവൽ സംഘത്തിന്റെയും മാമ്മൂട് ലൂർദ്ദ്മാതാ സംഘത്തിന്റെയും വാർഷികങ്ങൾ വളരെ മനോഹരമായി സംഘടിപ്പിക്കപ്പെട്ടു.

**മെമ്പർഷിപ്പ് ക്യാമ്പുകൾ**

പുളിങ്കുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ അസംഘടിത കുടുംബങ്ങൾക്കു കെ.എൽ.എം. മെമ്പർഷിപ്പ് നല്കുവാനുള്ള ക്യാമ്പെയിനു തുടക്കം കുറിച്ചു.

**കേരള ലേബർ മൂവ്മെന്റ് സെമിനാർ നടത്തി**

കേരള ലേബർ മൂവ്മെന്റ് ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ശാരീരിക വൈകല്യമുള്ളവരുടെ അതിജീവനത്തിനുവേണ്ടി പൊതുസമൂഹത്തിനു നൽകുന്ന ബോധവത്ക്കരണഭാഗമായി സാമൂഹ്യസുരക്ഷാ പദ്ധതികൾ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ സെമിനാർ നടത്തി.

കെ.എൽ.എം. ചങ്ങനാശേരി അതിരൂപതാ ഓഫീസിൽ നടന്ന സെമിനാർ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബാബു തണ്ണിക്കോട്, റവ. സി. ജെസ്സി LSDP എന്നിവർ ക്ലാസുകൾ നയിച്ചു. സംസ്ഥാന സെക്രട്ടറി ശ്രീ. സണ്ണി അഞ്ചിൽ സ്വാഗതവും പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ. ജോളി നാല്പതാംകളം നന്ദിയും പറഞ്ഞു.

**അറിയിപ്പ് : വനിതകൾക്ക് തൊഴിൽ പരിശീലനം**

വനിതകൾക്കുവേണ്ടിയുള്ള സാരി പെയിന്റിങ് തൊഴിൽ പരിശീലന പരിപാടി നവംബർ 26 ന് ചങ്ങനാശേരി അതിരൂപതാ കേന്ദ്രത്തിൽ നടത്തപ്പെടുന്നു. 9.30 മുതൽ 4 മണി വരെയാണ് ക്ലാസ്സ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കായിരിക്കും അവസരം ലഭിക്കുക (അംഗപരിമിതർക്കു മുൻഗണന). ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. നവംബർ 15 ന് മുമ്പായി KLM അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മരണഫണ്ട്**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്ക് മരണാനന്തര സഹായമായ 1,15,000 രൂപ കൈമാറി.

99. വെളിയനാട് സെന്റ് തോമസ്- ജോളിച്ചൻ ഇ.എം. പറമ്പള്ളിൽ

100. വെട്ടിത്തുരുത്ത് സെന്റ് ജോസഫ്- തോമസ് വടക്കേപ്പറമ്പ്

101. കുറുമ്പനാടം സെന്റ് ജോസഫ്- ബിജി പി.എ. പ്രാക്കുഴി

സ്നേഹിതരേ,

**മയക്കുമരുന്നിനെതിരെ മാനവമോചന സന്ദേശയാത്ര**

സമൂഹത്തിലെ പുതുതലമുറയെ ഒന്നടങ്കം നശിപ്പിക്കുന്ന മയക്കുമരുന്ന് എന്ന ഭയാനകമായ വിപത്തിനെതിരെയുള്ള ബോധവത്ക്കരണ മാനവമോചന സന്ദേശ യാത്രയുടെ അതിരൂപതാതല ഉദ്ഘാടനം 2022 ഒക്ടോബർ 1 ഉച്ചകഴിഞ്ഞ് 2. 30ന് അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിച്ചു. നെടുംകുന്നം ഫൊറോനാ ദേവാലയത്തിന്റെ സമീപത്തുനിന്നും ആരംഭിച്ച യാത്രയ്ക്ക് അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരക്കൽ ഫ്ളാഗ് ഓഫ് നടത്തി.

2.45 ന് തെങ്ങണയിൽ എത്തിച്ചേർന്ന യാത്ര അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു.

3.45 ന് ചങ്ങനാശേരി പെരുന്ന കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പരിസരത്ത് എത്തിച്ചേർന്ന യാത്ര കത്തീഡ്രൽ വികാരി വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

4.30 ന് തുരുത്തി പുന്നമൂട് ജംഗ്ഷനിൽ എത്തിച്ചേർന്ന യാത്ര കുറിച്ചി ആതുരാശ്രമം മഠാധിപതി സ്വാമി കൈവല്യാനന്ദ സരസ്വതി ഉദ്ഘാടനം ചെയ്തു.

5.30ന് കോട്ടയം ഗാന്ധി സ്ക്വയറിൽ നടന്ന സമാപന സമ്മേളനം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡണ്ട് ബിജു പറയന്നിലം ഉദ്ഘാടനം ചെയ്തു. യാത്രയോടനുബന്ധിച്ചു ലഘുലേഖകളുടെ വിതരണം, സിഗ്നേച്ചർ ക്യാമ്പയിൻ എന്നിവയുണ്ടായിരുന്നു. അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ് ആയിരുന്നു ജാഥാക്യാപ്റ്റൻ.

വിവിധ സ്ഥലങ്ങളിൽ നടന്ന സ്വീകരണയോഗങ്ങളിൽ അതിരൂപതാ ഭാരവാഹികൾ, ഫൊറോനാ ഡയറക്ടേഴ്സ്, ഫൊറോനാ പ്രസിഡന്റ്സ്, വിവിധ തലങ്ങളിലുള്ള കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**കുട്ടനാട് വികസന കൗൺസിൽ**

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാസമിതി ദീർഘകാലമായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നതാണ് കുട്ടനാട് കേന്ദ്രീകൃതമായ വിശാല വികസന അതോറിറ്റി രൂപീകരണം. എന്നാൽ ഇപ്പോൾ കുട്ടനാട് വികസന കൗൺസിൽ രൂപീകരിക്കുവാൻ എടുത്ത തീരുമാനത്തെ കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതി സ്വാഗതം ചെയ്തു. എങ്കിലും നിർദ്ദിഷ്ട രീതിയിലുള്ള കൗൺസിൽകൊണ്ട് കുട്ടനാട് മേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ സാധിക്കില്ലെന്നും കൃഷി, വിദ്യാഭ്യാസം, അടിസ്ഥാന പശ്ചാത്തല വികസനം, ടൂറിസം, മത്സ്യബന്ധനം തുടങ്ങിയ മേഖല

കളിലെ വിദഗ്ധർ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, കുട്ടനാടിന്റെ പ്രശ്നങ്ങൾ പഠിച്ച് ഈ രംഗത്ത് തുടരുന്ന ഗവൺമെന്റ് ഇതര ഏജൻസികളുടെ പ്രതിനിധികൾ എന്നിവരെ കൂടി പ്രസ്തുത കൗൺസിലിൽ ഉൾപ്പെടുത്തണമെന്നും സംഘടന ആവശ്യപ്പെട്ടു.

**സന്യസ്തരെയും വൈദികരെയും പൊതുവേദിയിൽ അപമാനിക്കുന്നതിനെതിരെ കത്തോലിക്കാ കോൺഗ്രസ്**

വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ പേരിൽ പിറന്നനാടും തൊഴിൽ മേഖലയും നഷ്ടപ്പെടുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സമരത്തിനു പിന്തുണ നൽകി എന്ന പേരിൽ സന്യസ്തരെയും വൈദികരെയും വളരെ വികലമായി പൊതുസമൂഹത്തിൽ ചിത്രീകരിക്കുന്ന സാമൂഹികവിരുദ്ധ പ്രവണതയ്ക്കെതിരെ അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ ചങ്ങനാശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനു സമീപം പ്രതിഷേധ സായാഹ്നം സംഘടിപ്പിച്ചു.

അതിരൂപതാ പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷനായിരുന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ സമിതി ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, ലിസി ജോസ്, ജോർജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, ബിനു ഡൊമിനിക്, റോണി വലിയപറമ്പിൽ, ജോസ് ജയിംസ്, ഡി.സി.എം.എസ്. പ്രസിഡണ്ട് ഡോ. സാജു, സൈബി അക്കര, ജോസഫ് ദേവസ്യ, എബിൻ അലക്സാണ്ടർ, മോഡി തോമസ്, തോമസുകുട്ടി മണക്കുന്നേൽ, ജിനോ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനം**

ഒക്ടോബർ 22 മുതൽ 24 വരെ ബാങ്കോക്കിൽ നടന്ന കത്തോലിക്കാ കോൺഗ്രസിന്റെ രണ്ടാമത് ഗ്ലോബൽ സമ്മേളനത്തിൽ അതിരൂപതയിൽ നിന്ന് പ്രസിഡണ്ട് പി.പി. ജോസഫ്, വൈസ് പ്രസിഡന്റ് ലിസി ജോസ്, അതിരൂപത സമിതി അംഗങ്ങളായ ബിനു ഡൊമിനിക്, ഷിജി ജോൺസൺ എന്നിവർ പങ്കെടുത്തു.

ഈ കാലയളവിൽ 20 യൂണിറ്റ് സമ്മേളനങ്ങൾ, 5 ഫൊറോനാ നേതൃസംഗമം, 2 പുതിയ യൂണിറ്റുകളുടെ രൂപീകരണം, അതിരൂപതാ സമിതിയുടെ നേരിട്ടുള്ള 3 നിർവാഹകസമിതി യോഗങ്ങൾ എന്നിവ നടന്നു.

സ്നേഹത്തോടെ,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജന. സെക്രട്ടറി) |

പ്രിയപ്പെട്ടവരേ,

ലഹരിയുടെ കരാളഹസ്തങ്ങളിൽനിന്നു തലമുറയെ വീണ്ടെടുക്കുവാനുള്ള പരിശ്രമത്തിൽ നമുക്കെല്ലാവർക്കും പങ്കാളികളാകാം. കേരള സർക്കാർ ആഹ്വാനം ചെയ്ത ലഹരിവിരുദ്ധ ക്യാംപെയ്നിന്റെ ഭാഗമായി സാരഥി ഓട്ടോറിക്ഷാ പ്രവർത്തകരുമായി ചേർന്നുള്ള ആത്മതാകേന്ദ്രത്തിന്റെ പ്രവർത്തനത്തെ നിരവധി പേർ അഭിനന്ദിക്കുകയുണ്ടായി. സമൂഹത്തിന്റെ താഴേത്തട്ടിൽ ധാരാളമായി ഇടപെടുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാരായ സഹോദരന്മാരിലൂടെ ലഹരിവിരുദ്ധ സന്ദേശം ഫലപ്രദമായി നല്കാനാകുമെന്നു വിലയിരുത്തപ്പെടുകയുണ്ടായി. തുടർന്നുള്ള നാളുകളിൽ ഇത്തരം നല്ല പ്രവർത്തനങ്ങളിലേർപ്പെടുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### ഹോമിയോ ചികിത്സാ പദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്ക് പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

### മാതാപിതാക്കൾക്ക് ബോധനം

പുതുപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളജ്, മണിമല സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ, വാകത്താനം ജറുസലേം മൗണ്ട് ഹയർ സെക്കന്ററി സ്കൂൾ, തോട്ടയ്ക്കാട് ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിൽ മാതാപിതാക്കൾക്കും അധ്യാപകർക്കുമായി (PTA) 'വളരുന്ന കൗമാരത്തിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് നയിച്ചു.

### കുട്ടികൾക്ക് ബോധനം

അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കന്ററി സ്കൂൾ, കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂൾ, കുമാരനല്ലൂർ ദേവീവിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്കുവേണ്ടി ലഹരിക്കെതിരെയുള്ള ബോധവത്കരണ ക്ലാസ്സ് ശ്രീ. റ്റി.എം. മാത്യു നയിച്ചു.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ അംഗങ്ങൾക്ക് പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ 19.10.2022 –ൽ ബഹു. ജോൺ വടക്കേക്കളം അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അച്ചൻ സന്ദേശം നല്കുകയും അവർക്കുള്ള Rs.1,65,550/- ധനസഹായം നല്കുകയും ചെയ്തു. കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 29.10.2022 ശനിയാഴ്ച രാവിലെ ഒരു മണിക്കൂർ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ബോധവത്ക്കരണ ക്ലാസ്സ്, എനർജൈസിംഗ് പ്രോഗ്രാം എന്നിവ അസംപ്ഷൻ കോളജിലെ MSW വിദ്യാർത്ഥികൾ നടത്തി. ഉച്ചഭക്ഷണവും 47500/– രൂപയുടെ ധനസഹായവും നല്കി. സമ്മേളനത്തിന് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ശ്രീ. സണ്ണി മാത്യു, ശ്രീമതി ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

## ലഹരിവിരുദ്ധ ബോധവത്ക്കരണവുമായി സാരഥി ഓട്ടോസംഘങ്ങളായ ക്വീൻസും സ്നേഹധാരയും

സി.എം.സി. ഹോളിക്യൂൻസ് പ്രൊവിൻഷ്യൽ ഹൗസിന്റെ നേതൃത്വത്തിൽ ചങ്ങനാശേരി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ഓട്ടോസാരഥി സംഘങ്ങളായ ക്വീൻസിന്റെയും സ്നേഹധാരയുടെയും നേതൃത്വത്തിൽ ആത്മതാകേന്ദ്രം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എന്നിവയുടെ സഹകരണത്തോടെ ലഹരിക്കെതിരായ ബോധവത്ക്കരണ പോസ്റ്റർ ഓട്ടോകളിൽ പതിച്ചുള്ള ബോധന പ്രവർത്തനം അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖസന്ദേശവും സാരഥി ഓട്ടോ യൂണിറ്റ് രക്ഷാധികാരി റവ. സി. ശാലിനി സി.എം.സി. ആശംസാസന്ദേശവും നല്കി. ശ്രീ. റ്റി. എം. മാത്യു സ്വാഗതവും ശ്രീ. തോമസുകുട്ടി മണക്കുന്നേൽ നന്ദിയും പറഞ്ഞു. സാരഥി ഓട്ടോ യൂണിറ്റ് അംഗങ്ങളും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഭാരവാഹികളും നേതൃത്വം നല്കി.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാമാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടന്നുവരുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. എൻ. പരമേശ്വരക്കുറുപ്പ് ലഹരിക്കടിമപ്പെട്ടവർക്ക് ഹോമിയോ മരുന്ന് നല്കുന്നുണ്ട്. ഈ മാസത്തെ **ധ്യാനം 2022 നവംബർ 13 മുതൽ 18 വരെ**. മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
ഫോൺ നമ്പർ: 0469 2693413, 2690414, 9495193406

**ഡി.സി.എം.എസ്. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് മാസം സംഘടിപ്പിച്ച ജസ്റ്റിസ് സൺഡേ ദിനാചരണ പരിപാടികൾ വിശകലനം ചെയ്യുന്നതിനും ഭാവി പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകുന്നതിനുമായി DCMS അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 2 ഞായറാഴ്ച അതിരൂപതാ ഓഫീസിൽ ചേർന്നു. പ്രസിഡന്റ് ഡോ. സിജോ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ഉദ്ഘാടനം ചെയ്തു. ക്ഷേമനിധി പദ്ധതി പുനഃരാരംഭിക്കുന്നതും അതിരൂപതാ കൗൺസിൽ അംഗങ്ങൾക്കും പോഷകസംഘടനാ പ്രതിനിധികൾക്കുമായി ദ്വിദിന നേതൃത്വ പരിശീലനക്യാമ്പ് സംഘടിപ്പിക്കുന്നതുമുൾപ്പടെ പ്രധാനപ്പെട്ട തീരുമാനങ്ങൾ മീറ്റിംഗിൽ പാസ്സാക്കി.

**ദലിത് കാത്തലിക്ക് യൂത്ത് ലീഗ് (DCYL) സ്കോളർഷിപ്പ് 2022**

ചങ്ങനാശേരി അതിരൂപതയിലെ, 2021-22 അദ്ധ്യയനവർഷത്തിൽ ഉന്നത വിജയം നേടിയ ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.വൈ.എൽ. നൽകുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. നിശ്ചിത ശതമാനം മാർക്ക് വാങ്ങിയ വിദ്യാർത്ഥികളാണ് സ്കോളർഷിപ്പിന് അർഹർ.

SSLC - 80 %, Plus Two - 70 %, Degree, PG - 60%, Other course - 60%

പൂർണമായും പൂരിപ്പിക്കാത്ത അപേക്ഷാഫോമുകൾ സ്വീകരിക്കുന്നതല്ല. DCYL മെമ്പർഷിപ്പ് ഇല്ലാത്ത വിദ്യാർത്ഥികൾ സ്കോളർഷിപ്പ് ഫോമിനോടൊപ്പം മെമ്പർഷിപ്പ് ഫോം കൂടി പൂരിപ്പിച്ചു നൽകേണ്ടതാണ്. സ്കോളർഷിപ്പ്, അംഗത്വ ഫോമുകൾക്കും വിശദ വിവരങ്ങൾക്കും ഡി.സി.വൈ.എൽ. ഭാരവാഹികളെ ബന്ധപ്പെടുക.

**ദലിത് കത്തോലിക്കാ വനിതാ സംഘം (DCVS) 2022-25 അതിരൂപതാ സമിതി പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ചങ്ങനാശേരി അതിരൂപതാ ഡി.സി.എം.എസ്. ന്റെ വനിതാ വിഭാഗമായ ദലിത് കത്തോലിക്കാ വനിതാ സംഘം 2022-25 പ്രവർത്തനവർഷ സമിതിയുടെ പ്രഥമ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 27 വ്യാഴാഴ്ച്ച അതിരൂപതാ DCMS ഓഫീസിൽ ചേരുന്നു. ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം മീറ്റിംഗ് ഉദ്ഘാടനം ചെയ്യുന്നതും പ്രസിഡന്റ് N.J. റോസമ്മ അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. സമിതിയുടെ സത്യപ്രതിജ്ഞ, പ്രവർത്തനവർഷ ഉദ്ഘാടനം എന്നിവയെ സംബന്ധിച്ചുള്ള സുപ്രധാന വിഷയങ്ങൾ പ്രസ്തുത മീറ്റിംഗിൽ ചർച്ച ചെയ്യുന്നതാണ്.

**ദ്വിദിന ക്യാമ്പ്**

DCMS, DCVS, DCYL എന്നിവയുടെ അതിരൂപതാ ഭാരവാഹികളുടെയും കൗൺസിൽ അംഗങ്ങളുടെയും സംയുക്ത ദ്വിദിന ക്യാമ്പ് 2022 നവംബർ 19, 20 തീയതികളിലായി അതിരൂപതാ പാസ്റ്ററൽ സെന്ററിൽ നടക്കുന്നതാണ്.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 806 മതും കൂരിയായുടെ 1045 മതും പ്രാർത്ഥനാസമ്മേളനം 9.10.22 ഉച്ചകഴിഞ്ഞ് പ്രസിഡന്റ് ബ്രദർ വി.ജെ. വർഗീസ് തട്ടാരടിയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. പ്രസീദിയം, കൂരിയാ ഭാരവാഹികൾ എല്ലാവരുംതന്നെ വന്നിരുന്നു. ഏകദേശം 40 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് നിയമഗ്രന്ഥ ജ്ഞാനവായന നടത്തി. മറിയത്തിന്റെ ചൈതന്യമാണ് ലീജിയൻ ചൈതന്യം മാലാഖമാർക്കു യോജിച്ച സ്വഭാവമാധുരി, നൈർമല്യം, വിരോചിതമായ ക്ഷമ ഇവയെല്ലാം സൈനികർക്ക് ഉണ്ടായിരിക്കണം. ഇതായിരുന്നു ജ്ഞാനവായന മുഖ്യസാരം.

വൈസ് പ്രസിഡന്റ് ബഹു. ഡയറക്ടറച്ചനും വന്നിരുന്ന എല്ലാ മരിയൻ സൈനികർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിക്കുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് സെക്രട്ടറിയും ഖജാൻജിയും റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. സഭ അത് പാസാക്കി ബഹു. ജോസഫ് ഇളംതുരുത്തിയിൽ അച്ചനും പ്രസിഡന്റും അതിൽ ഒപ്പുവച്ചു. തുടർന്ന് സൈനികജപശൃംഖലചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ചർച്ചകളും തീരുമാനങ്ങളും നടന്നു. നവംബർമാസത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി ഇലക്ഷൻ പ്രഖ്യാപിച്ചു.

ആഗോള കത്തോലിക്കാസഭയിൽ ലീജിയൻ ഓഫ് മേരി തുടങ്ങിയതിന്റെ ശതാബ്ദിയാഘോഷവും അഖില കേരള ഉദ്യോഗസ്ഥ കോൺഫറൻസും നെയ്യാറ്റിൻകര കമ്മീസിയം ആതിഥേയത്വം ഏറ്റെടുത്ത് സെപ്റ്റംബർ 23, 24, 25 തീയതികളിൽ നെയ്യാറ്റിൻകര ദേവസഹായംപിള്ള നഗർ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ചങ്ങനാശേരി കമ്മീസിയം ഭാരവാഹികൾ ഉൾപ്പെടെ 24 പേർ ഇതിൽ പങ്കെടുത്തു.

സഭയിൽ 99% അൽമായർ ആണ്. ലീജിയൻ ഓഫ് മേരി എന്ന അൽമായ സ്നേഹഭക്തകൂട്ടായ്മയുടെ ശക്തിയും ലക്ഷ്യവും മറ്റ് സഭാംഗങ്ങളും പൂർണ്ണമായും മനസിലാക്കുകയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. സീറോമലബാർ, മലങ്കര, ലത്തീൻ എന്നീ മൂന്നുറീത്തുകളെ തമ്മിൽ യോജിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ് ലീജിയൻ. കേരളത്തിൽ മാത്രമല്ല ലോകത്ത് എവിടെച്ചെന്നാലും ലീജിയൻ ഓഫ് മേരിക്ക് യാതൊരു വ്യത്യാസവുമില്ല. ഒരേ ലക്ഷ്യം, ഒരേ പ്രവർത്തനം, ഒരേ ശൈലി, ഒരേ കൂട്ടായ്മ.

പാറേൽപള്ളിയുടെ നിർമ്മാണം പൂർത്തിയായശേഷം ഒരിക്കൽ നെയ്യാറ്റിൻകരയിൽ നടത്തിയതുപോലൊരു ഉദ്യോഗസ്ഥ കോൺഫറൻസും സമ്മേളനവും

*ശേഷം പേജ് 78 ൽ.....»*

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടേയും പഠനത്തിനും ധ്യാനത്തിനുമായി SFO അംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിതക്രമവും'. കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്കു വി. ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം, തുടർച്ച!

ഒരു സമൂഹം എന്ന ബോധം ഈ സഹോദരങ്ങളെ ആനന്ദിപ്പിക്കുകയും എല്ലാ മനുഷ്യരോടും, വിശിഷ്യ താഴ്ന്നനിലവാരത്തിൽ കഴിഞ്ഞുകൂടുന്നവരോടും തുല്യഭാവനയോടെ പെരുമാറുവാൻ സന്നദ്ധരാകുകയും ചെയ്യും. മിശിഹായാൽ വീണ്ടെടുക്കപ്പെട്ടവർ എന്ന പദവിക്കു യോജിച്ചവിധം ജീവിക്കുവാനുള്ള സാഹചര്യം ദരിദ്രർക്കുണ്ടാക്കിക്കൊടുക്കുവാനും ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ കടപ്പെട്ടിരിക്കുന്നു.

ദൈവരാജ്യം കൂടുതൽ കാര്യക്ഷമമായി സ്ഥാപിക്കുവാൻവേണ്ടി ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ സന്മനസുള്ള എല്ലാ മനുഷ്യരോടും ചേർന്ന് കൂടുതൽ സാഹോദര്യം നിറഞ്ഞതും സുവിശേഷാത്മകവുമായ ഒരു ലോകത്തെ കരുപ്പിടിപ്പിക്കുവാൻ വിളിക്കപ്പെട്ടവരാകുന്നു. പൂർണ്ണമനുഷ്യനായ മിശിഹായെ അനുഗമിക്കുന്ന വ്യക്തി കൂടുതൽ പൂർണ്ണ മനുഷ്യനായി തീരുന്നുവെന്ന വസ്തുത അനുസ്മരിച്ചുകൊണ്ട്, അവരുടെ ഉത്തരവാദിത്വങ്ങൾ ക്രൈസ്തവചൈതന്യത്തോടും പ്രാപ്തിയോടുംകൂടി നിറവേറ്റണം.

അവർ വ്യക്തിപരമായും സമൂഹപരമായും സ്വന്തം മാനുഷികസാക്ഷ്യം കൊണ്ട് പലകാര്യങ്ങളിലും ധീരതയോടെ മുൻകൈയെടുത്ത് സൃഷ്ടിപരമായി പ്രവർത്തിച്ച് നീതിനിർവഹണം വിജയിപ്പിക്കുവാൻ മുൻനിരയിൽ നില്ക്കട്ടെ. പ്രത്യേകിച്ച് അവരുടെ വിശ്വാസത്തിന് അനുരൂപപ്പെട്ട വ്യക്തമായ നിലപാട് പൊതുജീവിതപാതയിൽ അവർ സ്വീകരിക്കണം. തൊഴിൽ ഒരു ദാനമായും മാനവസമുദായത്തിന്റെ സൃഷ്ടി, രക്ഷ, സേവനം എന്നിവയിലുള്ള പങ്കാളിത്തമായും അവർ കരുതണം. അവരുടെ കുടുംബത്തിൽ ഫ്രാൻസിസ്കൻ ചൈതന്യത്തിനു ചേർന്ന സമാധാനവും വിശ്വസ്തതയും ജീവനോടുള്ള ബഹുമാനവും വളർത്തണം. അവരുടെ കുടുംബജീവിതം മിശിഹായിൽ നവീകരിക്കപ്പെട്ട ഒരു ലോകത്തിന്റെ അടയാളമായിരിക്കണം. മിശിഹായ്ക്കു തിരുസഭയോടുള്ള സ്നേഹത്തിനു ഭാര്യാഭർത്താക്കന്മാർ പ്രത്യേകിച്ച് വിവാഹബന്ധത്തിലെ വരപ്രസാദം അനുഭവിച്ചുകൊണ്ടുള്ള ജീവിതത്തിലൂടെ ലോകത്തിൽ സാക്ഷ്യം വഹിക്കണം. മക്കൾക്കു ലളിതവും തുറന്നതുമായ ക്രൈസ്തവവിദ്യാഭ്യാസം നല്കിയും ഓരോ കുട്ടിയുടെയും ദൈവവിളിയുടെ കാര്യത്തിൽ ശ്രദ്ധപതിച്ചും മക്കളുടെ ലൗകികവും ആദ്ധ്യാത്മികവുമായ ജീവിതയാത്രയിൽ മാതാപിതാക്കൾ അവരെ സന്തോഷപൂർവ്വം അനുയാത്ര ചെയ്യണം!

## സ്വർഗപ്രവേശം

എടത്വാ സെന്റ് ജോർജ് ഭ്രാതൃത്വാംഗം സഹോദരി കുറുങ്കാട്ടുമൂലയിൽ മേരിക്കുട്ടി ജോസഫ്, കുറുമ്പനാടം റീജൺ ഏലംകുന്ന് ഭ്രാതൃത്വാംഗം സഹോദരി മാറാട്ടുകളം ലിറ്റിൽ ഫ്ളവർ, കുറുമ്പനാടം റീജൺ ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ ഭ്രാതൃത്വാംഗം സഹോദരി അമ്പാട്ട് ത്രേസ്യാമ്മ ജോസഫ് എന്നിവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം!

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** (പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap. (സ്പിരിച്ച്വൽ അസിസ്റ്റന്റ്)

---

» *ലീജിയൻ ഓഫ് മേരി തുടർച്ച...*

ഇവിടെയും നടത്താനാകും എന്ന് ഞങ്ങൾ മരിയൻ സൈന്യം പ്രതീക്ഷിക്കുകയും അതിനായി പരിശുദ്ധ അമ്മയുടെ സഹായം യാചിക്കുകയും ചെയ്യുന്നുണ്ട്. മറ്റ് സംഘടനകളിൽനിന്നും ലീജിയൻ തികച്ചും വ്യത്യസ്തമാണ്. പ്രാർത്ഥന, പരിത്യാഗം, വിശുദ്ധ കുർബാന, ജപമാല, എല്ലാറ്റിനുമുപരി വചനമനുസരിച്ചുള്ള ജീവിതവിശുദ്ധി എന്നിവയിലൂടെ സ്വയം വിശുദ്ധീകരിച്ച് മറ്റുള്ളവരെ വിശുദ്ധിയിലേയ്ക്കു നയിക്കുക. ജീവിതസമരം അവസാനിക്കുമ്പോൾ എത്രയും പെട്ടന്ന് സ്വർഗത്തിൽ എത്തിച്ചേരുക എന്നതാണ് മരിയൻ സൈന്യത്തിന്റെ ലക്ഷ്യം. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക, ഐക്യത്തിലും സ്നേഹത്തിലും കുടുംബവും കൂട്ടായ്മകളും വളരുവാൻവേണ്ടി പരിശുദ്ധ അമ്മയോടു ചേർന്ന് ജീവിക്കുക ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ഞങ്ങളുടെ സമ്മേളനങ്ങളിൽ ചർച്ചാവിഷയമാകുകയും പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്.

ചായസൽക്കാരത്തിനുശേഷം അവസാനജപവും ചൊല്ലി ഇളംതുരുത്തിയിൽ ബഹു. ജോസഫച്ചന്റെ അനുഗ്രഹവും സ്വീകരിച്ച്, പരസ്പരം സ്തുതിയും കൊടുത്ത് അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്കുപോയി.

കമ്മീസിയത്തിനുവേണ്ടി,

**സി. ജെമിനി സുരേഷ് കണ്ണമ്പള്ളി** (സെക്രട്ടറി)

**ഫാ. ജോസഫ് ഇളംതുരുത്തിയിൽ** (സ്പിരിച്ച്വൽ അസിസ്റ്റന്റ്)

# വിൻസെൻഷ്യൻ വേദി

***'സ്വന്തം ജീവിതത്തെ നോക്കി പരിവർത്തനം നടത്തുന്നില്ലെങ്കിൽ നിങ്ങൾക്കെങ്ങനെ ദൈവത്തെ സ്നേഹിക്കാൻ കഴിയും'***
(ആവിലായിലെ വി. തെരേസാ).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ രാജ്യം സ്വന്തമായി നിർമ്മിച്ച ആദ്യത്തെ യുദ്ധക്കപ്പലായ ഐ. എൻ.എസ്. വിക്രാന്ത് സേനക്കു കൈമാറിയ അവസരത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇപ്രകാരം പ്രസ്താവിച്ചു; 'വിക്രാന്ത് വിശിഷ്ടമാണ്, വിശാല മാണ്, വിശ്വാസമാണ്.' എന്റെ രാജ്യത്തിന്റേത്, എന്റെ അഭിമാനം എന്ന ചിന്ത ഓരോ ഭാരതീയനും അഭിമാനവും ആവേശവുമാണ്. അപ്പോൾ ഇതിന്റെ നിർ മ്മാണത്തിൽ പങ്കെടുത്തവരുടെ സന്തോഷവും അഭിമാനവും എത്രമാത്രം വലു താണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. നമ്മുടെ സംഘടനയെപ്പറ്റിയും ഇതുപോലുള്ള നല്ല വിശേഷണങ്ങൾ നാം ധാരാളം കേൾക്കാറുണ്ട്. നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിശുദ്ധമാണ്, വിശിഷ്ടമാണ്, വിശാലമാണ്, അംഗങ്ങൾ ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിക്കുന്നവരാണ് എന്നൊക്കെ മറ്റുള്ളവർ വിശേഷിപ്പിക്കുമ്പോൾ നമുക്കും സന്തോഷവും അഭിമാനവും അനുഭവപ്പെടാറുണ്ട്. എന്നാൽ എന്റെ വ്യക്തിപരമായ പ്രവർത്തനങ്ങൾ ഈ വിശേഷണങ്ങൾ ചാർത്തപ്പെടുവാൻ യോഗ്യതയുള്ളവയാണോയെന്ന് ഓരോ രുത്തരും വിചിന്തനം നടത്തുന്നതു നല്ലതായിരിക്കും.

ക്രൈസ്തവസ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ടു നമ്മുടെയും മറ്റുള്ളവരുടെയും നിത്യരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണല്ലോ നാം ഈ സംഘടനയിൽ പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കനുസൃ തമായ ത്യാഗപൂർണപ്രവർത്തനങ്ങൾ കാഴ്ചവച്ച മുൻഗാമികളുടെ വലിയ മാതൃക നമുക്കുണ്ട്. എല്ലാത്തിലുമുപരിയായി ദൈവത്തെ സ്നേഹിക്കുക, തന്നെപ്പോലെതന്നെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കർതൃകല്പ നയാണല്ലോ സൊസൈറ്റിയുടെ അടിസ്ഥാനപ്രമാണം. ദൈവസ്നേഹത്തോടു ചേർന്ന സഹോദരസ്നേഹമാണു മിശിഹായുടെ പ്രമാണം. അയൽക്കാരനെ സേവിക്കുന്നതിൽനിന്ന് അതു മുളയെടുക്കുന്നു. മനുഷ്യരെന്ന നിലയിലും ക്രിസ്ത്യാനികളെന്ന നിലയിലും നമ്മുടെ ജീവിതത്തിന്റെ ഫലസമൃദ്ധിയുടെ നിദാനം ദാരിദ്ര്യത്തിലെ പങ്കാളിത്തമാണ് (മൊഴിമുത്തുകൾ). ദാരിദ്ര്യത്തിലും സഹനങ്ങളിലും പങ്കുപറ്റുകയെന്നത് എല്ലാവർക്കും സാധിക്കുന്ന കാര്യമല്ല. ഹൃദയത്തിൽ സമ്പന്നതയുള്ളവർക്കേ അതിനു കഴിയുകയുള്ളൂ. ഭൂരിഭാഗം ആൾക്കാരും തങ്ങളുടെ പങ്കാളിത്തം വാക്കുകളിൽ ഒതുക്കുന്നു. ദരിദ്രസേവ നത്തിനുള്ള തീവ്രമായ ആഗ്രഹം വിൻസെൻഷ്യൻ ദൈവവിളിയുടെ പ്രധാന ഘടകമാണ്. ദാനധർമ്മങ്ങൾകൊണ്ടുമാത്രം സംതൃപ്തമാവുന്നതായിരിക്കരുത് നമ്മുടെ പ്രവർത്തനങ്ങൾ. ദരിദ്രരുമായുള്ള വ്യക്തിസമ്പർക്കം വളരെ പ്രധാന

പ്പെട്ടതാണ്. ദരിദ്രരെ അവരുടെ ഭവനങ്ങളിൽ ചെന്നുകണ്ട് ആശ്വസിപ്പിക്കുന്ന പ്രവർത്തനരീതിയാണ് നമ്മുടേത്. ഭൗതികദാരിദ്ര്യം അനുഭവിക്കുന്നവർ മാത്രമല്ല ആത്മീയമായ ദാരിദ്ര്യം അനുഭവിക്കുന്നവരും നമ്മുടെ പരിഗണന അർഹിക്കുന്നു. ഈ സ്നേഹശുശ്രൂഷയ്ക്കു നമ്മെ പ്രാപ്തരാക്കുന്നത് ഈശോയിലുള്ള അടിയുറച്ച വിശ്വാസമാവണം. 'വിശ്വാസംവഴി മിശിഹാ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും, നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറക്കണമെന്നു' മുള്ള (എഫേ. 3:17) പൗലോസ് അപ്പസ്തോലന്റെ പ്രാർത്ഥന ഇക്കാര്യം വ്യക്തമാക്കുന്നു. എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിനെന്ന ഈശോയുടെ ആഹ്വാനമാകട്ടെ സ്നേഹം പകർന്നു കൊടുക്കുന്നതിലുള്ള നമ്മുടെ പ്രചോദനം. സ്നേഹത്തിൽ വളരുന്നതിന്റെ സൗന്ദര്യമാകണം ക്രിസ്ത്യാനിയുടെ സൗന്ദര്യം. ആ സൗന്ദര്യത്തിനു മാറ്റു കൂട്ടുന്നതാവണം നമ്മുടെ ഉപവി പ്രവർത്തനങ്ങൾ. പത്ര തറവാട്ടിലെ മുത്തശ്ശിയും നമ്മുടെ സഭയുടെ അഭിമാനവുമാണല്ലോ ദീപിക ദിനപത്രം. ഇതിന്റെ പ്രചാരണത്തിനും നിലനിൽപ്പിനും സാധ്യമായ സഹകരണങ്ങൾ നല്കണമെന്ന് എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. പഠിക്കുന്ന കുട്ടികളുള്ള ദത്തുകുടുംബങ്ങൾക്കു സ്പോൺസേഴ്സിലൂടെ ദീപിക ലഭ്യമാക്കുന്ന പദ്ധതി ചങ്ങനാശേരി ഏരിയാ കൗൺസിൽ നടപ്പിലാക്കിയതു മറ്റുള്ളവരും അനുകരിക്കുന്നത് ഉചിതമായിരിക്കും.

ഓസാനം ഫെസ്റ്റ് സംബന്ധിച്ച വിവരങ്ങൾ വാട്സ്ആപ്പിലൂടെ ഏരിയാ കൗൺസിലുകളെ അറിയിച്ചത് കോൺഫറൻസുകൾക്ക് ലഭ്യമായി എന്നു കരുതുന്നു. ഏരിയാ കൗൺസിലുകളിൽനിന്നുള്ള മത്സരാർത്ഥികളുടെ ലിസ്റ്റ് നവംബർ 30നകം സി.സി. യിൽ എത്തിക്കേണ്ടതാണ്.

ഇരവുചിറ കോൺഫറൻസ് അംഗമായിരുന്ന ബ്ര. വർഗീസ് കുളത്തുങ്കൽ, ശ്രീകാര്യം കോൺഫറൻസ് വൈസ് പ്രസിഡന്റ് ബ്ര. ജെ. ജോസഫ് എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. നമ്മുടെ പ്രാർത്ഥനകളിൽ അവരെയും കുടുംബാംഗങ്ങളെയും ഓർക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

## ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയർ

രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നേറുന്നു.

ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ഒക്ടോബർ 15 തീയതി ശനിയാഴ്ച ചാരിറ്റി വേൾഡ് ജിമ്മി പടനിലം സെന്ററിൽ രോഗികളുടെയും പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി പിന്തുണക്കുന്നവരുടെയും സംഗമം നടത്തി. സിസ്റ്റർ ഡോ. വിജയ MMS പാലിയേറ്റീവ് കെയർ കോച്ചിങ്ങ് ക്ലാസ്സ് നടത്തി. തുടർന്നു സ്നേഹവിരുന്നും ഭക്ഷണകിറ്റുകളുടെ വിതരണവും നടത്തി. സാമ്പത്തികസഹായം ആവശ്യമായിരുന്ന രോഗികൾക്ക് അവ എത്തിച്ചു നൽകുകയും ചെയ്തു. ശ്രീ. സണ്ണി ഇടിമണ്ണിക്കൽ, ഡോ. ജോർജ് പടനിലം, ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ശ്രീ. ടോം കായിത്തറ തുടങ്ങിയവർ നേതൃത്വം നൽകി.

## റെയിൻബോ കെയർ

ജിമ്മി പടനിലം സെന്ററിന്റെയും ചാരിറ്റി വേൾഡിന്റെയും നേതൃത്വത്തിൽ നടത്തിവരുന്ന 1000 ഭിന്നശേഷി കുടുംബങ്ങളുടെ കൂട്ടായ്മയായ റെയിൻബോ കെയർ പദ്ധതിയുടെ ഭാഗമായി മാടപ്പള്ളി പഞ്ചായത്തിലെ ഭിന്നശേഷി കുടുംബങ്ങളുടെ കൂട്ടായ്മ മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ നടത്തി. ഭിന്നശേഷി കുട്ടികളുടെ അവകാശങ്ങൾ, അവരുടെ ആനുകൂല്യങ്ങൾ എന്നിവയെപ്പറ്റി ബോധവത്കരണ ക്ലാസ്സ് നൽകി. യോഗത്തിൽ മുപ്പതോളം ഭിന്നശേഷി കുടുംബങ്ങൾ പങ്കെടുത്തു. ഡോ. ജോർജ് പടനിലം, ഫാ. സെബാസ്റ്റ്യൻ പുന്നശേരി, റവ. ഫാ. മാത്യു ചെത്തിപ്പുഴ, ശ്രീ. ജോസ് കളരിക്കൽ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

## പഞ്ചായത്ത് അക്കാദമി

ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെയും ജിമ്മി പടനിലം സെന്ററിന്റെയും നേതൃത്വത്തിൽ പഞ്ചായത്തുകളിൽ നിസ്വാർത്ഥതയോടെ ചില ഇടപെടലുകൾ, പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സന്നദ്ധപ്രവർത്തകരുടെ കൂട്ടായ്മയാണ് ഇത്. പഞ്ചായത്ത് അക്കാദമി വാഴപ്പള്ളി യൂണിറ്റിന്റെ പ്രഥമ യോഗം ഒക്ടോബർ 23 ഞായറാഴ്ച ജിമ്മി പടനിലം സെന്ററിൽ നടന്നു. യോഗത്തിൽ അഡ്വ. ബിനോയ് ജോസ് മുഖ്യാഥിതിയായിരുന്നു. ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഡോ. ജോർജ് പടനിലം, ശ്രീ. ടോം കായിത്തറ എന്നിവർ നേതൃത്വം നൽകി. വാഴപ്പള്ളി പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നായി എൺപത്തിയഞ്ചോളം സന്നദ്ധപ്രവർത്തകർ യോഗത്തിൽ പങ്കെടുത്തു.

## അന്നദാനം മഹാദാനം

ചങ്ങനാശേരി ജനറൽ ആശുപത്രിയിലും ആയുർവേദ ആശുപത്രിയിലുമായി

നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന അന്നദാനം പദ്ധതി വിജയകരമായി 10-ാം മാസത്തിലേക്കു കടന്നിരിക്കുന്നു. പ്രതിദിനം 300 നിർധനരായ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ആഹാരം നൽകാൻ ഈ പദ്ധതിക്കു കഴിയുന്നു. സുമനസ്സുകളുടെ സഹായത്താൽ ഒരു ദിവസംപോലും മുടങ്ങാതെ അന്നദാനം നൽകാൻ ചാരിറ്റി വേൾഡിനു സാധിക്കുന്നു. നിസ്വാർത്ഥരായ കുറേയധികം സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിലാണ് ആഹാരം തയ്യാറാക്കുന്നതും ആളുകൾക്ക് എത്തിച്ചു നൽകുന്നതും.

## 100 ഡയലിസിസ് കൂപ്പണുകൾ വിതരണം ചെയ്തു

ജിമ്മി പടനിലം സെന്ററിന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന പേരിൽ നടത്തിവരുന്ന സൗജന്യ ഡയാലിസിസ് പദ്ധതിവഴി ഈ മാസവും 100 ഡയാലിസിസുകൾ സൗജന്യമായി ചെയ്തുനൽകി. ഡോ. ജോർജ് പടനിലത്തിന്റെ സഹായത്തോടെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലാണ് സൗജന്യ ഡയാലിസിസുകൾ നടത്തുന്നത്. നിർധനരായ വൃക്കരോഗികളെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയാണ് സൗജന്യ ഡയാലിസിസ് കൂപ്പൺ നൽകുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

***'മിശിഹായിൽ ഞങ്ങളെ എല്ലായ്പ്പോഴും വിജയത്തിലെത്തിക്കുകയും അവനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ സൗരഭ്യം ഞങ്ങൾവഴി എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവത്തിന് സ്തുതി' (**2 കോറി. 2/14**)***

ചങ്ങനാശേരി കരിസ്മാറ്റിക് സോണൽ സർവീസ് ടീമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുമ്പോട്ടുപോകുവാൻ ശക്തിതരുന്ന ദൈവത്തിനു നന്ദി അർപ്പിക്കുന്നു. ആനിമേറ്റർ ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ ക്രിയാത്മകമായ പിന്തുണയും പ്രോത്സാഹനവുംവഴി സോണൽ പ്രവർത്തനങ്ങൾ ശക്തമായി മുന്നേറുന്നു. ആനിമേറ്റർ സിസ്റ്റർ ചെറുപുഷ്പം SABS എല്ലാറ്റിനും സജീവസാന്നിദ്ധ്യം നൽകികൊണ്ടിരിക്കുന്നു.

ഒൻപതു മിനിസ്ട്രികൾക്കും അഞ്ചുപേരടങ്ങുന്ന ഉപദേശകസമിതി (MAC) രൂപീകരിച്ചു. ഓരോ മിനിസ്ട്രിക്കും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ MAC അംഗങ്ങൾ മറ്റു സോണുകളിൽ നിന്നുള്ളവർക്കൊപ്പം കളമശേരി എമ്മാവൂസിൽ ഫോർമേഷൻ ക്ലാസുകളിൽ പങ്കെടുക്കുന്നു.

സബ്സോണുകളിലെ അംഗങ്ങളുടെ പ്രാർത്ഥനയുടെയും പ്രവർത്തനങ്ങളുടെയും ഫലമായി പല ഇടവകകളിലും ബഹു. വികാരി അച്ചന്മാരുടെ അനുമതിയോടെ പ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിച്ചു. LSS ന്റെ ആനിമേറ്റർമാരുടെയും മെന്റർമാരുടെയും ഒരു മീറ്റിംഗ് ബഹു. ലൂയിസ് അച്ചന്റെ നേതൃത്വത്തിലും ബഹു. സിസ്റ്റർ ചെറുപുഷ്പത്തിന്റെ സഹകരണത്തിലും ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടന്നു. പുതിയ LSS ബാച്ച് ആരംഭിക്കുന്നതിനും അതിനായി പുതിയ റിസോഴ്സിനെ കണ്ടെത്തുവാനും തീരുമാനിച്ചു. സോണിന് അഭിമാനമായി സോണൽ സർവീസ് ടീം ട്രഷറർ ശ്രീ. സിബിച്ചൻ ദേവസ്യാ സെൻട്രൽ ഫിനാൻസ് കമ്മിറ്റിയിലേയ്ക്കും YU4C ചങ്ങനാശേരി കോർഡിനേറ്റർ അഞ്ജു സിബിച്ചനെ YU4C സെൻട്രൽ കമ്മിറ്റി അംഗമായും തെരഞ്ഞെടുത്തു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

**പൗരോഹിത്യ ആദ്ധ്യാത്മികത:**
**വചനവിചിന്തനങ്ങൾ**
**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

182



# സഭ: പുതിയ ദൈവജനം

(തിരുവചനഭാഗം: റോമാ 9, 1-33)

പഴയനിയമദൈവജനത്തിന്റെ സ്ഥാനത്ത് പുതിയ ദൈവജനമായി സഭ രൂപംകൊണ്ടതിനെപ്പറ്റിയാണ് പൗലോസ്ശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നത്. ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവജനത്തിന്റെ മാഹാത്മ്യം (9,1-5)
2. ദൈവവിളിയും തിരഞ്ഞെടുപ്പും (9,6-13)
3. ദൈവത്തിന്റെ കരുണയുള്ള സ്നേഹം (9,14-18)
4. ദൈവമഹത്ത്വം വെളിപ്പെടുത്തൽ (9,19-23)
5. ദൈവത്തിന്റെ വിശ്വസ്തത (9, 24-33)

പുതിയ ദൈവജനമായ സഭയിലെ അജപാലകർക്ക് ഇതിലൂടെ നല്കപ്പെടുന്ന സന്ദേശം എന്താണെന്നു നമുക്കു പരിശോധിക്കാം.

## 1. ദൈവജനത്തിന്റെ മാഹാത്മ്യം

*''അവർ ഇസ്രായേൽമക്കളാണ്. പുത്രസ്ഥാനവും മഹത്ത്വവും ഉടമ്പടികളും നിയമത്തിൻെറ അവകാശവും ശുശ്രൂഷയും വാഗ്ദാനങ്ങളും അവരുടേതാണ്. പൂർവപിതാക്കൻമാരും അവരുടേത്; മിശിഹായും വംശമുറയ്ക്ക് അവരിൽ നിന്നുള്ളവൻതന്നെ. അവൻ സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമാണ്, ആമേൻ''* (9,4-5).

പഴയദൈവജനമായ ഇസ്രായേൽക്കാരെക്കുറിച്ചുള്ള ദുഃഖമാണ് പൗലോസ് ശ്ലീഹാ ഈ അദ്ധ്യായത്തിൽ പ്രകടമാക്കുന്നത്. ദുഃഖത്തിനു കാരണം നമുക്ക് അനുമാനിക്കാം. ഈശോയിലൂടെ കൈവന്ന ദൈവികരക്ഷയെ അവിശ്വസിക്കുകയും നിരസിക്കുകയും ചെയ്തതിലൂടെ തന്റെ സമകാലികരായ യഹൂദരിൽ ഭൂരിപക്ഷവും ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിൽനിന്ന് പുറംതള്ളപ്പെട്ടു. ശാരീരികമായി യഥാർത്ഥ ഇസ്രായേലാകാൻ ഭാഗ്യം ലഭിച്ച യഹൂദർ അവിശ്വാസം മൂലം രക്ഷ നഷ്ടപ്പെടുത്തി. വിശ്വാസംവഴിയുള്ള രക്ഷയുടെ പ്രാധാന്യം ക്രൈസ്തവരെ ഓർമ്മിപ്പിക്കാനാണ് പൗലോസ് ശ്രമിക്കുന്നത്. വിശ്വാസിയുടെ മനഃസാക്ഷിയും പരിശുദ്ധാത്മാവും ഒരേ ലക്ഷ്യത്തിനായി ഒരുമിച്ചു പ്രവർത്തിക്കുന്നു എന്ന ആദ്ധ്യാത്മികരഹസ്യവും പൗലോസ്ശ്ലീഹാ ഇതിലൂടെ വ്യക്തമാക്കുന്നുണ്ട്. പുതിയ ദൈവജനമായ സഭാംഗങ്ങളെ ഈ വസ്തുത മനസ്സിലാക്കിക്കൊടുക്കണം. ദൈവജനമായതുകൊണ്ടുമാത്രമല്ല രക്ഷ കൈവരിക്കുന്നത്. പിന്നെയോ പരിശുദ്ധാത്മാവിന്റെ കൃപാവരത്തോട്

സഹകരിച്ചുകൊണ്ട് വിശ്വാസജീവിതം നയിക്കുന്നതിലൂടെയാണ് നാം രക്ഷ പ്രാപിക്കുന്നത്.

യഹൂദരുടെ മഹത്വവും മാഹാത്മ്യവുമാണ് പൗലോസ് വർണ്ണിക്കുന്നത്. ആദത്തിന്റെ പാപം മൂലം നഷ്ടമായ മഹത്വം മിശിഹായിലൂടെ വീണ്ടെടുക്കപ്പെട്ടതിന്റെ വിവരണം (റോമാ 8,12-30) നൽകിയതിനുശേഷമാണ് പൗലോസ് യഹൂദരുടെ മഹത്വം വർണ്ണിക്കുന്നത്. ശാരീരികമായി വാഗ്ദാനത്തിന്റെ സന്തതികളായ യഹൂദർക്ക് ദൈവം വാഗ്ദാനം ചെയ്തിരുന്ന മഹത്വമത്രയും അവിശ്വാസംവഴി നഷ്ടമായപ്പോൾ വിശ്വാസംവഴി അതു നേടിയെടുത്തത് ക്രിസ്ത്യാനികളാണെന്ന പരോക്ഷസൂചനയാണ് പൗലോസ് നൽകുന്നത്. യഹൂദരുടെ മഹത്വം വർണ്ണിക്കുന്നതിലൂടെ ഈശോയിൽ വിശ്വസിക്കുന്നവർക്കു കൈവന്ന മഹത്വത്തെക്കുറിച്ചുതന്നെയാണ് പൗലോസ് സൂചിപ്പിക്കുന്നത്. ഇസ്രായേലിന്റെ സർവ്വമഹത്വങ്ങളുടെയും പൂർണ്ണത മിശിഹായുടെ ജനനമായിരുന്നുവെന്നും, ആ സമ്പൂർണ്ണമഹത്വത്തെ തിരസ്കരിക്കുകവഴി മറ്റ് അനുബന്ധമഹത്വങ്ങൾ അവർക്കു നഷ്ടമായി എന്നുമാണ് പൗലോസ് വാദിക്കുന്നത്. അതുകൊണ്ട് ക്രൈസ്തവജീവിതത്തിന്റെ മഹത്വം നാം മനസ്സിലാക്കണം. അത് ക്രൈസ്തവരെ മനസ്സിലാക്കിക്കൊടുക്കുവാൻ അജപാലകരും ശ്രദ്ധിക്കണം.

## 2. ദൈവവിളിയും തിരഞ്ഞെടുപ്പും

*"ദൈവത്തിന്റെ വചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. എന്തെന്നാൽ, ഇസ്രായേൽ വംശജരെല്ലാം ഇസ്രായേൽക്കാരല്ല. അബ്രാഹത്തിന്റെ സന്തതിയായതുകൊണ്ട് അവരെല്ലാം മക്കളായിരിക്കണമെന്നില്ല. ഇസഹാക്കുവഴിയുള്ളവരായിരിക്കും നിന്റെ സന്തതികളായി അറിയപ്പെടുക. അതായത്, വംശമുറയ്ക്കുള്ള മക്കളല്ല ദൈവത്തിന്റെ മക്കൾ; പ്രത്യുത, വാഗ്ദാനപ്രകാരം ജനിച്ചവരാണു യഥാർഥ മക്കളായി കണക്കാക്കപ്പെടുന്നത്. വാഗ്ദാനം ഇതാണ്: ഒരു നിശ്ചിതസമയത്തു ഞാൻ വരും. അന്നു സാറായ്ക്ക് ഒരു മകൻ ഉണ്ടായിരിക്കും. മാത്രമല്ല, നമ്മുടെ പൂർവപിതാവായ ഇസഹാക്ക് എന്ന ഒരേ ആളിൽനിന്നു റെബേക്കായും കുട്ടികളെ ഗർഭംധരിച്ചു. എന്നാൽ, അവർ ജനിക്കുകയോ, നന്മയോ തിന്മയോ ആയി എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നതിനു മുമ്പുതന്നെ അവൾക്ക് ഇപ്രകാരം അറിയിപ്പുണ്ടായി: ജ്യേഷ്ഠൻ അനുജന്റെ സേവകനായിരിക്കും. ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം പ്രവൃത്തികൾമൂലമല്ല, അവിടുത്തെ വിളിമൂലം തുടർന്നുപോകേണ്ടതിനാണ് ഇതു സംഭവിച്ചത്. യാക്കോബിനെ ഞാൻ സ്നേഹിച്ചു. ഏസാവിനെയാകട്ടെ ഞാൻ വെറുത്തു എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്."* (9,6-13)

ജഡപ്രകാരമുള്ള ഇസ്രായേലും വാഗ്ദാനപ്രകാരമുള്ള ഇസ്രായേലും തമ്മിലുള്ള വൈരുദ്ധ്യാത്മകത, അബ്രാഹത്തിന്റെ സന്തതികളിൽ വാഗ്ദാനപ്രകാരം ജനിച്ച ഇസഹാക്കും ജഡപ്രകാരം ജനിച്ച ഇസ്മായേലും തമ്മിലുള്ള വൈരുദ്ധ്യത്തിനു സമാനമാണ്. ഇസഹാക്കും ഇസ്മായേലും അബ്രാഹത്തിന്റെ സന്തതികളായിരുന്നുവെങ്കിലും സാറായുടെ പുത്രനായിരുന്നു വാഗ്ദാനത്തിന്റെ പുത്രൻ. ഉൽപത്തി 18,10.14 ൽ അബ്രാഹത്തിനു ലഭിച്ച വാഗ്ദാനത്തിന്റെ അവകാശം ഇസഹാക്കിനു മാത്രമുള്ളതായിരുന്നു. ശാരീരികസന്താനങ്ങളിൽ നിന്നും ദൈവം തിരഞ്ഞെടുക്കുന്നവർ മാത്രമേ അവകാശികളാകുന്നുള്ളൂ

എന്നാണ് പൗലോസ്ശ്ലീഹാ അർത്ഥമാക്കുന്നത്. സമാനമായൊരു തിരഞ്ഞെടുപ്പാണ് ശരീരപ്രകാരം അദ്ദേഹത്തിന്റെ സന്തതികളായ യഹൂദരുടെയിടയിൽ നടന്നിരിക്കുന്നത്. ഈശോയിൽ വിശ്വസിക്കാൻ വൈമുഖ്യം കാട്ടുന്ന യഹൂദർ ഇസ്മായേലിന്റെ തലത്തിൽ വ്യാപരിക്കുന്നവരും രക്ഷാകരപദ്ധതിയിൽ അപ്രസക്തരുമാണ്. അതുകൊണ്ട് ദൈവവിളിയും തിരഞ്ഞെടുപ്പുമാണ് പ്രാധാന്യമർഹിക്കുന്നത്. നമ്മൾ പുതിയ ദൈവജനമായ സഭയുടെ അംഗങ്ങളായിത്തീർന്നത് ദൈവത്തിന്റെ വിളിയുടെയും തിരഞ്ഞെടുപ്പിന്റെയും ഫലമായിട്ടാണ്. ഈ ഒരവബോധം വിശ്വാസികൾക്കു നൽകുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

പുതിയ ദൈവജനമെന്ന നിലയിൽ സഭയുടെ മാഹാത്മ്യവും ജനങ്ങളെ പറഞ്ഞുമനസ്സിലാക്കേണ്ടതുണ്ട്. വെറും മനുഷ്യരായിരുന്ന നമ്മൾ മാമ്മോദീസായിലൂടെ ദൈവത്തിന്റെ മക്കളായിത്തീർന്നു. ''അബ്രാഹത്തിന്റെ സന്തതിയായതുകൊണ്ട് അവരെല്ലാം മക്കളായിരിക്കണമെന്നില്ല. ഇസഹാക്കുവഴിയുള്ളവരായിരിക്കും നിൻെറ സന്തതികളായി അറിയപ്പെടുക. അതായത്, വംശമുറയ്ക്കുള്ള മക്കളല്ല ദൈവത്തിൻെറ മക്കൾ; പ്രത്യുത, വാഗ്ദാനപ്രകാരം ജനിച്ചവരാണു യഥാർഥ മക്കളായി കണക്കാക്കപ്പെടുന്നത്. വാഗ്ദാനം ഇതാണ്: ഒരു നിശ്ചിതസമയത്തു ഞാൻ വരും. അന്നു സാറായ്ക്ക് ഒരു മകൻ ഉണ്ടായിരിക്കും''. ദൈവമക്കളെന്ന നിലയിൽ ദൈവപുത്രനായ മിശിഹായുടെ പുത്രത്വത്തിൽ പങ്കുചേരാനും, ദൈവത്തെ 'ആബ്ബാ, പിതാവേ' എന്നു വിളിക്കാനും, ദൈവപുത്രർക്കടുത്ത സാഹോദര്യത്തിലും സ്നേഹത്തിലും ജീവിക്കാനും, അവസാനം ദൈവപുത്രനായ ഈശോയുടെ സ്വർഗീയമഹത്ത്വത്തിൽ പങ്കുചേരാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (റോമാ 8,15-17). പുതിയഉടമ്പടിജനതയെന്ന നിലയിൽ, 'ദൈവത്തിന്റെ സ്വന്തം ജനം' എന്ന നിലയിൽ ഉടമ്പടിബന്ധം സ്ഥാപിച്ച്, പുതിയ ഉടമ്പടിയുടെ കല്പനയായ സ്നേഹത്തിന്റെ പ്രമാണം പാലിച്ചുകൊണ്ട് ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനും (യോഹ 13,34-35) നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ ബോധവൽക്കരണം നല്കി ഇടവകയെ ദൈവമക്കളുടെ കുടുംബമായി കെട്ടിപ്പടുക്കുവാനും അജപാലകർ ശ്രദ്ധിക്കണം.

### 3. ദൈവത്തിന്റെ കരുണയുള്ള സ്നേഹം

*''അപ്പോൾ നാം എന്തുപറയണം? ദൈവത്തിൻെറ ഭാഗത്ത് അനീതിയുണ്ടെന്നോ? ഒരിക്കലും അല്ല. എനിക്കു ദയ തോന്നുന്നവരോടു ഞാൻ ദയ കാണിക്കും; എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പയും എന്ന് അവിടുന്നു മോശയോട് അരുളിച്ചെയ്യുന്നു. അതുകൊണ്ട്, മനുഷ്യൻെറ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിൻെറ ദയയാണ് എല്ലാറ്റിൻെറയും അടിസ്ഥാനം''* (9,14-16).

ദൈവം അനീതി പ്രവർത്തിച്ചോ? എന്നു ചേദിച്ചുകൊണ്ട് ഈ ഭാഗം ആരംഭിക്കുന്നു. ദൈവത്തിന്റെ വിളിയിലും തിരഞ്ഞെടുപ്പിലും അനീതിയല്ല അവിടുത്തെ കരുണയാണ് വെളിപ്പെടുന്നത്. പുറപ്പാടുപുസ്തകത്തിൽ മോശ മലമുകളിൽ ദൈവവുമായുള്ള ഉടമ്പടി നടത്തുന്ന സമയത്ത് താഴ്വരയിൽ ജനം കാളക്കുട്ടിയെ ആരാധിച്ചു എന്നതിനാൽ ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റം മ്ലേച്ഛമായ പാപം എന്ന നിലയിലാണ് ഈ പാപത്തെ മനസ്സിലാക്കിയിരുന്നത്.

എന്നാൽ ഈ ഘോരപാപത്തിലും ദൈവം കുറച്ചുപേരോട് കരുണ കാണിച്ചു. കരുണയെ സൂചിപ്പിക്കുന്ന 'ഏലെയോസ്' എന്ന നാമരൂപവും 'ഏലെയോ' എന്ന ക്രിയാരൂപവും റോമാ 9-11 അദ്ധ്യായങ്ങളിലെ മുഖ്യപ്രമേയമാണ്. തുടർന്ന് ഉദ്ധരിക്കുന്ന വാക്യം (9,17) പുറപ്പാട് 9,16 ൽ നിന്നുള്ളതാണ്. ഫറവോയുടെ അഹന്തയ്ക്ക് ഉടനടി ശിക്ഷകൊടുക്കാതെ ദൈവം കരുണ കാണിക്കുന്നതാണ് സന്ദർഭം. അതുകൊണ്ട് ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രത്യേകത, അത് കരുണയുള്ള സ്നേഹമാണെന്നതാണ്.

ദൈവത്തിന്റെ സ്നേഹം കരുണയുള്ള സ്നേഹമാണെന്നുള്ളത് പുതിയ നിയമത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നതാണ്. സുവിശേഷങ്ങളിൽ ദൈവത്തിന്റെ പരിപൂർണ്ണതയായിട്ടാണ് ദൈവത്തിന്റെ കരുണയുള്ള സ്നേഹം കരുതപ്പെടുന്നത്. മത്തായിയുടെ സുവിശേഷത്തിൽ ശത്രുസ്നേഹത്തെപ്പറ്റി പറയുമ്പോൾ ഈശോ പറയുന്നു: ''നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ'' (മത്താ 5,48). ഈ വാചകം തന്നെ ലൂക്കായുടെ സുവിശേഷത്തിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്. ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്കാ 6,36). ദൈവത്തിന്റെ പരിപൂർണ്ണത നാം കാണേണ്ടത് അവിടുത്തെ കരുണയുള്ള സ്നേഹത്തിലാണെന്ന് അതു നമ്മെ ഓർമ്മിപ്പിക്കുന്നു. പാപബദ്ധനായ മനുഷ്യനെ ദൈവം സ്നേഹിക്കുന്നത് അവിടുത്തെ സ്നേഹം കരുണയുള്ള സ്നേഹമായതുകൊണ്ടാണ്. ഇത് സഭാംഗങ്ങളെല്ലാം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. സഭ സ്നേഹത്തിനു സാക്ഷ്യം വഹിക്കേണ്ട ഒരു കൂട്ടായ്മയായി നിലനിൽക്കണമെങ്കിൽ കരുണയുള്ള സ്നേഹം അജപാലകരും അജഗണങ്ങളും നിരന്തരം അഭ്യസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണം.

## 4. ദൈവമഹത്ത്വം വെളിപ്പെടുത്തൽ

*''അപ്പോൾ നിങ്ങൾ എന്നോടു ചോദിച്ചേക്കാം: അങ്ങനെയെങ്കിൽ, അവിടുന്ന് എന്തിനു മനുഷ്യനെ കുറ്റപ്പെടുത്തണം? അവിടുത്തെ ഹിതം ആർക്കു തടുക്കാൻ കഴിയും? ദൈവത്തോടു വാഗ്വാദം നടത്താൻ മനുഷ്യാ, നീ ആരാണ്? നീ എന്തിനാണ് എന്നെ ഈ വിധത്തിൽ നിർമിച്ചത് എന്നു പാത്രം കുശവനോടു ചോദിക്കുമോ? ഒരേ കളിമൺ പിണ്ഡത്തിൽനിന്നു ശ്രേഷ്ഠമോ ഹീനമോ ആയ ഉപയോഗത്തിനുള്ള പാത്രങ്ങൾ നിർമിക്കാൻ കുശവന് അവകാശമില്ലേ? ദൈവം തൻെറ ക്രോധം വെളിവാക്കാനും ശക്തി അറിയിക്കാനും ആഗ്രഹിച്ചുകൊണ്ട് നശിപ്പിക്കപ്പെടാൻവേണ്ടി നിർമിച്ച ക്രോധ പാത്രങ്ങളോടു വലിയ ക്ഷമ കാണിച്ചെങ്കിൽ അതിലെന്ത്? അത്, താൻമഹത്വത്തിനായി മുൻകൂട്ടി തയ്യാറാക്കിയിരുന്ന കൃപാപാത്രങ്ങൾക്കുവേണ്ടിയുള്ള തൻെറ മഹത്വത്തിന്റെ സമ്പത്ത് വെളിപ്പെടുത്താൻവേണ്ടിയാണ്''* (9,19-23)

ഇസ്രായേൽചരിത്രത്തിലെ പ്രവാസകാലഘട്ടമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. എല്ലാം ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണു നടക്കുന്നതെങ്കിൽ മനുഷ്യന്റെ തെറ്റുകൾക്കും പരാജയങ്ങൾക്കും അവനെ കുറ്റപ്പെടുത്താനാകുമോ എന്ന അടിസ്ഥാനപരമായ താത്വികപ്രശ്നമാണ് ഇവിടെ അവതരിപ്പിക്കുന്നത്. രണ്ടു പഴയനിയമപ്രവചനങ്ങളെ ആധാരമാക്കിയാണ് ലേഖനകർത്താവ്

ഇതിനു ഉത്തരം നൽകുന്നത്. ആദ്യമായി കുശവന്റെയും കളിമണ്ണിന്റെയും കഥ പറയുന്ന ജറെ 18,5-17 ലേതും, രണ്ടാമതായി, അവിശ്വസ്തരായ ഇസ്രായേ ലിനുള്ള ശിക്ഷാവിധിയെപ്പറ്റി പറയുന്ന ഏശ 29,16 ലേതും. പ്രവാസത്തിനും ശിക്ഷാവിധിയ്ക്കുംശേഷം ദൈവം സൗഭാഗ്യം നൽകും. ഇവിടെ ശിക്ഷാവിധി ലഭിക്കുന്നവർ ഈശോയിൽ വിശ്വസിക്കാത്ത യഹൂദരും സൗഭാഗ്യം നേടുന്നവർ ഈശോയിൽ വിശ്വസിച്ചവരും ആണ് എന്നു നമുക്കു മനസ്സിലാക്കാം. വിശ്വാ സമില്ലായ്മ ശിക്ഷാവിധിയ്ക്കും വിശ്വാസം സൗഭാഗ്യത്തിനും കാരണമാകുമെ ന്നുള്ളത് വിശ്വാസികളും അജപാലകരും മനസ്സിലാക്കേണ്ടതാണ്.

കുശവനും കളിമണ്ണും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകാത്മക വിവരണത്തി ലൂടെ ദൈവത്തിന്റെ പ്രവർത്തനത്തെ ചോദ്യം ചെയ്യാനുള്ള മനുഷ്യന്റെ അവ കാശത്തെയാണ് പൗലോസ്ശ്ലീഹാ നിഷേധിക്കുന്നത്. മണ്ണു കുഴയ്ക്കുന്നതും നിയതരൂപത്തിലാക്കുന്നതും ചുടുന്നതുമെല്ലാം ശിക്ഷാവിധിയായി കരുതാ മെങ്കിൽ നിർമ്മിക്കപ്പെട്ട കലം പുതിയൊരു തുടക്കത്തിന്റെ സൂചനയാണ്. പ്രവാസമോ തിരസ്കരണമോ ദൈവത്തിന്റെ കോപമൂലം സംഭവിക്കുന്നതല്ല. കാരണം തിരസ്കരിച്ചത് ദൈവമല്ല. മനുഷ്യൻ ദൈവത്തെയാണു തിരസ്കരി ച്ചത്. ഫറവോയോട് കരുണ കാണിച്ചതുപോലെ അവിശ്വാസികളായ വിശ്വാസി കളോടും ദൈവം കരുണ കാണിക്കുകയാണ്. 'കാരുണ്യത്തിന്റെ പാത്രങ്ങളും' 'ക്രോധപാത്രങ്ങളും', അന്ത്യവിധിയിലെ ചെമ്മരിയാടുകളും കോലാടുകളും (മത്താ 25,31-44) എന്നതിനു സമാനമായി മനസ്സിലാക്കാം. യഹൂദരും വിജാതീ യരും ഉൾക്കൊള്ളുന്ന ക്രൈസ്തവസമൂഹം ദൈവമഹത്ത്വത്തിന്റെ വെളിപ്പെടു ത്തലായി കാണേണ്ടതാണെന്ന് അജപാലകർ അജഗണങ്ങളെ പഠിപ്പിക്കണം.

### 5. ദൈവത്തിന്റെ വിശ്വസ്തത

*"യഹൂദരിൽനിന്നു മാത്രമല്ല, വിജാതീയരിൽനിന്നുകൂടിയും വിളിക്കപ്പെട്ട നമ്മളും ആ പാത്രങ്ങളിൽപ്പെടുന്നു. അവിടുന്നു ഹോസിയാവഴി അരുളിച്ചെയ്യു ന്നതുപോലെ, എന്റെ ജനമല്ലാത്തവരെ എന്റെ ജനം എന്ന് ഞാൻ വിളിക്കും; പ്രിയപ്പെട്ടവളല്ലാത്തവളെ പ്രിയപ്പെട്ടവളെന്നും. നിങ്ങൾ എന്റെ ജനമല്ല എന്ന് അവരോടു പറയപ്പെട്ട അതേ സ്ഥലത്തുവച്ചു ജീവിക്കുന്ന ദൈവത്തിന്റെ മക്കൾ എന്ന് അവർ വിളിക്കപ്പെടും. ഇസ്രായേലിനെക്കുറിച്ച് ഏശയ്യായും വിലപി ക്കുന്നു: ഇസ്രായേൽമക്കളുടെ സംഖ്യ കടലിലെ മണൽപോലെയാണെന്നി രിക്കിലും, അവരിൽ ഒരു ചെറിയഭാഗം മാത്രമേ രക്ഷിക്കപ്പെടുകയുള്ളു. എന്തെന്നാൽ, കർത്താവ് ഭൂമിയുടെമേലുള്ള വിധി അന്തിമമായി ഉടൻതന്നെ നിർവഹിക്കും. ഏശയ്യാ പ്രവചിച്ചിട്ടുള്ളതുപോലെ, സൈന്യങ്ങളുടെ കർത്താവു നമുക്കു മക്കളെ അവശേഷിപ്പിച്ചില്ലായിരുന്നെങ്കിൽ, നമ്മൾ സോദോം പോലെ ആയിത്തീരുമായിരുന്നു; ഗൊമോറായ്ക്കു സദൃശരാവുകയുംചെയ്യുമായിരുന്നു. അപ്പോൾ നമ്മൾ എന്തു പറയണം? നീതി അന്വേഷിച്ചു പോകാതിരുന്ന വിജാ തീയർ നീതി, അതായത് വിശ്വാസത്തിലുള്ള നീതി, പ്രാപിച്ചു എന്നുതന്നെ. നിയമത്തിലധിഷ്ഠിതമായ നീതി അന്വേഷിച്ചുപോയ ഇസ്രായേലാകട്ടെ, ആ നിയമം നിറവേറ്റുന്നതിൽ വിജയിച്ചില്ല. എന്തുകൊണ്ട്? അവർ വിശ്വാസത്തി ലൂടെയല്ല പ്രവൃത്തികളിലൂടെയാണ് അന്വേഷിച്ചത്. ഇടർച്ചയുടെ പാറമേൽ അവർ തട്ടിവീണു. ഇതാ! തട്ടിവീഴ്ത്തുന്ന കല്ലും ഇടർച്ചയ്ക്കുള്ള പാറയും*

*സീയോനിൽ ഞാൻ സ്ഥാപിക്കുന്നു. അവനിൽ വിശ്വസിക്കുന്നവർക്കു ലജ്ജിക്കേണ്ടിവരുകയില്ല എന്ന് എഴുതപ്പെട്ടിരിക്കുന്നു''* (9,24-33)

ഹോസിയാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ട് ഉദ്ധരണികളാണ് (1,10; 2,23) ഈ ഭാഗത്തെ പ്രമേയം. 'ജനമല്ലാത്തവർ', 'പ്രിയപ്പെട്ടവരല്ലാത്തവർ' എന്നീ പദപ്രയോഗങ്ങൾ ദൈവികളുടമ്പടിയുടെ ഭാഗമല്ലാതിരുന്ന വിജാതീയരെയാണു സൂചിപ്പിക്കുന്നത്. ദൈവം അവരെ ''വിളിച്ചു'' എന്നത് ദൈവിക തിരഞ്ഞെടുപ്പിന്റെയും രൂപീകരണത്തിന്റെയും അടയാളമായി കരുതാം. ദൈവം വിജാതീയരെ പേരുവിളിച്ച് യഹൂദരോടു ചേർത്തതോടെ, വിജാതീയരും യഹൂദരും ചേരുന്ന ദൈവമക്കളുടെ സമൂഹമാകുന്ന സഭ രൂപംകൊണ്ടു. പൗലോസ് ശ്ലീഹാ സഭയിൽ ഉത്ഥിതനായ മിശിഹായെ കണ്ടനുഭവിച്ചതുകൊണ്ടാണ് യഹൂദമതത്തിൽനിന്നും വ്യത്യസ്തമായി യഹൂദരും വിജാതീയരുമുൾപ്പെടുന്ന സഭ രൂപംകൊണ്ടത്. ഇതിലൂടെയാണ് ദൈവം അബ്രാഹത്തിനു കൊടുത്ത വാഗ്ദാനം (ഉൽപ 12,1-3) പൂർത്തീകരിക്കപ്പെട്ടത്. ഇവയിലൂടെയെല്ലാം വെളിപ്പെട്ടത് ദൈവത്തിന്റെ അചഞ്ചലസ്നേഹവും മാറ്റംവരാത്ത വിശ്വസ്തതയുമാണ്.

റോമാ 9,27-29 ൽ പൗലോസ് തന്റെ വാദഗതി അവതരിപ്പിക്കുന്നത് ഏശയ്യാ 10,22-23 നെ ആധാരമാക്കിയാണ്. അബ്രാഹത്തിനു ദൈവം കൊടുത്ത വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടെങ്കിലും, രക്ഷാചരിത്രം മുന്നോട്ടുനീങ്ങുന്നത് വളരെ ചെറിയ ഒരു അവശിഷ്ടഭാഗത്തിലൂടെയാണ്. രക്ഷാചരിത്രത്തിന്റെ പൂർത്തീകരണം മിശിഹായിലാണ് സംഭവിക്കുന്നത്. മിശിഹായിലുള്ള വിശ്വാസം വിധിയുടെ മാനദണ്ഡമാണ്. വിശ്വസിച്ച ചെറിയ വിഭാഗം-ക്രൈസ്തവർ-രക്ഷാചരിത്രത്തിന്റെ തുടർച്ചയായി മാറുന്നു. ഇസ്രായേലിന്റെ ചരിത്രം പൂർവ്വപിതാക്കൾ മുതൽ പ്രവാസംവരെ വിശകലനം ചെയ്തതിലൂടെ പൗലോസ് എത്തിച്ചേരുന്ന നിഗമനം വ്യക്തമാണ്. അബ്രാഹത്തിന്റെ ശാരീരികസന്താനങ്ങളിൽ എല്ലാവരും രക്ഷിക്കപ്പെടുന്നില്ല. രക്ഷയുടെ മാനദണ്ഡം ദൈവത്തിന്റെ കൃപാപൂർണ്ണമായ തിരഞ്ഞെടുപ്പാണ്. ഈ ഒരു ബോദ്ധ്യം അജപാലകർക്കുണ്ടാവണം. അവരുടെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്ന വിശ്വാസികൾക്കും ഈ ബോദ്ധ്യം നല്കണം.

## ജീവിതസൂചിക

1. ക്രൈസ്തവജീവിതത്തിന്റെ മാഹാത്മ്യം ജനങ്ങളെ മനസ്സിലാക്കികൊടുക്കുവാൻ ഞാൻ എപ്രകാരം ശ്രമിക്കുന്നു?
2. ദൈവമക്കളുടെ കുടുംബം എന്ന നിലയിൽ ഇടവകജനങ്ങളെ കുടുംബാരൂപിയിൽ വളർത്തുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. ദൈവത്തിന്റെ കരുണയുള്ള സ്നേഹം എന്റെ അജപാലകസ്നേഹത്തിന്റെ മുഖമുദ്രയാക്കുവാൻ ശ്രമിക്കുന്നുണ്ടോ?
4. രക്ഷാകരചരിത്രം ദൈവമഹത്വത്തിന്റെ വെളിപ്പെടുത്തലായി മനസ്സിലാക്കാനും ജനങ്ങളെ അപ്രകാരം പഠിപ്പിക്കാനും സാധിക്കുന്നുണ്ടോ?
5. യഹൂദരും വിജാതീയരും ഉൾപ്പെടുന്ന സമൂഹമായി സഭ രൂപപ്പെട്ടതിൽ ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയും എപ്രകാരം ദർശിക്കാം?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**സെപ്റ്റംബർ 2022**

24 ഉച്ചകഴിഞ്ഞു വെട്ടിമുകൾ സെന്റ് മേരീസ് ദൈവാലയത്തിൽ കൊച്ചുമലയിൽ ബഹു. ജോൺ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ തിരുകർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

25 രാവിലെ പായിപ്പാട് ലൂർദ്ദ് മാതാ ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു സന്ദേശം നൽകിയശേഷം ഇടവക പുതുതായി പണികഴിപ്പിക്കുന്ന ഭവനങ്ങളുടെ ശിലകളുടെ ആശീർവാദകർമം നിർവഹിച്ചു. ഉച്ചയ്ക്കു കാഞ്ഞിരപ്പള്ളിയിൽ നടന്ന ദീപികയുടെ കമ്മിറ്റിയിൽ പങ്കെടുത്തു. വൈകിട്ടു കോട്ടയം വിൻസെൻഷ്യൻ സഭയുടെ ഫീസ്റ്റ് ആഘോഷ സമ്മേളനത്തിൽ പങ്കെടുത്തു ആശംസകൾ അറിയിച്ചു.

26 രാവിലെ കുന്നന്താനം LSDP ജനറലേറ്റിൽ പരി. കുർബാനയർപ്പിച്ചു ജനറൽ സിനാക്സിസിന്റെ ഉദ്ഘാടനം നടത്തി. പിന്നീട് കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞു മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ നടന്ന ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു. പിന്നീട്, പുത്തനങ്ങാടി സെന്റ് ജോർജ് ദൈവാലയത്തിൽ നടന്ന ആലപ്പുഴ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

27 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗം പനക്കേഴം ബഹു. ജോർജ് അച്ചന്റെ പിതാവ് ജോയിച്ചൻ പനക്കേഴത്തിന്റെ മൃതസംസ്കാരശുശ്രൂഷയിൽ കാർമികത്വം വഹിച്ചു.

28 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയ ഓഡിറ്റോറിയത്തിൽ നടന്ന ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും കുടുംബക്കൂട്ടായ്മയുടെയും സംയുക്ത മീറ്റിങ്ങിൽ പങ്കെടുത്തു. നൂറുമേനി എന്ന വചന മനഃപാഠ മത്സരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ എഡിറ്റേഴ്സ് ലൈവ് ചാനലിന് അഭിമുഖം നൽകി. അതിരൂപതാകേന്ദ്രത്തിൽ വെള്ളാനിക്കൽ ബഹു. ലൂയിസ് അച്ചന്റെ നേതൃത്വത്തിലുള്ള കരിസ്മാറ്റിക് മൂവ്മെന്റ് ചങ്ങനാശേരി സോൺ ഭാരവാഹികളെ കണ്ടു സംസാരിച്ചു. വൈകുന്നേരം മൈലാടി വിൻസെൻഷ്യൻ ആശ്രമത്തിൽ നടന്ന നെടുംകുന്നം ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

29 മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ അപ്പസ്തോലിക് ഒബ്ലേറ്റ് സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനകർമത്തിനു കാർമികത്വം വഹിക്കുകയും

ജൂബിലി ആഘോഷിക്കുന്നവർക്കു പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. കൊട്ടാരക്കര ക്ലരീഷ്യൻ ഹൗസിൽ നടന്ന കൊല്ലം-ആയൂർ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

30 രാവിലെ അമ്പൂരി സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ നടന്ന അമ്പൂരി ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കഴക്കൂട്ടം ക്ലരീഷ്യൻ സെമിനാരിയിൽ നടന്ന തിരുവനന്തപുരം ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

**ഒക്ടോബർ 2022**

01 രാവിലെ ആര്യാട് ലിറ്റിൽ ഫ്ളവർ ഇടവക ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകിയശേഷം ഇടവകജൂബിലിവർഷ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപത AKCC യുടെ നേതൃത്വത്തിൽ നടന്ന ലഹരി മയക്കുമരുന്ന് വിമുക്ത ബോധവത്ക്കരണ റാലി മാമ്മൂട് ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മാന്നില ഹോളി ഫാമിലി ദൈവാലയത്തിന്റെ പുനഃപ്രതിഷ്ഠാ കർമത്തിനു കാർമ്മികത്വം വഹിച്ചു. തുടർന്ന് ഇടവകസുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കുറുമ്പനാടം സെന്റ് ആന്റണീസ് ഇടവകയിലെ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

02 പുളിങ്കുന്ന് കിഴക്കേത്തലയ്ക്കൽ സെന്റ് തെരേസാസ് ചാപ്പലിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും പുതുതായി നിർമിക്കുന്ന ദൈവാലയത്തിന്റെ കല്ലിടീൽ കർമം നിർവഹിക്കുകയും ചെയ്തു. വൈകുന്നേരം കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ അസംബ്ലിയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

03 രാവിലെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ അസംബ്ലിയിൽ പങ്കെടുത്തു. ഉച്ചയ്ക്കു തുമ്പേച്ചിറയിൽ ബഹു. മാത്യു അച്ചന്റെ ജ്യേഷ്ഠസഹോദരൻ ബഹു. തോമസ് തുമ്പേച്ചിറയിലിന്റെ മൃതസംസ്കാരചടങ്ങിൽ പങ്കെടുത്തു.

04 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകിയശേഷം അതിരൂപതാ അസംബ്ലിയിൽ പങ്കെടുത്തു.

05 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന അഞ്ചാമത് അതിരൂപതാ മഹായോഗത്തിൽ പങ്കെടുത്തു. ഉച്ചയ്ക്കു കോട്ടയം ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ നടന്ന സഹനദാസന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മേജർ സെമിനാരി ബ്രദേഴ്സിന്റെ ഗാതറിങ്ങിൽ പങ്കെടുക്കുകയും അവരെ കണ്ടു സംസാരിക്കുകയും ചെയ്തു.

06 നെടുംകുന്നം മിണ്ടാമഠത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്നു പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞു ചമ്പക്കുളം സെന്റ് മേരീസ് ബസി

ലിക്കയിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ഷംഷാബാദ് രൂപത നിയുക്ത സഹായമെത്രാൻ മോൺ. തോമസ് പാടിയത്തിന് നൽകിയ യാത്രയയപ്പിൽ സംബന്ധിച്ച് ആശംസകൾ നേർന്നു സംസാരിച്ചു.

07 രാവിലെ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവകാംഗമായ അന്നമ്മ ഫ്രാൻസിസ് തുണ്ടിയിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് നർബോനപുരം ഇടവക ദൈവാലയത്തിൽ നടന്ന ഇടവക സംഗമത്തിൽ പങ്കെടുത്ത് 'നീതിസൂര്യൻ ഈശോ' എന്ന പുതിയ സംഘടന ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

08 ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്നു മാർ മാത്യു കാവുകാട്ട് പിതാവിന്റെ കബറിടത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. CMI സഭാംഗം പത്തിൽ ബഹു. കുഞ്ചെറിയ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

09 ഷംഷാബാദിൽ നടന്ന മാർ തോമസ് പാടിയത്ത് പിതാവിന്റെയും, മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെയും മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

10 ഉച്ചകഴിഞ്ഞ് കാഞ്ഞിരപ്പള്ളി എലിക്കുളം ഇൻഫന്റ് ജീസസ് ഇടവകാംഗം കോക്കാട്ട് ബഹു. കുരുവിള അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പരി. കുർബാനയർപ്പിച്ച് അനുശോചനം അറിയിച്ചു, തുടർന്നുള്ള കർമ്മങ്ങളിൽ പങ്കെടുത്തു.

11 ഒക്ടോബർ 30 വരെ ബാങ്കോക്കിൽ നടക്കുന്ന FABC മീറ്റിംഗിൽ പങ്കെടുക്കാൻ പോയി.

## മാർ തോമസ് തറയിൽ

**സെപ്റ്റംബർ 2022**

23 യുവദീപ്തി എസ്.എം.വൈ.എം. കുറുമ്പനാടം ഫൊറോനയുടെ ആഭിമുഖ്യത്തിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തിയ ത്രിദിന പ്രാർത്ഥന-പഠന-പരിശീലന യുവജനക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

24 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ കിഴക്കേ വീട്ടിൽ ബഹു. ആന്റണി അച്ചന്റെ മാതാവ് മേരിക്കുട്ടി ചാക്കോയുടെ 7-ാം ചരമദിനത്തിൽ പരി. കുർബാനയർപ്പിച്ചു. വെട്ടിമുകൾ സെന്റ് മേരീസ് ദൈവാലയത്തിൽ കൊച്ചുമലയിൽ ബഹു. ജോൺ അച്ചന്റെ മൃത സംസ്ക്കാരശുശ്രൂഷയിൽ രണ്ടാം ഭാഗത്തിലെ തിരുക്കർമ്മങ്ങൾക്കു മുഖ്യ കാർമ്മികത്വം വഹിച്ചു. പുറക്കാട് മാർ സ്ലീവാ ദൈവാലയത്തിൽ മാർ സ്ലീവായുടെയും വ്യാകുലമാതാവിന്റെയും തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാനയർപ്പിച്ചു.

25 ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്ത് ആഘോഷമായ പരി. കുർബാനയർപ്പിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജിൽ 'സംവിത്-2.0' മെഗാ എക്സിബിഷനോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ സംസാരിച്ചു. വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകാംഗം വെട്ടുവേലിക്കളം ജോസഫ് ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗം വാഴേപ്പറമ്പിൽ മേഴ്സി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

26 ചെത്തിപ്പുഴ കാർമ്മൽവില്ല സി.എം.സി. മഠത്തിൽ ബഹു. സിസ്റ്റർ റോസ് മാത്യു വെട്ടികാട് പുത്തൻപുരയ്ക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പൗരോഹിത്യ സ്വീകരണത്തിന്റെ രജത-സുവർണ്ണജൂബിലികളാഘോഷിക്കുന്ന അതിരൂപതയിലെ ബഹു. വൈദികരോടൊപ്പം ആഘോഷമായ പരി. കുർബാനയർപ്പിച്ചു. ഫാത്തിമാപുരം എസ്.എച്ച്. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ സംസാരിച്ചു. വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം പടനിലം മേരി ദേവസ്യായുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

27 നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗം പനക്കേഴം ബഹു. ജോർജ് അച്ചന്റെ പിതാവ് തോമസ് വർഗീസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

28 പാലമറ്റം ബേസ് തോമ ദയറായിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ ദീപിക തീവ്ര

പ്രചാരണത്തോടനുബന്ധിച്ച് അതിരൂപതാ ഡി.എഫ്.സി. യുടെയും കുടുംബ ക്കൂട്ടായ്മ ഡിപ്പാർട്ടുമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ നേതൃസംഗമത്തിൽ സംസാരിച്ചു. അതിരൂപതാ CARP ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ തുരുത്തി സെന്റ് മേരീസ് ഫൊറോനയിൽ നടത്തിയ ഫൊറോനാതല ബോധവൽക്കരണ യോഗത്തിൽ സംസാരിച്ചു. സീറോ മലബാർ വിദ്യാഭ്യാസകമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

29 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാന യർപ്പിച്ചു. ചുങ്കപ്പാറ ചെറുപുഷ്പ ഇടവകാംഗം കുമ്പിളുവേലിൽ മേരി ക്കുട്ടി മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുന്നന്താനം സെന്റ് ജോസഫ്സ് ഇടവകാംഗം പാലമൂട്ടിൽ പി.എം. എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അഞ്ചാ മത് ചങ്ങനാശേരി അതിരൂപത മഹായോഗത്തോടനുബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തിൽ സംസാരിച്ചു. അതിരൂപതാ CARP ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തിയ ഫൊറോനാതല ബോധവൽക്കരണ യോഗത്തിൽ സംസാരിച്ചു.

30 അതിരൂപതാകേന്ദ്രത്തിൽ നടത്തിയ 'അപ്പോസൽ' പ്രോഗ്രാമിന്റെ അവ ലോകന യോഗത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന അതിരൂപതാ പി.പി.എഫ്.എ. യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംസാ രിച്ചു. ചങ്ങനാശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന 22-ാമത് മോൺ. സിറിയക്ക് കണ്ടങ്കരി മെമ്മോറിയൽ അഖില കേരള ജനറൽ ക്വിസ് മത്സരത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ മഹായോഗത്തിന്റെ ഓൺലൈൻ സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

**ഒക്ടോബർ 2022**

01 ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്കയിൽ കാട്ടാംപള്ളി മേരിക്കുട്ടി ജോർജിന്റെ 41-ാം ചരമദിനത്തിൽ പരി. കുർബാനയർപ്പിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗം കരിങ്ങട ജെസ്സ അനിലിന്റെ മൃത ദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി അതിരൂപത എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ തെങ്ങണയിൽ നടത്തിയ മദ്യ-മയക്കുമരുന്ന് വിരുദ്ധ മാനവമോചന യാത്ര അഭിസംബോധന ചെയ്തു സംസാരിച്ചു. പള്ളാത്തുരുത്തി സെന്റ് തോമസ് ഇടവകയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

02 മാന്നില തിരുകുടുംബ പള്ളിയുടെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് നവീകരിച്ച ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം പങ്കുവച്ചു. ചമ്പക്കുളം ഓർശ്ലേം ചാപ്പലിൽ പോംപേ മാതാവിന്റെ തിരുനാൾ ആഘോഷത്തിൽ പങ്കുചേരുകയും തിരുനാൾ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അഞ്ചാമത് ചങ്ങനാശേരി അതിരൂപതാ

മഹായോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സ്വാഗതം പറയുകയും പങ്കെടുക്കുകയും ചെയ്തു.

03 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ ഇടവകാംഗം തുമ്പേച്ചിറയിൽ ബഹു. മാത്യു അച്ചന്റെ സഹോദരൻ ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. മല്ലപ്പള്ളി സി.എം.എസ്. ഹയർസെക്കൻഡറി സ്കൂളിൽ 104-മത് യുവജന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

04 വാഴപ്പള്ളി ഗത്സമനി കപ്പൂച്ചിൻ ആശ്രമദൈവാലയത്തിൽ വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയിൽനിന്നുവന്ന യുവജനങ്ങളെ കാണുകയും അവരുമായി സംവദിക്കുകയും ചെയ്തു. കഞ്ഞിക്കുഴിയിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിൽ ഏർപ്പെടുത്തിയ ഏകദിന പഠനശിബിരം 'ദിശ' എന്ന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

05 കറുകുറ്റി സെന്റ് ആന്റണീസ് ഇടവകാംഗം സിസ്റ്റർ റോസിയുടെ (എസ്.എം.എം.ഐ) മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അഞ്ചാമത് ചങ്ങനാശേരി അതിരൂപത മഹായോഗത്തിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം മേജർ സെമിനാരി ബ്രദേഴ്സിന്റെ ഗാതറിങ്ങിൽ സംസാരിച്ചു. DSHJ സന്യാസിനീസമൂഹത്തിനുവേണ്ടി 'സിനഡാത്മകചൈതന്യം' എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ സെമിനാർ നടത്തി.

06 സാരഥി ഓട്ടോ അംഗങ്ങളായ സ്നേഹധാര, ക്വീൻസ്, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരായുള്ള ബോധവത്ക്കരണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ദൈവദാസന്റെ കബറിടത്തിങ്കൽ പ്രാർത്ഥനാശുശ്രൂഷ നടത്തുകയും ചെയ്തു.

07 മണിമല ഹോളി മാഗി പള്ളിയിൽ പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകുകയും പുതുതായി നിർമ്മിച്ച റോസറി ഗാർഡൻ വെഞ്ചരിക്കുകയും ചെയ്തു.

08 എം.ജി. സർവ്വകലാശാലയുടെ ഡി-ലിറ്റ് അവാർഡ് കരസ്ഥമാക്കിയ ഡോ. സ്കറിയ സക്കറിയ സാറിന് ആദരം നൽകുന്നതിനായി പൗരാവലിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശിഷ്യ-സുഹൃദ് സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

09 ഷംഷാബാദിൽ നടന്ന മാർ തോമസ് പാടിയത്ത് പിതാവിന്റെയും മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെയും മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

11–14 കാനഡയിലെ മിസ്സിസാഗ സീറോ മലബാർ രൂപതയിലെ വൈദികർക്കും സിസ്റ്റേഴ്സിനും വാർഷികധ്യാനം നയിച്ചു.

15 നയാഗ്രയിൽ നടത്തിയ ചിക്കാഗോ–മിസ്സിസാഗ രൂപതകളുടെ യുവജന സംഗമം -SMYM കണക്റ്റ് 2022- ൽ പ്രഭാഷണം നടത്തി.


16 മിസ്സിസാഗ കത്തീഡ്രൽ പള്ളിയിൽ പരി. കുർബാനയർപ്പിക്കുകയും സൺഡേ സ്കൂൾ അധ്യാപകർ, ദമ്പതികൾ എന്നിവർക്ക് സെമിനാർ നയിക്കുകയും ചെയ്തു.

23 കാനഡയിലെ സ്കാർബറോ സീറോ മലബാർ പള്ളിയിൽ പരി. കുർബാന യർപ്പിച്ചു.

25 കുറിച്ചി മൈനർ സെമിനാരി ജൂബിലിയോടനുബന്ധിച്ചു നടന്ന ബാച്ച് ഗാതറിംഗിൽ പങ്കെടുത്തു.

26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ക്ലർജി കമ്മീഷൻ നടത്തിയ സെമിനാറിൽ പങ്കെടുത്തു.





# ENGAGEMENTS

## 2022 NOVEMBER

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | | Engaged |
| 02 | | *Presbyterium* |
| 03 | 06:00 am | Baptism @ Pulincunnoo |
| | 02:30 pm | Priestly Ordination @ Veroor |
| 04 | 03-04pm | Visitors |
| | 06:00 pm | Sanjeevani Board Meeting |
| 05 | 06:30 am | Holy *Qurbana* & Cemetry Blessing @ Rajamattom |
| | 02:30 pm | Priestly Ordination @ Chethipuzha |
| | 05:00 pm | Parish Hall Blessing @ Pulickalkavala |
| 06-11 | | CBCI General Assembly @ Bangalore |
| 12 | 10:00 am | First profession of FCC Congregation |
| | 04:00 pm | Holy *Qurbana* & Cemetry Blessing @ Vaisyambhagom |
| 13 | 09:00 am | Pastoral Visit @ Lourdes Matha, Ayroor |
| | 03:00 pm | Kuttanadu Meghala Convention |
| | 05:30 pm | Presbytery Blessing @ St Joseph, Kannady |
| 14 | 06:30 am | Holy *Qurbana* @ St Sebastian, Panayampala |
| | 10:00 am | Parents' Day @ St Thomas Minor Seminary, Kurichy |
| | 12:00 pm | Betrothal @ Veroor |
| 15 | 03:00 pm | St Thomas Hospital Monthly Evaluation Meeting |
| 16 | 03-04 pm | Visitors |
| 17 | 10:30 am | *Requiem Qurbana* @ Punnaveli |
| | 04:30 pm | Holy *Qurbana* & Jubilee Inauguration @ Kidangara |
| 18 | 03:00 pm | Inauguration of Arts and Science College @ Kuttichal |
| 19 | 06:30 am | Holy *Qurbana* @ Eravuchira |
| | 11:30 am | Marriage @ Fathimapuram |
| | 03:00 pm | Teachers Day |
| 20-22 | | Etawah Mission |
| 23 | 03-04 pm | Visitors |
| 24 | | Engaged |
| 25-30 | | Out of Station |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2022 NOVEMBER

| | | |
|---|---|---|
| 01 | | Episcopal Ordination @ Mananthavady |
| 02 | 09:00 am | *Presbyterium* |
| | 02:00 pm | Reception for Mar Thomas Padiyath |
| 03 | 06:30 am | Baptism @ Vadakkeveliyanadu |
| | 02:30-04:30 pm | Visitors |
| | 06:00 pm | Talk (Akhandaprarthana) @ Cathedral |
| 04 | 09:30 am | National Seminar @ Bharananganam |
| | 06:00 pm | CARP Meeting @ Thrickodithanam |
| 05 | | Holy *Qurbana* @ Thiruvananthapuram Lourdes |
| 06 | 07:00 am | Holy *Qurbana* @ Niranam Seminary |
| | 02:00 pm | Government Employees Meet @ Changanacherry |
| 07-11 | | CBCI |
| 12 | 09:00 am | Mathru-Pithruvedhi Kalolsavam Inauguration |
| | 11:00 am | Homily @ Nazrath, Nedumudy |
| | 02:30 pm | AKCC Leaders Meet @ Kurumpanadom |
| | 05:00 pm | Holy *Qurbana* @ Ettumanoor |
| 13 | 09:00 am | Parish Day @ Mithrakary |
| | 12:00 pm | Baptism @ Nazrath, Nedumudy |
| 14-18 | | Priests' Retreat @ Mavelikkara |
| 18 | 03:00 pm | Inauguration @ Lourdes Matha Arts and Science College, Kuttichal |
| 19 | 11:00 am | Holy *Qurbana* @ Adoration Convent, Nedumkunnam |
| | 02:00-03:30 pm | Visitors |
| 20-23 | | Hosur |
| 23 | 10:00 am | Sacerdotal Silver Jubilee @ Kakkanad |
| 24 | 02:30-04:30 pm | Visitors |
| | 06:30 pm | Class @ Niranam Seminary |
| 25 | 06:00 pm | CARP Meeting @ Champakulam |
| 26 | 06:30 am | Baptism @ Muhamma |
| | 09:30 am | Youth Meet @ Vaishyambhagom |
| | 11:30 am | Jubilee *Qurbana* @ Edathua |
| | 03:00 pm | Holy *Qurbana* @ Rajamattom |
| 27 | 04:00 pm | Holy *Qurbana* @ Thiruvananthapuram Lourdes |
| 28 | 11:30 am | Marriage@ Chethipuzha |
| 29 - December 02 | | CMI Deacon's Retreat @ Ernakulam |

# ആശംസകൾ



ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായ

**മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ തോമസ് പാടിയത്ത്**

എന്നിവർക്ക് ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

**VEDAPRACHARA MADHYASTAN VOL.95 No.05 November 2022**
Date of Publication: 31-10-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




"പ്രളയജലോപരിയ-
ന്നലകളിലിളകീടും
നോഹിൻ നൗകസമം
ജീവിതസാഗരമദ്ധ്യത്തിൽ
തിരുസ്സഭ രക്ഷാപേടകമാം.
പ്രാവന്നരുളിയ സന്ദേശം
റൂഹാ നല്കിത്തിരുസ്സഭയെ
സാനന്ദം-രക്ഷിച്ചരുളുന്നു."

(പള്ളിക്കൂദാശക്കാലം, ചൊവ്വ റംശാ)

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org